# റബ്ബർ

നവംബർ 2025 • വാർഷികവരിസംഖ്യ ₹100

- റബ്ബർകൃഷിയിൽ ഇനങ്ങളുടെ പ്രസക്തിയും പരിമിതികളും
- നിയന്ത്രിതകമിഴ്ത്തിവെട്ട്
- ടാപ്പിങ്തൊഴിലാളികൾക്ക് ഇൻഷ്വറൻസ്
- റബ്ബർമാസിക@60
- പ്രകൃതിയോട് ഇണങ്ങാൻ ഒരു കൂട്ടായ്മ



## വേനലിലും റബ്ബർ കരുത്തോടെ വളരാൻ

# കപ്പുതൈകൾ സുരക്ഷിതമായി എത്തിച്ചുതരുന്നതിന് പ്രത്യേക വാഹന സംവിധാനമുള്ള കപ്പുതൈ റബ്ബർ നഴ്സറി



അടുത്ത സീസണിലേക്ക്
വണ്ടർ റൂട്ട് തൈകളുടെ
ബുക്കിംഗ്

**ആരംഭിച്ചിരിക്കുന്നു..!**

CHEERAKUZHY
**Wonder Root**
ROOT TRAINER RUBBER PLANT

UNION MKD



ചീരക്കുഴി
CHEERAKUZHY ®

Karshakasree K C Kuraikose
**CHEERAKUZHY RUBBER NURSERY & RESEARCH CENTRE PVT. LTD.**

Kottappuram P.O, Sreekrishnapuram, Palakkad-679 513
Ph: 08592900400, 9747500600
09447011047, 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com

714

# റബ്ബർ

നവംബർ 2025


**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 0481 2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ-മെയിൽ: ppr@rubberboard.org.in

facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622

എക്സിക്യൂട്ടീവ് ഡയറക്ടർ :
**എം. വസന്തഗേശൻ ഐ.ആർ.എസ്.**

എഡിറ്റർ :
**ബി. ശ്രീകുമാർ**

അസിസ്റ്റന്റ് എഡിറ്റർ :
**കെ.കെ. ബെന്നി**

**വാർഷികവരിസംഖ്യ: 100 രൂപ**

**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ
ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി,
റബ്ബർബോർഡ്, കോട്ടയം - 686 002
എന്ന വിലാസത്തിൽ അയയ്ക്കുക.



*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*


## ഉള്ളടക്കം


06 | വേനലിലും റബ്ബർ കരുത്തോടെ വളരാൻ
11 | റബ്ബർകൃഷിയിൽ ഇനങ്ങളുടെ പ്രസക്തിയും പരിമിതികളും
16 | വേനലിൽ കൂടുതൽ ആദായം നേടാൻ നിയന്ത്രിതകമിഴ്ത്തിവെട്ട്
20 | ടാപ്പിങ്ങ്തൊഴിലാളികൾക്ക് അഞ്ചുലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ
22 | റബ്ബർമാസിക@60
25 | പ്രകൃതിയോട് ഇണങ്ങാൻ ഒരു കൂട്ടായ്മ
28 | കോൾ സെന്റർ
33 | കൃഷിപ്പണികൾ
36 | പരിശീലനങ്ങൾ
38 | ഗ്രാമകേരളം
40 | വിപണി
42 | തോട്ടത്തിലാശാൻ




# പരിചരണമുറകളിൽ ശ്രദ്ധിക്കുക

തുലാവർഷം ഏതാണ്ട് പെയ്തുതീരാറായി. ഇനി ഉണക്കിന്റെ കാലമാണ് വരുന്നത്. പൊതുവെ മഴയെ മാത്രമാശ്രയിച്ചുള്ള റബ്ബർകൃഷിയിൽ വേനൽകാലപരിചരണങ്ങൾക്ക് പ്രാധാന്യം ഏറെയുണ്ട്. ചെറുതൈകളെ, പ്രത്യേകിച്ചും ഈ വർഷം നട്ട തൈകളെ വേനൽ ബാധിക്കാതിരിക്കാൻ വേണ്ട സംരക്ഷണനടപടികൾ സ്വീകരിക്കണം. തൈകളുടെ ചുവട്ടിൽ പുതയിടുന്നത് മണ്ണിലെ ഈർപ്പം നഷ്ടപ്പെടാതിരിക്കാൻ സഹായിക്കും. തുലാവർഷം പെയ്തുതീരുന്നതിനു മുന്നേ പുതയിടുന്നതാണ് മണ്ണിൽ ഈർപ്പം കൂടുതൽ നാൾ നിലനിർത്താൻ ഉത്തമം. അതുപോലെതന്നെ മഴക്കാലത്ത് റെയിൻഗാർഡ് ചെയ്യാത്തതിനാൽ ടാപ്പുചെയ്യാൻ കഴിയാതിരുന്ന മരങ്ങളിൽ മഴ മാറുന്നതോടെ ടാപ്പിങ് പുനരാരംഭിക്കാം. അസ്സൽപട്ടകൾ ടാപ്പുചെയ്ത് തീർന്ന മരങ്ങളിൽ നിയന്ത്രിതകമിഴ്ത്തിവെട്ട് തുടങ്ങുന്നതിന് പറ്റിയ സമയവും ഇപ്പോഴാണ്. വേനലിൽ കൂടുതൽ ആദായം കിട്ടാൻ ഉതകുന്ന ഒരു ടാപ്പിങ്‌രീതിയാണ് നിയന്ത്രിതകമിഴ്ത്തിവെട്ട്.

വേനൽകാലത്ത് റബ്ബറിന്റെ സംരക്ഷണത്തിനുവേണ്ടി ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും നിയന്ത്രിതകമിഴ്ത്തിവെട്ടിനെക്കുറിച്ചും വിശദീകരിക്കുന്ന ലേഖനങ്ങൾ ഈ ലക്കത്തിൽ ഉൾപെടുത്തിയിട്ടുണ്ട്. ശാസ്ത്രീയമായ പരിചരണമുറകളും വിളവെടുപ്പുരീതികളും നടപ്പാക്കിയാൽ മാത്രമേ ഇന്ന് റബ്ബർകൃഷി ലാഭകരമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ.

- എഡിറ്റർ



# ആഗോള റബ്ബർവിപണിയിലെ വെല്ലുവിളികൾ

ആഗോള പ്രകൃതിദത്തറബ്ബർവിപണി ഇന്ന് ചില വെല്ലുവിളികൾ നേരിടുന്നു. റബ്ബറിന്റെ ലഭ്യതയും ആവശ്യകതയും തമ്മിൽ അന്തരം നിലനിൽക്കുന്നുണ്ട്. പ്രകൃതിദത്ത റബ്ബറുത്പാദക രാഷ്ട്രങ്ങളുടെ സംഘടനയായ എ.എൻ.ആർ.പി.സി (Association of Natural Rubber Producing Countries-ANRPC)-യുടെ പ്രവചനമനുസരിച്ച് തെക്കുകിഴക്കൻ രാജ്യങ്ങളിലെ റബറുത്പാദന പ്രവണതകൾ വ്യത്യസ്തമായാണ് കാണുന്നത്. തായ്ലാൻഡും ചൈനയും യഥാക്രമം 1.2 ശതമാനവും 6 ശതമാനവും ഉത്പാദനവളർച്ച പ്രതീക്ഷിക്കുമ്പോൾ ഇന്തോനേഷ്യയിൽ പ്രതികൂലകാലാവസ്ഥയും പ്രായമായ റബ്ബർമരങ്ങളും കാരണം ഏകദേശം 9.8 ശതമാനം വരെ ഉത്പാദനത്തിൽ ഇടിവ് പ്രതീക്ഷിക്കുന്നു. മലേഷ്യയിലും വിയറ്റ്നാമിലും ഉത്പാദനം യഥാക്രമം 1.3 ശതമാനവും 4.2 ശതമാനവും കുറയുമെന്ന് കണക്കാക്കുന്നു. ഈ സ്ഥിതിവിശേഷം വിപണിയിൽ അസ്ഥിരത സൃഷ്ടിക്കാനിടയാകും.

ആഗോള പ്രകൃതിദത്തറബ്ബർവിപണിയും മെച്ചപ്പെടുന്നതായി കാണുന്നില്ല. പ്രധാന റബ്ബർഉപഭോക്തൃരാജ്യമായ ചൈനയിൽ, 'ഗോൾഡൻ വീക്ക്' അവധിക്കാലത്തിനു ശേഷവും വില താഴ്ന്നു നിൽക്കുന്നു. സാധാരണ ഈ കാലയളവിന് ശേഷം വില ഉയരാറുണ്ട്. തുറമുഖ ഗോഡൗണുകളിലെ സ്റ്റോക്ക് കുറഞ്ഞുകൊണ്ടിരിക്കുമ്പോഴും ഉയർന്ന ഉത്പാദനച്ചെലവും കുറഞ്ഞ ആവശ്യകതയുമാണ് വിപണിക്ക് തടസമാകുന്നത്.

ചില വ്യാപാര പ്രശ്നങ്ങളും സങ്കീർണ്ണത സൃഷ്ടിക്കുന്നു. കോമ്പൗണ്ടഡ് റബ്ബർ കയറ്റുമതി വർദ്ധിച്ചിരിക്കുന്നു. ഇത് HS 4002 HS 4005 എന്ന താരിഫ് നിരക്കിലാണ് ഉൾപ്പെട്ടിട്ടുള്ളത്. മലേഷ്യയും ഇന്തോനേഷ്യയും കുറഞ്ഞ നികുതിനിരക്കിൽ ഇത്തരം കോമ്പൗണ്ടഡ് റബ്ബറിന്റെ ഇറക്കുമതിയോട് ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. ഇത് പ്രകൃതിദത്തറബ്ബർവിലയെ ബാധിക്കാനിടയുണ്ട്. ആഗോള റബ്ബർവിപണിക്ക് പ്രതികൂലമാകാനും പുതിയ നിയമനിർമാണങ്ങൾക്ക് വഴിവയ്ക്കാനും ഇത് കാരണമാകാം.

ഈ വെല്ലുവിളികൾക്കിടയിലും റബ്ബർവ്യവസായം സുസ്ഥിരതയിലേക്ക് ചവടുവയ്ക്കുന്നു. പ്രധാന ഉത്പാദകരാജ്യങ്ങൾ സുസ്ഥിര ഉത്പാദനത്തെ ബിസിനസ് ലക്ഷ്യങ്ങൾക്കപ്പുറം സാമൂഹിക പ്രതിബദ്ധതയായി കാണുന്നു. ടയർ നിർമാണ കമ്പനികൾ വനനാശനമില്ലാത്ത, ഉത്തരവാദിത്വത്തോടെ ഉത്പാദിപ്പിച്ച റബ്ബർ വാങ്ങാനാണ് താൽപര്യപ്പെടുന്നത്.

മലേഷ്യൻ സസ്റ്റെയ്നബിൾ നാച്ചുറൽ റബ്ബർ (Malaysian Sustainable Natural Rubber - MSNR) എന്ന പദ്ധതിയിലൂടെ മലേഷ്യ വ്യവസ്ഥാപിതമായ റബ്ബറുത്പാദനം ഉറപ്പാക്കാനുള്ള തയ്യാറെടുപ്പിലാണ്. ഇന്ത്യയും ഭാരത് സസ്റ്റെയ്നബിൾ നാച്ചുറൽ റബ്ബർ (Bharat Sustainable Natural Rubber - BSNR) എന്ന പദ്ധതിയിലൂടെ ആഗോള സുസ്ഥിര നിർദ്ദേശങ്ങൾ അനുസരിച്ചുള്ള വിതരണശൃംഖല (supply chain) സുതാര്യമാക്കാനുള്ള പ്രവർത്തനങ്ങളിലാണ്.

ഇത്തരം സുസ്ഥിര പദ്ധതികൾ സ്വീകരിക്കുന്നതിലൂടെ റബ്ബറുത്പാദകരാജ്യങ്ങൾക്ക് പരിസ്ഥിതിസംരക്ഷണവും മികച്ച വിലയും നേടുന്നതിനു പുറമേ അനിശ്ചിതമായ ആഗോള വിപണിയിൽ സ്ഥിരതയും കരുത്തും നേടാനാകുമെന്ന് പ്രതീക്ഷിക്കാം.

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്





ഡോ. ഫേബ ജോസഫ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# വേനലിലും റബ്ബർ കരുത്തോടെ വളരാൻ

മറ്റു പല വിളകളുമായി താരതമ്യം ചെയ്യുമ്പോൾ വേനലിനെ അതിജീവിക്കാൻ കൂടുതൽ കഴിവുള്ള ഒരു വിളയാണ് റബ്ബർ. അതുകൊണ്ടാണ് ശരാശരി മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ മഴയെ മാത്രം ആശ്രയിച്ച് ഈ വിള കൃഷി ചെയ്യാൻ സാധിക്കുന്നത്. നടുന്നതിനായി മണ്ണൊരുക്കുന്നതു മുതൽ കുറച്ചു കാര്യങ്ങൾ ശ്രദ്ധിച്ചാൽ വേനൽകാലത്തും റബ്ബർ കരുത്തോടെ വളരും. ശാസ്ത്രീയമായ പരിപാലനമുറകൾ ശരിയായ സമയത്ത് നടപ്പാക്കുക എന്നതും വളരെയധികം പ്രാധാന്യമർഹിക്കുന്നു. ഇതിന് അധികച്ചെലവൊന്നും കാര്യമായി വരുന്നുമില്ല.

ആഗോളതാപനഫലമായി കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ മറ്റ് കാർഷികവിളകളെ എന്നപോലെ റബ്ബറിന്റെയും വളർച്ച, ഉത്പാദനക്ഷമത എന്നിവയെ സാരമായി ബാധിക്കുന്നുണ്ട്. വേനൽകാലത്തെ ചൂടിന്റെ തീവ്രത ഓരോ വർഷവും കൂടിവരുന്ന ഈ സാഹചര്യത്തിൽ നഴ്സറിയിലെ റബ്ബർതൈകളെയും തോട്ടത്തിൽ നട്ടിരിക്കുന്ന ചെറുതൈകളെയും ഉണക്ക് ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ഒരു ദീർഘകാലവിളയായ റബ്ബറിൽ തുടക്കം മുതൽ കരുതലോടെ കൃഷി നടത്തിയില്ലെങ്കിൽ അത് വർഷങ്ങൾ നീണ്ടുനിൽക്കുന്ന നഷ്ടത്തിനിടയാക്കും. അതിനാൽ, കൃഷിയുടെ പ്രാരംഭകാലം മുതൽ തന്നെ മണ്ണിൽ പരമാവധി ഈർപ്പം നിലനിർത്തുന്നതിന് സഹായിക്കുന്ന പരിചരണമുറകൾ സ്വീകരിക്കാൻ ശ്രദ്ധിക്കണം. ഇവ തോട്ടത്തിൽ സമയബന്ധിതമായി നടപ്പാക്കിയാൽ വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും റബ്ബറിൽനിന്ന് ദീർഘകാലം സുസ്ഥിരമായ ഉത്പാദനം ഉറപ്പാക്കുന്നതിനും സാധിക്കും.

### നഴ്സറികളിൽ

നടീൽവസ്തുക്കൾ ഗുണമേന്മയോടെ ഉത്പാദിപ്പിക്കുന്നതിന് നഴ്സറികളിലെ പരിപാലനം വളരെ പ്രധാനപ്പെട്ടതാണ്. നഴ്സറികൾ തുറസ്സായ സ്ഥലങ്ങളിൽ ആയതിനാൽ സൂര്യപ്രകാശം നേരിട്ട് പതിച്ച് മണ്ണിലെ ഈർപ്പം നഷ്ടപ്പെടാനുള്ള സാധ്യത കൂടുതലാണ്. തൈത്തവാരണകളിൽ ചെറുതൈകളുടെ തണ്ട് മണ്ണുമായി ചേരുന്ന ഭാഗത്ത് ഉണക്ക് ബാധിച്ച് തൈകൾ മുഴുവനായി ഉണങ്ങി നശിക്കാറുണ്ട്. വേനൽകാലത്ത് തൈകൾക്ക് ചുറ്റുമുള്ള മണ്ണ് ക്രമാതീതമായി ചൂടാകുന്നതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. തൈകൾക്ക് ചുറ്റുമുള്ള തടങ്ങളിൽ ഉണങ്ങിയ ഇലകളും തോട്ടപ്പയറുമൊക്കെ ഉപയോഗിച്ച് നന്നായി പുതയിടുന്നതിലൂടെ മണ്ണിലെ ഈർപ്പം നിലനിർത്താം. പുല്ലും ചെറിയ കളകളും മറ്റും ചവർ വെയ്ക്കാനായി ഉപയോഗിച്ചാൽ അവയുടെ വിത്തുകൾ നഴ്സറിത്തടങ്ങളിൽ വീഴുകയും തടങ്ങൾ നനയ്ക്കുമ്പോൾ ലഭിക്കുന്ന ഈർപ്പത്തിൽ അവ കിളിർക്കുകയും ചെയ്യും. പച്ചയിലകൾ പുതയിടാനായി ഉപയോഗിക്കരുത്. അവ ഉണങ്ങുമ്പോൾ ചൂടുണ്ടാകുകയും തടങ്ങളിലെ ചൂട് കൂടുന്നതിന് ഇടയാകുകയും ചെയ്യും. ഇതു ഗുണത്തേക്കാളേറെ ദോഷം ചെയ്യും. തൈകളുടെ ചുവട്ടിൽ നിന്ന് അൽപം അകലത്തിൽ വേണം ചവർ വെയ്ക്കാൻ. കൂടത്തൈ / കപ്പുതൈ നഴ്സറികളിൽ പന്തൽ കെട്ടി തൈകൾക്ക് തണൽ നൽകേണ്ടതാണ്. കൂടാതെ തവാരണകളിൽ പാകുന്നതു മുതൽ തൈകളുടെ എല്ലാ വളർച്ചാഘട്ടങ്ങളിലും ക്രമമായി ജലസേചനം നടത്തുകയും വേണം. വേണ്ടത്ര വെള്ളം ലഭിക്കാതെ വളർച്ച മുരടിച്ച തൈകൾ പിന്നീട് തോട്ടത്തിലേക്ക് മാറ്റി നടുമ്പോഴും നന്നായി വളരുകയില്ല. വ്യാവസായികാടിസ്ഥാനത്തിൽ നടത്തിവരുന്ന നഴ്സറികളിൽ പലപ്പോഴും അമിതജലസേചനം നടത്തുന്നതായി കണ്ടുവരുന്നു. വെള്ളത്തിന്റെ ദുരുപയോഗം പരമാവധി കുറച്ച് തൈച്ചുവടുകൾ അല്ലെങ്കിൽ കപ്പുകൾ മാത്രം നനയുന്ന തരത്തിലുള്ള ജലസേചനരീതി (മൈക്രോ ഇറിഗേഷൻ സിസ്റ്റം) അനുവർത്തിക്കുന്നത് പ്രയോജനകരമായിരിക്കും.

### നിലമൊരുക്കുമ്പോൾ

നടീലിനു മുന്നോടിയായി നിലമൊരുക്കുന്ന സമയത്ത് വരൾച്ചയുടെ സാധ്യതകൾ മുൻകൂട്ടി കണ്ട് ആവശ്യമായ മണ്ണു-ജലസംരക്ഷണനടപടികൾ കൈക്കൊള്ളേണ്ടത് അത്യാവശ്യമാണ്. ചെരിവുള്ള ഭൂമിയിൽ മഴക്കാലത്ത് പരമാവധി വെള്ളം പിടിച്ചുനിർത്തുന്നതിന് സഹായിക്കുന്ന രീതിയിൽ കോണ്ടൂർ നിരപ്പുതട്ടുകൾ എടുക്കാനും ഇടക്കയ്യാലകൾ നിർമിക്കാനും ശ്രദ്ധിക്കണം. അതുപോലെ തന്നെ റബ്ബർ നടാൻ സ്ഥലം തെരഞ്ഞെടുക്കുമ്പോൾ തീരെ മണ്ണാഴം കുറഞ്ഞതും നിരപ്പുപാറയോ കടുപ്പമേറിയ കല്ലോ കൂടുതൽ ഉള്ളതുമായ ഭാഗങ്ങൾ ഒഴിവാക്കണം. ഈ പ്രദേശങ്ങളിൽ തൈകൾ ആദ്യവർഷങ്ങളിൽ കരുത്തോടെ വളരുമെങ്കിലും ക്രമേണ തൈയുടെ വേര് പാറയിലോ കല്ലിലോ തട്ടുകയും ജലാംശം കുറഞ്ഞ മണ്ണിൽ തൈകൾ വേനൽകാലത്ത് പെട്ടെന്നുണങ്ങുകയും ചെയ്യും.

### ഇനങ്ങൾ തെരഞ്ഞെടുക്കുമ്പോൾ

വേനലിനെ അതിജീവിക്കാൻ കഴിവുള്ളതും അത്യുത്പാദനശേഷിയുള്ളതുമായ നടീലിനങ്ങൾ തെരഞ്ഞെടുക്കണം. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്ത ആർആർഐഐ 430 പോലുള്ള ഇനങ്ങൾക്ക് ആർആർഐഐ 105-നെ അപേക്ഷിച്ച് വരൾച്ചയെ അതിജീവിക്കാനുള്ള കഴിവുണ്ട്. അതുപോലെ കൂടകളിലോ കപ്പുകളിലോ നേരിട്ടു വിത്ത് പാകി ബഡ്ഡുചെയ്ത് ഉത്പാദിപ്പിക്കുന്ന തൈകൾക്ക് ഒട്ടുതൈക്കുറ്റികൾ നട്ടുണ്ടാക്കുന്ന തൈകളേക്കാൾ കൂടുതൽ ദൃഢമായ വേരുപടലമുള്ളതിനാൽ ഇപ്രകാരം വളർത്തിയെടുത്ത തൈകൾക്ക് വരൾച്ചയെ പ്രതിരോധിക്കാനുള്ള കഴിവ് കൂടുതലാണ്.

### തൈകൾ നടുമ്പോൾ

തൈകൾക്ക് മഴയുടെ പ്രയോജനം പൂർണമായും ലഭിക്കത്തക്കവിധം നടീൽസമയം ക്രമീകരിക്കണം. കാലവർഷാരംഭത്തിൽ തന്നെ തൈനടീൽ പൂർത്തിയാക്കണം. റബ്ബർതോട്ടങ്ങളിലെ ചെറുതൈകളിൽ തണ്ടിന്റെ ചുവടുഭാഗത്ത്, പ്രത്യേകിച്ചും തെക്കും പടിഞ്ഞാറും ഭാഗങ്ങളിലാണ് സാധാരണഗതിയിൽ സൂര്യാഘാതം കൂടുതൽ ഏൽക്കുന്നത്. ഉണക്ക് ബാധിച്ച ഭാഗത്ത് തൊലി ഉണങ്ങുകയും ചിലപ്പോൾ തൊലി പൊട്ടി റബ്ബർപാൽ ഒഴുകുകയും ചെയ്യും. തൈകൾ നടുമ്പോൾ ഒട്ടുകണ്ണിൽ സൂര്യപ്രകാശം നേരിട്ട് അടിക്കുന്നത് തടയാൻ ഒട്ടുകണ്ണ് വടക്കുകിഴക്ക് ദിശയിലായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.



*തൈകൾ നടുന്നതിനായി നിരപ്പുതട്ടുകൾ എടുത്തിരിക്കുന്നു*



*നീർക്കുഴികളെടുക്കുന്നു*

**അപകാകാലത്തെ പുതവെയ്ക്കൽ**

വേനലിന്റെ കാഠിന്യത്തിൽനിന്ന് തൈമരങ്ങളെയും മണ്ണിനെയും സംരക്ഷിക്കുന്നതോടൊപ്പം തൈകളുടെ വളർച്ചയെ ത്വരിതപ്പെടുത്താൻ സഹായിക്കുന്ന ഒരു ഉത്തമ പരിപാലനമുറയാണ് പുതയിടൽ. തുലാവർഷം പെയ്തുതീരുന്നതിനു തൊട്ട് മുന്നേ പുതയിട്ടാൽ മണ്ണിൽ പരമാവധി ഈർപ്പം സംരക്ഷിക്കപ്പെടുകയും തൈകളുടെ ചുവട്ടിലെ മണ്ണിൽ സൂര്യപ്രകാശം നേരിട്ട് പതിക്കാത്തതി നാൽ ദീർഘകാലത്തേക്ക് മണ്ണുണങ്ങാതെ അതിന്റെ പ്രയോജനം തൈകൾക്ക് കിട്ടുകയും ചെയ്യും. പല കർഷ കരും വേനൽ കടുത്തതിനുശേഷമാണ് പുതയിടുന്നത്. ഇത് വേണ്ടത്ര പ്രയോജനം ചെയ്യില്ല. പുതയിടുന്നതിന് മുന്നേ തൈകളുടെ ചുവട്ടിലെ കളകൾ നീക്കി മണ്ണ് ചെറുതായിട്ടൊന്ന് ഇളക്കുന്നത് നല്ലതാണ്. തൈകളുടെ വേരിന് ക്ഷതമേൽക്കാത്തരീതിയിൽ വേണം മണ്ണിളക്കാൻ. ഒരു മുപ്പല്ലി (ഫോർക്ക്) ഉപയോഗിച്ച് നാലഞ്ചു സെന്റീ മീറ്റർ ആഴത്തിൽ ചെറുതായി മേൽമണ്ണ് ഒന്നു പൊട്ടിച്ചു കൊടുത്താൽ മതി. ഇതു ചെയ്യുന്നതുകൊണ്ട് മണ്ണിലെ സൂക്ഷ്മരന്ധ്രങ്ങൾ (capillary tubes) വഴി വെള്ളം മണ്ണിനു മുകളിൽ എത്തി നീരാവിയായിപ്പോകുന്നത് തടയാൻ കഴിയും. മാത്രമല്ല, പുതയിട്ടശേഷം വല്ലപ്പോഴും കിട്ടാ റുള്ള വേനൽമഴയിൽ പരമാവധി വെള്ളം മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്നതിനും ഇത് സഹായിക്കുന്നു.

പുതയിടുന്നതിനായി ഏതുതരം ജൈവവസ്തുക്കളും ഉപയോഗിക്കാം. തൈകൾക്കു ചുറ്റുമായി തൈകളുടെ തണ്ടിൽനിന്ന് 5–10 സെ.മീ. അകലത്തിൽ വേണം പുതയി ടാൻ. നന്നായി ഉണങ്ങിയ ജൈവവസ്തുക്കളാണ് പുതയി ടാൻ ഉത്തമം. തോട്ടത്തിൽ നിന്ന് നീക്കം ചെയ്യുന്ന കളകൾ, ചപ്പുചവറുകൾ, കരിയില, കറകളഞ്ഞ ചകിരി ച്ചോറ്, വൈക്കോൽ, ചകിരിത്തൊണ്ട്, ആവരണവിളക ളുടെ വള്ളികൾ തുടങ്ങി വിവിധതരത്തിലുള്ള ജൈവ വസ്തുക്കൾ പുതയിടാനായി ഉപയോഗിക്കാവുന്നതാണ്. പച്ചിലകളും വള്ളികളും വെട്ടി, രണ്ടോ മൂന്നോ ദിവസം തോട്ടത്തിൽ തന്നെയിട്ട് ഉണക്കിയശേഷം വേണം തൈകളുടെ ചുവട്ടിൽ വയ്ക്കാൻ. പച്ചിലകൾ അഴുകു മ്പോളുണ്ടാകുന്ന ചൂടേറ്റ് തൈത്തണ്ടിന് കേടുപറ്റാതിരി ക്കാനാണ് ഇങ്ങനെ ചെയ്യുന്നത്.

ജൈവവസ്തുക്കൾ ആവശ്യാനുസരണം കിട്ടാത്ത സാഹചര്യത്തിൽ പ്ലാസ്റ്റിക് പുതകളും ഉപയോഗിക്കാം. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം നടത്തിയ പരീക്ഷണ ങ്ങളിൽ 'പോളിപ്രോപ്പിലിൻ വീവൻ ഫേബ്രിക്' പുതയിടു ന്നതിന് ഫലപ്രദമാണെന്ന് കണ്ടു. ഇതിന് അൾട്രാവയലറ്റ് രശ്മികളെ ചെറുക്കാനുള്ള കഴിവുള്ളതിനാൽ ഏകദേശം നാല് വർഷത്തോളം വലിയ കേടുപാടുകൾ കൂടാതെ ഉപയോഗിക്കാൻ കഴിയും. പ്ലാസ്റ്റിക് നാട ഉപയോഗിച്ച് ഉണ്ടാക്കിയിരിക്കുന്നതിനാൽ അവയിൽ ഇടയ്ക്ക് സൂക്ഷ്മമായ സുഷിരങ്ങൾ ഉണ്ട്. ഈ സുഷിരങ്ങൾ വായു സഞ്ചാരം ഉറപ്പുവരുത്തുകയും മഴവെള്ളം മണ്ണിലേക്കിറ ങ്ങാൻ അനുവദിക്കുകയും ചെയ്യുന്നു. ഇതിന് പ്രാരംഭ ചെലവ് കൂടുതലാണെങ്കിലും ഓരോ വർഷവും ആവർത്തനക്കൃഷിചെയ്യുന്ന എസ്റ്റേറ്റ് മേഖലയിൽ 'പോളിപ്രോപ്പിലിൻ വീവൻ ഫേബ്രിക്' കൊണ്ട് പുത യിടുകയും അവ പുനരുപയോഗം നടത്തുകയും ചെയ്താൽ ലാഭകരമായിരിക്കും

**തണൽ നൽകൽ**

ചെറിയ തൈകളെ വേനലിൽ നിന്ന് സംരക്ഷിക്കുന്ന തിന് മെടഞ്ഞ ഓല, പേപ്പർ, വെളുത്ത പോളിത്തീൻ ഷീറ്റ്, ചാക്ക്, വൈക്കോൽ എന്നിവയിലേതെങ്കിലും ഉപയോഗിച്ച് തൈകൾ മറച്ചു കെട്ടാവുന്നതാണ്. ആദ്യവർഷങ്ങളിൽ വാഴ ഇടവിളയായി കൃഷിചെയ്യുന്നത് റബ്ബർതൈകൾക്ക് തണലേകുകയും വരൾച്ചയുടെ കാഠിന്യം കുറയ്ക്കുകയും ചെയ്യും.



*ആവരണവിളകൾ പടർത്തിയിരിക്കുന്ന തോട്ടം*



*ചെറുതൈകൾക്ക് പുതയിടുന്നു*

**ആവരണവിളകൾ/ഇടവിളകൾ/ജൈവവേലികൾ**

വേനൽകാലത്ത് സൂര്യപ്രകാശം നേരിട്ട് മണ്ണിൽ പതിക്കുന്നത് മണ്ണിന്റെ ആരോഗ്യത്തെ ബാധിക്കുകയും മഴക്കാലത്ത് മഴവെള്ളം നേരിട്ട് മണ്ണിൽ പതിക്കുന്നത് മണ്ണൊലിപ്പ് കൂട്ടുകയും ചെയ്യും. മ്യൂക്കുണ, പ്യൂറേറിയ, കലപ്പഗോണിയം തുടങ്ങിയ ആവരണവിളകളും വിവിധ തരം ഇടവിളകളും നട്ടുപിടിപ്പിക്കുന്നത് മണ്ണിന് നല്ലൊരു ആവരണമായി മാറുകയും മണ്ണിലെ ജലാംശം നഷ്ടപ്പെടുന്നത് ഒരു പരിധിവരെ കുറയ്ക്കുകയും ചെയ്യുന്നു. സസ്യാവശിഷ്ടങ്ങൾ മണ്ണിലെ ജൈവാംശം വർദ്ധിപ്പിക്കുന്നതിനാൽ മണ്ണിന്റെ ജലാഗിരണശേഷിയും ജലസംഭരണശേഷിയും കൂട്ടുകയും ചെയ്യും. ആവരണവിളകളും ഇടവിളകളും ഇല്ലാത്ത തോട്ടങ്ങളിൽ ഇടനിരകളിൽ റബ്ബറിന് ദോഷകരമല്ലാത്ത രീതിയിൽ കളകളെ വളരാനനുവദിച്ചാൽ മണ്ണിലെ ജലാംശം നഷ്ടപ്പെടുന്നത് തടയുന്നതിനും വേനൽകാലത്ത് മണ്ണിൽ ഈർപ്പം നിലനിർത്തുന്നതിനും സാധിക്കും. റബ്ബർകൃഷിയുടെ ആദ്യവർഷങ്ങളിൽ നിരപ്പുതട്ടുകളുടെ പുറംഅരികിലൂടെ രാമച്ചവേലികൾ വെച്ചുപിടിപ്പിക്കുന്നത് മണ്ണിന്റെ ജലാഗിരണശേഷിയും ജലസംഭരണശേഷിയും വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ഉപാധിയാണ്.

**നീർക്കുഴികൾ അഥവാ മഴക്കുഴികൾ**

മഴവെള്ളം ഭൂമിയിൽ ആഴ്ത്താൻ പറ്റുന്ന വളരെ ഫലപ്രദമായ ഒരു മാർഗമാണ് നീർക്കുഴികൾ അഥവാ മഴക്കുഴികൾ. 120 സെ.മീ. നീളവും 45 സെ.മീ. വീതിയും 75 സെ.മീ. ആഴവുമുള്ള മഴക്കുഴികൾ ഇടനിരകളിലാണെടുക്കേണ്ടത്. ഒരു ഹെക്ടർ തോട്ടത്തിൽ 250 മഴക്കുഴികൾ വരെ എടുക്കാവുന്നതാണ്.

**ജലസേചനം**

റബ്ബർതോട്ടങ്ങളിൽ ജലസേചനം അപ്രായോഗികമാണെങ്കിലും മഴയുടെ കുറവ്, മഴ പെയ്യുന്ന കാലത്തിലും പെയ്യുന്ന രീതിയിലും വന്നിട്ടുള്ള മാറ്റങ്ങൾ എന്നിവ കണക്കിലെടുത്ത് വരൾച്ച കൂടുതൽ അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ തൈകൾ പിടിച്ചുകിട്ടാനും വേനലിനെ അതിജീവിക്കാനും ആദ്യവർഷങ്ങളിൽ പരിമിതമായ ജലസേചനം ആവശ്യമായി വരുന്നു. ഇപ്രകാരം തൈച്ചുവട് മിതമായി നനച്ചുകൊടുക്കാൻ 'സബ്സോയിൽ ഇൻജക്ടർ' ഉപയോഗിക്കാം. വർഷകാലത്ത് ലഭ്യമാകുന്ന ജലം പാഴാക്കാതെ കുളങ്ങൾ, കിണറുകൾ, ചിറകൾ, പോളിത്തീൻ ഷീറ്റ് (സിൽപോളിൻ) പാകിയ കുഴികൾ അല്ലെങ്കിൽ പ്രത്യേക ജലസംഭരണികൾ എന്നിവയിൽ ശേഖരിക്കുകയാണെങ്കിൽ ഭാവിയിൽ ജലസേചനത്തിനായി ഉപയോഗിക്കാവുന്നതാണ്.

**വെള്ളപൂശൽ**

തൈകളുടെ രണ്ടാംവർഷം മുതൽ ഇലപ്പടർപ്പ് കൂട്ടിമുട്ടി തോട്ടത്തിൽ തണലാകുന്നതുവരെയുള്ള കാലയളവിൽ തൈകളുടെ ചുവടുമുതൽ കവര വരെ തൊലിയിൽ തവിട്ടുനിറമെത്തിയ ഭാഗത്ത് വെയിലിന്റെ ചൂടേൽക്കാതിരിക്കാൻ ചുണ്ണാമ്പോ കളിമണ്ണോ (ചൈനാക്ലേ) ഉപയോഗിച്ച് വെള്ളപൂശണം. വെള്ളപൂശാനുപയോഗിക്കുന്ന ചുണ്ണാമ്പിനോടൊപ്പം തുരിശ് ചേർക്കേണ്ട ആവശ്യമില്ല. ഇത് അനാവശ്യമായ ചെലവിനു കാരണമാകും. ചൈനാക്ലേ ഉപയോഗിക്കുന്ന പക്ഷം തുടക്കത്തിൽ ഒന്നോ രണ്ടോ മരങ്ങളിൽ പുരട്ടി നോക്കി ഗുണമേന്മ ഉറപ്പുവരുത്തിയ ശേഷം ബാക്കി മരങ്ങളിൽ പുരട്ടുന്നത് നന്നായിരിക്കും.

**തീപിടുത്തം തടയാൻ 'ഫയർബ്രേക്ക്' അഥവാ 'ഫയർബെൽറ്റ്'**

വേനൽകാലത്ത് ആകസ്മികമായി ഉണ്ടാകുന്ന അഗ്നിബാധയിൽനിന്ന് തോട്ടങ്ങളെ സംരക്ഷിക്കാനായി തോട്ടത്തിനുചുറ്റും 'ഫയർബ്രേക്ക്' അഥവാ 'ഫയർബെൽറ്റ്' ഉണ്ടാക്കുന്നത് ഏറ്റവും ഫലപ്രദമായ മുൻകരുത



*വേനൽക്കാലത്ത് ചെറുതൈകൾക്ക് വെള്ളപൂശുന്നു*



*'ഫയർബ്രേക്ക്' നിർമാണം*

ലാണ്. തോട്ടത്തിനുചുറ്റും ചപ്പുചവറുകളും കുറ്റിച്ചെടികളുമെല്ലാം നീക്കി മൂന്നു മുതൽ അഞ്ചു വരെ മീറ്റർ വീതിയിൽ വൃത്തിയാക്കിയിടണം. കുറ്റിച്ചെടികളും മറ്റും ഇരുവശത്തുനിന്നും ചെത്തിക്കൂട്ടി 'ഫയർബ്രേക്കി'നു നടുവിൽ കൂട്ടിയിട്ട് തീയിട്ടു നശിപ്പിക്കണം. പുറമേ നിന്നുള്ള തീ തോട്ടത്തിലേക്ക് കടക്കാതിരിക്കാൻ ഈ 'ഫയർബ്രേക്ക്' സഹായിക്കും. ഇവിടെ വീഴുന്ന ഉണങ്ങിയ ഇലകളും ചവറുകളുമൊക്കെ ഇടയ്ക്കിടയ്ക്ക് നീക്കിക്കൊടുത്ത് വേനൽക്കാലം കഴിയുന്നതുവരെ 'ഫയർ ബ്രേക്ക്' വൃത്തിയാക്കിയിടുന്നത് പെട്ടെന്ന് തീപിടുത്തമുണ്ടായാലും തീ തോട്ടത്തിലേക്ക് വ്യാപിക്കാതിരിക്കാൻ സഹായിക്കും

തോട്ടത്തിൽ കൂടിയുള്ള റോഡുകളുടെയും നടപ്പാതകളുടെയും ഇരുവശങ്ങളും ഇതേ രീതിയിൽ വൃത്തിയാക്കിയിടണം. വലിയ തോട്ടങ്ങളാണെങ്കിൽ അതിരുകൾ വൃത്തിയാക്കുന്നതോടൊപ്പം തോട്ടം പല ബ്ലോക്കുകളായി തിരിച്ച് ഇടയ്ക്കിടെ 'ഫയർബ്രേക്ക്' ഉണ്ടാക്കുന്നത് ഏറെ പ്രയോജനകരമാണ്. ഏതെങ്കിലും കാരണവശാൽ തോട്ടത്തിൽതന്നെ തീയുണ്ടായാൽ അത് മറ്റു ഭാഗങ്ങളിലേക്കു പടർന്ന് നാശമുണ്ടാകാതിരിക്കാൻ ഇതു ഉപകരിക്കും.

### ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ

ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ തണലുള്ളതിനാൽ വേനലിന്റെ കാഠിന്യം തൈമരങ്ങളെ അപേക്ഷിച്ച് ടാപ്പുചെയ്യുന്ന മരങ്ങളെ ബാധിക്കുന്നത് താരതമ്യേന കുറവായിരിക്കും. ആദായകരമെങ്കിൽ വേനൽക്കാലത്തും ടാപ്പിങ് തുടരാം. വേനൽക്കാലത്ത് അതിരാവിലെ ടാപ്പുചെയ്യുന്നത് ആണ് കൂടുതൽ ഉത്പാദനം ലഭിക്കാൻ അഭികാമ്യം.

ശാസ്ത്രീയമായ രീതിയിൽ ഇടവേളകൂടിയ ടാപ്പിങ് രീതികൾ അനുവർത്തിക്കുന്ന തോട്ടങ്ങളിൽ മരങ്ങൾക്ക് വേനൽക്കാലവിശ്രമം നൽകേണ്ടതില്ല. ഇലകൊഴിച്ചിൽ മൂലമോ മറ്റോ ഉത്പാദനത്തിൽ ഗണ്യമായ കുറവുണ്ടാകുന്നുണ്ടെങ്കിൽ മരങ്ങൾക്ക് വിശ്രമം നൽകാവുന്നതാണ്. ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ വർഷകാലാരംഭത്തിന് മുൻപ് നീർക്കുഴികൾ തീർക്കുന്നതും റബ്ബറിന്റെ ഇടനിരകളിൽ കളനിയന്ത്രണം ഒഴിവാക്കുന്നതും മ്യൂക്കുണ പോലുള്ള ആവരണവിളകൾ സംരക്ഷിക്കുന്നതും മണ്ണിൽ കൂടുതൽ ഈർപം നിലനിർത്തുന്നതിന് സഹായിക്കും. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം നടത്തിയ പഠനങ്ങളിൽ കളനിയന്ത്രണം പാടേ ഒഴിവാക്കിയ, ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ കളകളുടെ സാന്നിധ്യം റബ്ബറിന്റെ ഉത്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടില്ല. തന്നെയുമല്ല, കൃഷിച്ചെലവ് കുറയ്ക്കുന്നതിനും മണ്ണിലെ കാർബൺശേഖരണവും സംഭരണവും വർദ്ധിപ്പിച്ച് മണ്ണിന്റെ ഉത്പാദനക്ഷമതയിൽ മാറ്റം വരുത്തി ദീർഘകാലത്തിനുശേഷം കൂടുതൽ വിളവ് ലഭ്യമാകുന്നതിന് സഹായകമാകുകയും ചെയ്യും.

തുലാവർഷം കഴിഞ്ഞ് ആഴ്ചകൾക്കുള്ളിൽ തന്നെ വേനൽ അതിതീവ്രമാകുന്ന രീതിയാണ് ഇപ്പോൾ കേരളത്തിലുള്ളത്. അതിനാൽ റബ്ബർതോട്ടങ്ങളിൽ വരൾച്ചയെ അതിജീവിക്കാൻ സഹായിക്കുന്ന എല്ലാവിധ പരിചരണമുറകളും സംരക്ഷണനടപടികളും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു കൃഷിരീതി അവലംബിക്കേണ്ടത് സുസ്ഥിരമായ റബ്ബർകൃഷിക്ക് അനിവാര്യമാണ്. •





റെജു എം.ജെ.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# റബ്ബർകൃഷിയിൽ ഇനങ്ങളുടെ പ്രസക്തിയും പരിമിതികളും

ഇന്ന് വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന പ്രകൃതിദത്തറബ്ബർ ആമസോൺ വനങ്ങളുടെ സംഭാവനയാണ്. ആമസോൺ വനങ്ങളിലെ റബ്ബർമരങ്ങളിൽ നിന്ന് ലഭിച്ചിരുന്ന ഉത്പാദനം പരിമിതമായിരുന്നു. പിന്നീട് വിത്തുമരങ്ങൾ, ബഡ്ഡുമരങ്ങൾ, ബഡ്ഡുമരങ്ങൾ തമ്മിൽ പരാഗണം നടത്തി ലഭിച്ച സങ്കരയിനങ്ങൾ എന്നിവ വന്നതോടുകൂടി റബ്ബറുത്പാദനം വളരെയധികം വർധിച്ചു. ഭൂമധ്യരേഖയോട് ചേർന്നുകിടക്കുന്ന ഏഷ്യൻ ഭൂപ്രദേശങ്ങളെയാണ് തോട്ടവിളയായി റബ്ബർ കൃഷിചെയ്യാൻ പാശ്ചാത്യരാജ്യങ്ങൾ തെരഞ്ഞെടുത്തത്. ഈ പദ്ധതികൾ ശ്രദ്ധയോടെ നടപ്പാക്കിയ ഇംഗ്ലണ്ടിലെ ക്യൂ ഗാർഡന്റെ (Kew Garden) പരിശ്രമങ്ങൾ പ്രശംസനീയമാണ്

ഇന്ന് റബ്ബർ കൃഷിചെയ്യപ്പെട്ടിരിക്കുന്ന 90 ശതമാനം ഭൂപ്രദേശങ്ങളും ഏഷ്യയിൽ (ഏഷ്യയുടെ തെക്കും തെക്കുകിഴക്കൻ ഭാഗങ്ങളും) ആണ്. ആഗോള റബ്ബറുത്പാദനത്തിന്റെ 90 ശതമാനവും ഈ ഭാഗങ്ങളിൽ നിന്നാണ്. റബ്ബർകൃഷി ചെയ്യുന്നതിൽ 90 ശതമാനവും ചെറുകിടകർഷകർ ആണെന്നുള്ളതും ശ്രദ്ധേയമാണ്. കൃഷിചെയ്തിരിക്കുന്ന റബ്ബറിനങ്ങളെ (clones) ആശ്രയിച്ചായിരിക്കും റബ്ബറിന്റെ ഉത്പാദനം. ഇത് റബ്ബറുത്പാദകരാജ്യങ്ങളിലെ ഗവേഷണങ്ങളുടെ പ്രാധാന്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്. റബ്ബർകൃഷി ലാഭകരമാകണമെങ്കിൽ റബ്ബർതോട്ടങ്ങളുടെ ഉത്പാദനക്ഷമതയും വർദ്ധിക്കേണ്ടതുണ്ട്.

ബ്രിട്ടിഷുകാർ ഏഷ്യയിൽ റബ്ബർകൃഷിയാരംഭിച്ചത് ശ്രീലങ്കയിലാണ്. ശ്രീലങ്കൻ റബ്ബർഗവേഷണത്തിന്റെ ആദ്യ നാളുകളിൽ (1926–1935) വികസിപ്പിച്ചെടുത്ത ഇനങ്ങളായ മില്ലകാന്ത (Millakanda) 2/3, വാഗ (Wagga) 6278, ഹിൽക്രോഫ്റ്റ് (Hilcroft) 28 തുടങ്ങിയ ഇനങ്ങൾക്ക് 16 മുതൽ 25 വരെ ഗ്രാം ഉണക്കറബ്ബർ ആണ് ഒരു ടാപ്പിങ്ങിൽ ഒരുമരത്തിൽനിന്നും ലഭിച്ചിരുന്നത്. ഇതേ സമയം തെക്കുകിഴക്കനേഷ്യൻ രാജ്യങ്ങളായ, മലേഷ്യ, ഇന്തോനേഷ്യ എന്നിവിടങ്ങളിൽ പി.ബി. 25, പി.ബി. 86, പി.ആർ. 107, പിൽ എ. 44, പിൽ ബി. 84, എ.വി.ആർ.ഒ.എസ്. 157 തുടങ്ങിയ ഇനങ്ങളും വികസിപ്പിച്ചെടുക്കുകയുണ്ടായി. ഈ ഇനങ്ങളുടെ വിത്തുമരങ്ങളിൽ നിന്ന് ശ്രിലങ്കയിൽ വികസിപ്പിച്ചെടുത്ത ആർ.ആർ.ഐ.സി. 1 മുതൽ ആർ.ആർ.ഐ.സി. 7 വരെയുള്ള ഇനങ്ങൾക്കു പാരമാവധി 28 ഗ്രാം വരെ ഉണക്കറബ്ബർ ആണ് ഒരു ടാപ്പിങ്ങിൽ ലഭിച്ചിരുന്നത്. തുടർന്നുള്ള പതിറ്റാണ്ടുകളിൽ നടന്ന നിരന്തരമായ



*ക്ലോണൽമരങ്ങളുടെ തോട്ടം*



*വിത്തുമരങ്ങളുടെ തോട്ടം*

ഗവേഷണങ്ങളുടെ ഫലമായി ആർ.ആർ. ഐ.സി. 100, ആർ.ആർ.ഐ.എസ്.എൽ. 200, ആർ.ആർ. ഐ.എസ്. എൽ. 2000, ആർ.ആർ.ഐ.എസ്.എൽ. സെന്റീനിയൽ സീരീസ് തുടങ്ങിയ ഉത്പാദനക്ഷമത കൂടിയ (2000 മുതൽ 3500 കിലോഗ്രാം വരെ ഹെക്ടർ പ്രതി വാർഷികോത്പാദന ശേഷിയുള്ള) ഇനങ്ങൾ ശ്രീലങ്കൻ ഗവേഷണകേന്ദ്രം വികസിപ്പിച്ചെടുക്കുകയുണ്ടായി.

മലേഷ്യയിൽ 1957-ലെ റബ്ബർകൃഷി ശുപാർശകളിൽ പി.ബി. 86, റ്റി.ജെ.ഐ.ആർ. 1, ആർആർഐഎം 501, ആർആർഐഎം 513, ജി.എൽ. 1 തുടങ്ങിയ ഇനങ്ങളാണ് പ്രധാനമായും ഉൾപ്പെട്ടിരുന്നത്. എന്നാൽ 1967 ആയപ്പോഴേക്കും ആർആർഐഎം 600-ഉം മറ്റ് ആർആർഐഎം 600 സീരീസ് ഇനങ്ങളും വ്യാപകമായി കൃഷിചെയ്തു തുടങ്ങി. ഇതോടെ ആർആർഐഎം 500 സീരീസ് ക്ലോണുകൾ പൂർണമായും പിൻവലിക്കപ്പെട്ടു. 1970 മുതൽ 1980 വരെയുള്ള കാലഘട്ടത്തിൽ ആർആർഐഎം 600, ആർആർഐഎം 605, ആർആർഐഎം 623, ജി.റ്റി. 1, പി.ആർ. 107, പി.ആർ. 251, പി.ആർ. 261, പി.ബി. 235, പി.ബി. 28/59 തുടങ്ങിയ ഇനങ്ങൾ വ്യാപകമായി കൃഷി ചെയ്തിരുന്നു. ഇന്ത്യ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിലേക്കും തായ്‌ലാൻഡ്, ഇന്തോനേഷ്യ, വിയറ്റ്നാം തുടങ്ങിയ മറ്റു രാജ്യങ്ങളിലേക്കും ആർആർഐഎം 600-ന്റെ കൃഷി വ്യാപിക്കുകയുണ്ടായി. നിലവിൽ ഈ രാജ്യങ്ങളിൽ ഉണ്ടായിരുന്ന ഇനങ്ങളെക്കാൾ വളർച്ചയിലും ഉത്പാദനത്തിലും ആർആർഐഎം 600-ന് ഉണ്ടായിരുന്ന മേന്മയാണ് ഈ ഇനത്തിന് ഇത്രയും സ്വീകാര്യത ലഭിക്കാൻ കാരണമായത്. 1980 മുതൽ 1994 വരെ ആർആർഐഎം 600-നോടൊപ്പം ആർആർഐഎം 712, ജി.റ്റി. 1, പി.ബി. 217, പി.ബി. 260, പി.ആർ. 255, പി.ആർ. 261 തുടങ്ങിയ ഇനങ്ങൾ വ്യാപകമായി കൃഷി ചെയ്തു തുടങ്ങി. തുടർന്ന് 1995 മുതൽ ആർആർഐഎം 900 സീരീസ് ഇനങ്ങളും പി.ബി. 235, പി.ബി. 255, പി.ബി. 280, പി.ബി. 350, പി.ബി. 355, പി.ബി. 359, പി.ബി. 366 തുടങ്ങിയ ഇനങ്ങളും കൃഷിയിൽ ഉൾപ്പെടുത്തി. 1990-കളിൽ ഹെക്ടർപ്രതി 800 കിലോഗ്രാം മാത്രം ലഭിച്ചിരുന്ന ഉത്പാദനം ആർആർഐഎം 900 സീരീസ് ഇനങ്ങൾ വന്നതോടെ 1500 കിലോഗ്രാമിലേക്ക് ഉയരാനിടയായി. 1998 മുതൽ ആർആർഐഎം 2000 സീരീസ് ക്ലോണുകളും കൃഷിചെയ്തു തുടങ്ങി. ഇതിൽ ആർആർഐഎം 2001, ഹെക്ടർപ്രതി ഏകദേശം 2850 കിലോഗ്രാം ഉത്പാദനക്ഷമതയുള്ള ഇനമാണ്. 2009-ൽ ആർആർഐഎം 3000 സീരീസിലെ ഏക ഇനമായ ആർആർഐഎം 3001 കൃഷിചെയ്തു തുടങ്ങി. ഹെക്ടർ പ്രതി ഏകദേശം 3000 കിലോഗ്രാമോളം ഉത്പാദനക്ഷമതയുള്ള ഇനമാണ് ഇതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ഇന്തോനേഷ്യയിൽ 2010 മുതൽ കൃഷിചെയ്യപ്പെടുന്ന പ്രധാന ഇനങ്ങൾ ഐആർആർ 5, ഐആർആർ 42, ഐആർആർ 104, ഐആർആർ 112, ഐആർആർ 118, ഐആർആർ 119, ഐആർആർ 139, ഐആർആർ 220, ഐആർആർ 230, ബി.പി.എം. 24, പി.ബി. 260, പി.ബി. 330, പി.ബി. 340, ആർ.ആർ.ഐ.സി. 100 തുടങ്ങിയ ഇനങ്ങളാണ്. ഏകദേശം 2000 മുതൽ 2500 വരെ കിലോഗ്രാം ഹെക്ടർപ്രതി വാർഷികോത്പാദനശേഷിയുള്ള ഇനങ്ങളാണ് ഇവ. ഇതിൽതന്നെ ഐആർആർ 112, ഐആർആർ 118, ഐആർആർ 220, ഐആർആർ 230 തുടങ്ങിയ ഇനങ്ങൾ വ്യാപകമായി കൃഷിചെയ്യപ്പെട്ടിരിക്കുന്നു. പുതിയ ഇനങ്ങളായ ഐആർആർ 300 ഇനങ്ങളും ഐആർആർ 400 ഇനങ്ങളും വിവിധ പരീക്ഷണഘട്ടങ്ങളിൽ ആയിരിക്കുമ്പോൾതന്നെ ഐആർആർ 425 എന്ന ഇനത്തിനു 3500 വരെ കിലോഗ്രാം ഹെക്ടർ പ്രതി വാർഷികോത്പാദനശേഷിയുണ്ട് എന്നാണ് കണക്കാക്കപ്പെടുന്നത്. ഇങ്ങനെ റ്റി.ജെ.ഐ.ആർ. 1, പി.ആർ. 107, എ.വി.ആർ.ഒ.എസ്. 157 തുടങ്ങിയ കുറഞ്ഞ ഉത്പാദനം ലഭിച്ചിരുന്ന ആദ്യകാല ഇനങ്ങളെ അപേക്ഷിച്ച് ഇന്ന് ഏകദേശം 3500 കിലോഗ്രാമോളം വർഷികോത്പാദനശേഷിയുള്ള ഇനങ്ങൾ ആ രാജ്യത്ത് നിലവിലുണ്ട്. തായ്‌ലാൻഡ്, വിയറ്റ്നാം, ഐവറി കോസ്റ്റ് തുടങ്ങിയ പ്രധാനപ്പെട്ട റബ്ബറുത്പാദകരാജ്യങ്ങളിലും കാലാകാലങ്ങളിൽ വികസിപ്പിച്ചെടുത്ത നൂതന ഇനങ്ങളിലൂടെ റബ്ബറുത്പാദനക്ഷമത അനേകമടങ്ങ് വർധിക്കുകയുണ്ടായി.

ഇനി ഇന്ത്യയിലെ സാഹചര്യത്തിലേക്കുവന്നാൽ 1902-ൽ വ്യവസായികാടിസ്ഥാനത്തിൽ റബ്ബർകൃഷി തുടങ്ങിയ ശേഷം പ്രധാനമായും മലേഷ്യ, ഇന്തോനേഷ്യ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യപ്പെട്ട റ്റി.ജെ.ഐ.ആർ. 1, ജി.എൽ. 1, പി.ആർ. 107, പി.ബി. 86, പി.ബി. 28/59, എൽ.സി.ബി. 1320, മിൽ (Mil) 3/2, ഹിൽ (Hil) 28 തുടങ്ങിയ ഇനങ്ങളാണ് ഇന്ത്യൻ റബ്ബർതോട്ടവ്യവസായത്തിന് പ്രധാനപ്പെട്ട സംഭാവനകൾ നൽകിയത്. ഇന്ത്യയിൽ തദ്ദേശീയ റബ്ബറിനങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള ശ്രമങ്ങൾ 1954-ൽ ആണ് ആരംഭിക്കുന്നത്. ആ കാലഘട്ടത്തിൽ (1954-55) നിലനിന്നിരുന്ന തോട്ടങ്ങളിൽ നിന്നുള്ള ഉത്പാദനം ഹെക്ടർപ്രതി 326 കിലോഗ്രാം ആയിരുന്നു. 1980-81 കാലയളവിൽ ഉത്പാദനം ഹെക്ടർപ്രതി 788 കിലോഗ്രാം എന്ന നിലയിലേക്ക് ഉയരുകയുണ്ടായി. മേൽപറഞ്ഞ ഇറക്കുമതി ചെയ്യപ്പെട്ട ഇനങ്ങളുടെ സംഭാവനയാണ് ഈ വർധന. 1990-91 വർഷത്തിൽ ഹെക്ടർപ്രതി ഉത്പാദനം 1076 കിലോഗ്രാം



ബഡ്ഡുമരം



അകാലിക ഇലകൊഴിച്ചിൽ ബാധിച്ച തോട്ടം

എന്ന നിലയിലേക്ക് വീണ്ടും ഉയരുകയുണ്ടായി. ഇറക്കുമതി ചെയ്യപ്പെട്ട ഇനങ്ങളായ ആർആർഐഎം 600, പി.ബി. 5/51, പി.ബി. 28/59, പി.ബി. 235, ജി.റ്റി. 1; 1980 മുതൽ കൃഷിചെയ്തു തുടങ്ങിയ ആർആർഐഐ 105 തുടങ്ങിയ ഇനങ്ങളുടെ സ്വാധീനം വ്യക്തമാണ്. 1980-81 കാലഘട്ടത്തെ അപേക്ഷിച്ചു ഏകദേശം 37 ശതമാനം ഉത്പാദനവർധനയാണ് ഒരു പതിറ്റാണ്ടിനു ശേഷം ഉണ്ടായത്. ഇന്ത്യ ഉൾപ്പെടെയുള്ള വിവിധ റബറുത്പാദക രാജ്യങ്ങളിൽ ഉത്പാദനക്ഷമത ഉയർന്നത് നൂതന റബ്ബറിനങ്ങൾ വികസിപ്പിച്ചെടുത്തതിലൂടെയാണ്.

എന്നാൽ നിലവിലുള്ള അത്യുത്പാദനശേഷിയുള്ള ഇനങ്ങൾക്ക് ചില പരിമിതികളുണ്ട്. അവ മൂന്ന് വിധത്തിലാണ്. ഒന്നാമത്, ഒരു തലമുറയിലെ ഏറ്റവും ഉത്പാദനശേഷിയുള്ള ഇനങ്ങളെ ഉപയോഗിച്ച് വീണ്ടും പുതിയ ഇനങ്ങൾ വികസിപ്പിച്ചെടുക്കുമ്പോൾ ഉത്പാദനക്ഷമതയിൽ ഉണ്ടാകുന്ന വർധനവിന്റെ ശതമാനം കുറഞ്ഞു വരുന്നു എന്നതാണ്. രണ്ടാമത്, ഉത്പാദനശേഷിയോടൊപ്പം വേണ്ട മറ്റു സവിശേഷതകളായ രോഗപ്രതിരോധശേഷി, കാറ്റിനെ പ്രതിരോധിക്കാനും കാലാവസ്ഥാവ്യതിയാനങ്ങളെ തരണം ചെയ്യാനുമുള്ള കഴിവ്, പട്ടമരപ്പിനെ പ്രതിരോധിക്കാനുള്ള കഴിവ് തുടങ്ങിയ ഗുണങ്ങളെല്ലാം ഒരിനത്തിൽ തന്നെ ലഭിക്കാത്തതിനാൽ വിവിധ ഗുണങ്ങളുള്ള ഇനങ്ങൾ വിവിധ സാഹചര്യങ്ങൾക്കായി വികസിപ്പിച്ചെടുക്കേണ്ടതായി വരുന്നു. മൂന്നാമതായി, അത്യുത്പാദനശേഷിയുണ്ടായിട്ടും മറ്റു ഗുണങ്ങളിലെ കുറവുകൾ നിമിത്തം പിൻവലിക്കുകയോ തരംതാഴ്ത്തപ്പെടുകയോ ചെയ്യേണ്ടതായി വരുന്ന സാഹചര്യങ്ങൾ. ഇതെല്ലാം എല്ലാ റബ്ബറുത്പാദകരാജ്യങ്ങളും അഭിമുഖികരിക്കുന്ന പ്രശ്നങ്ങളാണ്.

ശ്രീലങ്കയിൽ ആർ.ആർ.ഐ.സി. 100 സീരീസ് ഇനങ്ങൾ വരുന്നതുവരെ പി.ബി. 86 ആയിരുന്നു പ്രധാനമായും കൃഷിചെയ്യപ്പെട്ടിരുന്ന ഇനം. 1986-ൽ, ശ്രീലങ്കയിൽ വ്യാപകമായി കൃഷിചെയ്യപ്പെട്ടിരുന്ന ആർ.ആർ. ഐ.സി. 100 സീരീസിലെ ആർ.ആർ.ഐ.സി. 103 എന്ന ഇനം കൊറിനിസ്പോറ ഇലരോഗം ഗുരുതരമായി ബാധിച്ചതു കാരണം മുഴുവൻ മാറ്റേണ്ട സാഹചര്യം ഉണ്ടായി. ഉയർന്ന ഉത്പാദനശേഷിയുണ്ടായിരുന്ന ആർ.ആർ.ഐ.സി. 110 എന്ന ഇനവും നീക്കം ചെയ്യേണ്ടതായി വന്നു. ഇന്ന് പി.ബി. 86-നൊപ്പം ആർ.ആർ. ഐ.സി. 100 സീരീസിലെ ആർ.ആർ.ഐ.സി. 100, ആർ.ആർ.ഐ.സി. 121 എന്നീ ഇനങ്ങളാണ് ശ്രീലങ്കയുടെ റബ്ബർമേഖലയുടെ ഏകദേശം 75 ശതമാനം പ്രദേശങ്ങളിലും കൃഷിചെയ്യപ്പെട്ടിരുന്നത്.

മലേഷ്യയിൽ ആർആർഐഎം വികസിപ്പിച്ചെടുത്ത ആർആർഐഎം 700 സീരീസിന് ശേഷം വന്ന 800 സീരീസ് ഇനങ്ങൾക്ക് ഉത്പാദനക്കുറവുമൂലം കർഷകർക്കിടയിൽ സ്വീകാര്യത ലഭിച്ചില്ല. 1980-കളിലും 1990-കളിലും ആർആർഐഎം 900 സീരീസിലെ ആർആർഐഎം 901 അതുപോലെ പി.ബി. 260 എന്നീ ഇനങ്ങളാണ് കർഷകർക്കിടയിൽ കൂടുതൽ സ്വീകാര്യത ലഭിച്ച ഇനങ്ങൾ. ആർആർഐഎം 2000 സീരീസിലെ ആർആർഐഎം 2001, ആർആർഐഎം 2002 എന്നീ ഇനങ്ങൾ മാത്രമായിരുന്നു ഉത്പാദനത്തോടൊപ്പം കൂടുതൽ തടിയും നൽകിയിരുന്ന ഇനങ്ങൾ. അതിനാൽ ഈ സീരീസിൽ നിന്നും ഈ രണ്ട് ഇനങ്ങൾക്കാണ് കൂടുതൽ സ്വീകാര്യതയുള്ളത്. മലേഷ്യയിലെ ഏറ്റവും പുതിയ ഇനമായ ആർആർഐഎം 3000 സീരീസിലെ ഏക ഇനമായ ആർആർഐഎം 3001 എന്നയിനം നല്ല ഉത്പാദനവും തടിവളർച്ചയുള്ളതുമായ ഇനമാണ്. ചില പ്രത്യേക സ്ഥലങ്ങളിൽ ഈ ഇനത്തിന് തടിയിൽ മുഴകൾ കണ്ടുവരുന്നതിനാൽ മലമ്പ്രദേശങ്ങളിൽ കൃഷിചെയ്യാനായി ശുപാർശ ചെയ്യപ്പെട്ടിട്ടില്ല.

വർഷത്തിലൊരിക്കൽ (ഡിസംബർ - ജനുവരി മാസങ്ങളിൽ) റബ്ബർമരങ്ങൾ ഇലകൊഴിക്കുന്നു. എന്നാൽ ഇതു കൂടാതെ അകാലികമായി ഇലകൊഴിച്ചിൽ ഉണ്ടാകുന്നത് രോഗം മൂലമാണ്. വിവിധ തരത്തിലുള്ള കുമിളുകളുടെ ആക്രമണങ്ങളാലാണ് ഈ രോഗങ്ങൾ പ്രധാനമായും ഉണ്ടാകുന്നത്. ഒരിക്കൽ രോഗബാധയുണ്ടായാൽ എല്ലാ മരങ്ങളിലേക്കും രോഗം പടരും. 1918-ൽ ഇന്തോനേഷ്യയിൽ കണ്ടുവന്ന ഓയിഡിയം രോഗബാധ മറ്റെല്ലാ റബ്ബറുത്പാദകരാജ്യങ്ങളിലും പിന്നീട് വ്യാപിക്കുകയുണ്ടായി. അതുപോലെതന്നെ കൊറിനിസ്പോറ മൂലമുള്ള രോഗവും മലേഷ്യ, ഇന്ത്യ, ശ്രീലങ്ക, ഇന്തോനേഷ്യ തുടങ്ങിയ ഏതാണ്ട് എല്ലാ റബ്ബറുത്പാദകരാജ്യങ്ങളിലേക്കും കാലാകാലങ്ങളിൽ വ്യാപിക്കുകയുണ്ടായി. ഇങ്ങനെ ഏതെങ്കിലും ഒരു രോഗത്തിനോ രോഗങ്ങൾക്കോ പെട്ടന്ന് അടിപ്പെടുന്ന റബ്ബറിനങ്ങളാണ് കൃഷിചെയ്യപ്പെട്ടിരിക്കുന്നതെങ്കിൽ കാര്യമായ ഉത്പാദന നഷ്ടം സംഭവിക്കുന്നതാണ്. ലോകത്തിലെ ഏതാണ്ട് എല്ലാ റബ്ബറുത്പാദകരാജ്യങ്ങളിലും *ഫൈറ്റോഫ്തോറ* രോഗം കൂടുതലായി കണ്ടുവരുന്ന ഒരു ഇനമാണ് ആർആർഐഎം 600. ഇതുപോലെ മറ്റുപല ഇനങ്ങളും വിവിധ കാലാവസ്ഥകളിലും വിവിധ രാജ്യങ്ങളിലും രോഗബാധകൾക്ക് വിധേയമാണ്.



*കാറ്റുപിടുത്തം മൂലം ഒടിഞ്ഞ മരങ്ങൾ*

കാറ്റുമൂലം മരങ്ങൾ നഷ്ടമാകുന്ന പ്രതിഭാസം റബ്ബർതോട്ടങ്ങൾ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്ന മാണ്. ചില ഇനങ്ങൾ കാറ്റിന് പെട്ടന്ന് വിധേയമാകുന്ന വയാണ്. അതുപോലെതന്നെ പട്ടമരപ്പ് കാരണവും റബ്ബർതോട്ടങ്ങളുടെ ഉത്പാദനത്തിൽ കുറവ് വരുന്നു. കേരളത്തിൽ വ്യാപകമായി കൃഷിചെയ്തുവരുന്ന ആർആർഐഐ 105-ന് ഉയർന്ന ഉത്പാദനക്ഷമതയുള്ള പ്പോൾതന്നെ ഓയിഡിയം, കൊറിനിസ്പോറ തുടങ്ങിയ പ്രധാനപ്പെട്ട ഇലരോഗങ്ങളും ചീക്കുരോഗവും (Pink disease) പട്ടമരപ്പും കൂടുതലായി കണ്ടുവരുന്നു. മുൻ കാലങ്ങളെ അപേക്ഷിച്ച് ഏഴാം വർഷത്തിൽ തന്നെ മരങ്ങൾ ടാപ്പിങ്ങിനുള്ള വണ്ണമെത്താത്തതും ആർആർ ഐഐ 105-ന്റെ ഒരു ന്യൂനതയായി കാണാവുന്നതാണ്. ഇന്ത്യയുടെ റബ്ബറുത്പാദനത്തിൽ പ്രധാന പങ്ക് വഹി ക്കുന്ന പരമ്പരാഗതമേഖലയ്ക്ക് പുറത്തുള്ള വടക്കു കിഴക്കൻ മേഖലകളിൽ ഭാഗ്യവശാൽ രോഗബാധ വളരെ കുറവായി കാണപ്പെടുന്നു. എന്നാൽ അടുത്തകാലത്ത് ഈ പ്രദേശങ്ങളിൽ പ്രധാനമായും കൃഷിചെയ്യപ്പെടുന്ന ആർആർഐഎം 600 എന്ന ഇനത്തിൽ ഫൈറ്റോഫ്തോറ നിമിത്തമുള്ള ഇലകൊഴിച്ചിൽ കണ്ടുതുടങ്ങിയിരിക്കുന്നു.

ലോകത്തിലെ ഒരു റബ്ബറുത്പാദകരാജ്യത്തിലും ഒന്നാം തലമുറ ഇനങ്ങൾ ഇന്നും വ്യാപകമായി കൃഷി ചെയ്യപ്പെടുന്നില്ല. കാരണം, കാലാകാലങ്ങളിൽ വിവിധ രോഗങ്ങൾ, കാറ്റുപിടുത്തം, പട്ടമരപ്പ്, ഉത്പാദനക്കുറവ് തുടങ്ങിയ വിവിധ കാരണങ്ങളാൽ നിലവിലുള്ള റബ്ബറിനങ്ങൾ മാറ്റി പുതിയവ കൃഷിചെയ്യേണ്ടതായി വരുന്നു. ഇവിടെയാണ് നൂതനമായ റബ്ബറിനങ്ങൾ തുടർച്ചയായി വികസിപ്പിച്ചെടുക്കേണ്ടതിന്റെ പ്രസക്തി.

പുതിയ റബ്ബറിനങ്ങളെ സ്വീകരിക്കാനുള്ള വൈമുഖ്യം എല്ലാ റബ്ബറുത്പാദകരാജ്യങ്ങളിലെയും കർഷകർക്കിട യിൽ കാണുന്ന ഒരു പ്രവണതയാണ്. സ്വന്തം തോട്ടത്തിൽ നിലവിൽ കൃഷിചെയ്തിരുന്ന ഇനങ്ങൾ തന്നെ വീണ്ടും ആവർത്തനക്കൃഷിക്ക് ഉപയോഗിക്കാ നുള്ള പ്രവണതയും കർഷകർക്കിടയിൽ കൂടുതലാണ്. അതിനാൽ പുതിയ ഇനങ്ങളുടെ സ്വീകാര്യതയിൽ വരുന്ന കാലതാമസം വലുതാണ്.

അതുപോലെതന്നെ അത്യുത്പാദനശേഷിയുള്ള ഏതെങ്കിലും ഒന്നോ രണ്ടോ ഇനങ്ങളിലേക്കു മാത്രമായി കൃഷി ചുരുക്കുവാനുള്ള താൽപര്യവും കർഷകർക്കി ടയിൽ പ്രകടമാണ്. 2000-ലെ ഒരു റിപ്പോർട്ട് പ്രകാരം ശ്രീലങ്കയിൽ ഏകദേശം 50 ശതമാനം തോട്ടങ്ങളിലും പി.ബി. 86 എന്ന ഇനമായിരുന്നു കൃഷിചെയ്തിരുന്നത്. പുതിയ ശുപാർശയിൽ പല ഇനങ്ങൾ ഉണ്ടായിരുന്നു വെങ്കിലും ആർ.ആർ.ഐ.സി. 100, ആർ.ആർ.ഐ.സി. 121 എന്നിവ മാത്രമാണ് കൃഷിയിൽ ഇടംപിടിച്ചത്. മാത്രമല്ല ഈ ഇനങ്ങൾക്ക് സ്വീകാര്യത ലഭിക്കുന്നതിന് വളരെക്കാലം എടുത്തു എന്നുള്ളതും ശ്രദ്ധിക്കേണ്ടതാണ്. ഈ കാലയളവിൽ ശ്രീലങ്കയുടെ മുഴുവൻ ഉത്പാദനവും കേവലം രണ്ട് ഇനങ്ങളെ (പി.ബി. 86, ആർ.ആർ. ഐ.സി. 100 എന്നിവയെ) ആശ്രയിച്ചാണ് ഇരുന്നത്. ഇത് ആശാസ്യമല്ല. കാരണം ഈ ഇനങ്ങളെ പൊതുവായി ബാധിക്കുന്ന പ്രശ്നങ്ങൾ ഉണ്ടായാൽ മുഴുവൻ തോട്ട മേഖലയെയും ബാധിക്കും. അതുപോലെ ലോകത്തിലെ ഏതാണ്ട് എല്ലാ റബ്ബറുത്പാദകരാജ്യങ്ങളിലും ഒരു കാലഘട്ടത്തിൽ അല്ലെങ്കിൽ മറ്റൊരിക്കൽ വ്യാപകമായി കൃഷിചെയ്യപ്പെട്ട ഇനമാണ് ആർആർഐഎം 600. ഒരുകാലഘട്ടത്തിൽ തായ്‌ലാൻഡിൽ 75 ശതമാനം റബ്ബർ കൃഷിമേഖലയും ആർആർഐഎം 600 എന്ന ഒരൊറ്റ ഇനംകൊണ്ടായിരുന്നു. അതുകൊണ്ട് കൃഷിമേഖലയിൽ പ്രത്യേകിച്ചും എസ്റ്റേറ്റ് മേഖലയിൽ ഇനങ്ങളുടെ ജനിതകവൈവിധ്യം പരിഗണിക്കേണ്ടതാണ്.

റബ്ബറുത്പാദനത്തിൽ വലിയ അളവിലുള്ള ഉത്പാദന വർധന പുതിയ ഇനങ്ങൾക്ക് നിലവിലുള്ള ഇനങ്ങളുടെ മേൽ ലഭിക്കുന്നില്ല എന്നുള്ളത് ഒരു യാഥാർഥ്യമാണ്. ഇത് ഇന്ത്യ ഉൾപ്പെടെയുള്ള എല്ലാ റബ്ബറുത്പാദക രാജ്യങ്ങളിലും ഗവേഷണരംഗത്ത് കണ്ടുവരുന്ന പൊതു വായ കാര്യമാണ്. ശ്രീലങ്കയിൽ ആർ.ആർ.ഐ.സി. 121 നേക്കാൾ കൂടുതൽ ഉത്പാദനക്ഷമതയുള്ള പുതിയ ഇനങ്ങളുടെ എണ്ണം കുറവാണ്. ഇതിന്റെ പ്രധാന കാരണം നിലവിലുള്ള റബ്ബറിനങ്ങളിൽ ജനിതക വ്യത്യാസം കുറവാണ് എന്നുള്ളതും ഒരു തലമുറയിലെ ഏറ്റവും ഉത്പാദനം കൂടിയ ഇനങ്ങൾ തന്നെ അടുത്ത സീരീസ് ഇനങ്ങൾ വികസിപ്പിച്ചെടുക്കാൻ ഉപയോഗിക്കുന്നു എന്നുള്ളതും ആണ്. മലേഷ്യയിലെ ഏറ്റവും നൂതനയിന മായ ആർആർഐഎം 3001-ന് ആർആർഐഎം 2001-നേക്കാൾ 10 ശതമാനം മാത്രമാണ് ഉത്പാദനവർധന യുള്ളത്. ആർആർഐഎം 2000 സീരീസ് ഇനങ്ങൾക്ക് അതിനു മുൻപുള്ള ആർആർഐഎം 900 സീരീസിലെ ഉയർന്ന ഉത്പാദനമുള്ള ഇനങ്ങളെക്കാളും ഏകദേശം 12 ശതമാനം മാത്രമാണ് ഉത്പാദനവർധന ഉണ്ടായിരുന്നത്. പരമ്പരാഗത ഗവേഷണമാർഗങ്ങളിലൂടെ റബ്ബറുത്പാദന ത്തിൽ നേടാൻ കഴിയുന്ന വർധനയ്ക്കുള്ള പരിധി

# കോട്ടയം മെഡിക്കൽ കോളജിന് ശുചീകരണ ഉപകരണങ്ങൾ കൈമാറി




കേന്ദ്രസർക്കാരിന്റെ 'സ്വച്ഛത ആക്ഷൻ പ്ലാനി'ന്റെ ഭാഗമായി റബ്ബർബോർഡ് കോട്ടയം മെഡിക്കൽ കോളജിന് 10 ലക്ഷം രൂപ വിലവരുന്ന സ്ക്രബ്ബർ ഡ്രയർ ഫ്ളോർ ക്ലീനിങ് മെഷീനും വാക്വം ക്ലീനറും നൽകി. കേരളസർക്കാരിന്റെ സഹകരണ, തുറമുഖ, ദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവന്റെ അധ്യക്ഷതയിൽ കോട്ടയം മെഡിക്കൽ കോളേജിൽ വെച്ച് കൂടിയ യോഗത്തിൽ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐആർഎസ് ശുചീകരണ ഉപകരണങ്ങൾ മെഡിക്കൽ കോളജിന് കൈമാറി. യോഗത്തിൽ മെഡിക്കൽ കോളേജിലെ ശുചീകരണ തൊഴിലാളികളെ ആദരിക്കുകയും ചെയ്തു. മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. വർഗീസ് പുന്നൂസ്, സൂപ്രണ്ട് ഡോ. ടി. കെ. ജയകുമാർ, റബ്ബർബോർഡ് സെക്രട്ടറി (ഇൻചാർജ്) ഡോ. ബിനോയ് കെ. കുര്യൻ എന്നിവർ സംസാരിച്ചു.

ശുചിത്വം ശീലമാക്കുന്നതിനായി വിവിധ മന്ത്രാലയങ്ങളുടെ കീഴിൽ നടത്തുന്ന ഈ പദ്ധതി ഏകോപിപ്പിക്കുന്നത് കേന്ദ്ര ജലശക്തി മന്ത്രാലയമാണ്. ഈ പദ്ധതി പ്രകാരം സർക്കാർ സ്കൂളുകൾ, കോട്ടയം താലൂക്ക് ആശുപത്രി തുടങ്ങിയവയ്ക്കും വിവിധ ഉപകരണങ്ങൾ നൽകാൻ റബ്ബർബോർഡ് ഉദ്ദേശിക്കുന്നുണ്ട്. റബ്ബർബോർഡ് കേന്ദ്ര ഓഫീസിനോട് ചേർന്നുള്ള അങ്കണവാടിയും റെയിൽവേ മേൽപാലവും പെയിന്റ് ചെയ്യാനും പദ്ധതിയുണ്ട്. •

അല്ലെങ്കിൽ പരിമിതിയാണ് ഇത് കാണിക്കുന്നത്. അങ്ങനെ പരമ്പരാഗത ഗവേഷണമാർഗങ്ങളിൽ ഒരു ഉത്പാദനവർധനാ പരിധി എത്തുന്നതായി കാണുന്നു. ഇന്ത്യൻ സാഹചര്യങ്ങളിൽ റ്റി.ജെ.ഐ.ആർ.1 എന്ന ഇനത്തിൽ നിന്ന് 4.5 കിലോഗ്രാം ഉത്പാദനം ഒരു വർഷം ഒരുമരത്തിൽ നിന്നും ലഭിച്ചിരുന്നതുമുതൽ ഒരു മരത്തിൽനിന്നും 7.4 കിലോ ഗ്രാം ഉത്പാദനം ഒരു വർഷം ഒരു മരത്തിൽ നിന്ന് ആർആർഐഐ 430-ന് പരീക്ഷണത്തോട്ടങ്ങളിൽ ലഭിച്ചിരുന്നു. പരമ്പരാഗത ഗവേഷണങ്ങളിലൂടെ ഉത്പാദനക്ഷമത 8 മുതൽ 9 വരെ കിലോഗ്രാം എത്തിക്കാൻ കഴിഞ്ഞേക്കാം. എന്നാൽ അതിനപ്പുറത്തേക്ക് ഉത്പാദനക്ഷമത വർധിപ്പിക്കാൻ



*ചീക്കുരോഗം ബാധിച്ച തോട്ടം*

പരമ്പരാഗത ഗവേഷണങ്ങളിലൂടെ ബുദ്ധിമുട്ടാണ്. ജനിതക വൈവിധ്യത്തിലുള്ള കുറവാണ് ഇതിനു കാരണം. പരമ്പരാഗതമാർഗങ്ങളിലൂടെ പുതിയ ഇനങ്ങൾ വികസിപ്പിച്ചെടുത്ത് ഉയർന്ന ഉത്പാദനത്തിനൊപ്പം മറ്റ് അനുകൂലമായ സ്വഭാവസവിശേഷതകളെ (രോഗപ്രതിരോധം തുടങ്ങിയവ) അനുകൂലമായ കാലാവസ്ഥകളിൽ കൃഷിചെയ്യുകയുമാണ് ഉത്തമം.

ചുരുക്കത്തിൽ പറഞ്ഞാൽ ആഗോള റബ്ബറുത്പാദനം ഇന്നത്തെ നിലയിലേക്കെത്തിയത് റബ്ബറുത്പാദകരാജ്യങ്ങളിൽ പരമ്പരാഗത ഗവേഷണഫലമായി വികസിപ്പിച്ചെടുത്ത റബ്ബറിനങ്ങളിലൂടെയാണ്. ഓരോ കാലഘട്ടത്തിലും ഉത്പാദനശേഷിയോടൊപ്പം മേൽപറഞ്ഞ പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിവുള്ള ഇനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് ഊന്നൽ നൽകിവരുന്നു. ഇവ കാലാകാലങ്ങളിൽ പുതുക്കൃഷിക്കും ആവർത്തനക്കൃഷിക്കും പ്രയോജനപ്പെടുത്തുന്നതാണ് കർഷകർക്ക് അഭികാമ്യം. ഏറ്റവും ഉത്പാദനക്ഷമതയുള്ള ഒന്നോ രണ്ടോ ഇനങ്ങളിലേക്കു ചുരുങ്ങുന്നതിന് പകരം നടീൽ ഇനങ്ങളുടെ ശുപാർശയിൽ വ്യത്യസ്ത ഗുണങ്ങളുള്ള ഇനങ്ങൾ ആനുപാതികമായി കൃഷിചെയ്ത് ഉത്പാദന സ്ഥിരത നിലനിർത്താവുന്നതാണ്. പ്രത്യേകിച്ചും രോഗപ്രതിരോധശേഷിയും കാറ്റുപിടുത്തത്തിനെതിരെ പ്രതിരോധശേഷിയുള്ളതുമായ ഇനങ്ങൾ കൂടെ ഉൾപ്പെടുത്തുന്നതും നല്ലതാണ്. നിരന്തരമായ ഗവേഷണങ്ങളിലൂടെ ഉരുത്തിരിയുന്ന നൂതന റബ്ബറിങ്ങൾ ഉപയോഗിച്ച് ഈ പ്രതിസന്ധികളെ അതിജീവിക്കാനും റബ്ബറുത്പാദനം ഉയർന്ന നിലയിൽ തന്നെ ദീർഘകാലത്തേക്ക് നിലനിർത്താനും കഴിയും. •





സ്ലീബ വി. പോൾ
ഫാം ഓഫീസർ

## വേനലിൽ കൂടുതൽ ആദായം നേടാൻ

# നിയന്ത്രിതകമിഴ്ത്തിവെട്ട്

കേരളത്തിലെ റബ്ബർകർഷകരിൽ ഭൂരിഭാഗവും റബ്ബർ നടുന്നതു മുതൽ വിളവെടുപ്പിന് പാകമാകുന്നതുവരെ അവയെ ശാസ്ത്രീയമായി പരിപാലിക്കുന്നതിൽ ശ്രദ്ധിക്കാറുണ്ട്. എന്നാൽ, തുടർന്ന് ശാസ്ത്രീയ വിളവെടുപ്പുരീതികൾ ശരിയായി പ്രയോജനപ്പെടുത്തി കൂടുതൽ കാലം പരമാവധി ആദായമെടുക്കാൻ പലരും അത്ര ശ്രദ്ധ കൊടുത്തുകാണുന്നില്ല. ഒന്നു ശ്രദ്ധിച്ചാൽ റബ്ബർമരങ്ങളുടെ വളർച്ചയ്ക്കും ആരോഗ്യത്തിനും കോട്ടം തട്ടാതെ തന്നെ ശാസ്ത്രീയമാർഗങ്ങളിലൂടെ ദീർഘകാലം മരങ്ങളിൽ നിന്ന് ആദായമെടുക്കാൻ കഴിയും.

റബ്ബർമരങ്ങളുടെ ഉത്പാദനകാലം വർധിപ്പിക്കുന്നതിനും വേനൽകാലത്ത് താരതമ്യേന കൂടുതൽ വിളവ് നേടുന്നതിനും ഉതകുന്ന ഒരു ടാപ്പിങ് രീതിയാണ് നിയന്ത്രിതകമിഴ്ത്തിവെട്ട് അഥവാ 'സി.യു.റ്റി.' ( Controlled Upward Tapping - CUT ). എന്നാൽ, ഇത് 'കടുംവെട്ട്' അല്ല എന്ന് പ്രത്യേകം ഓർക്കേണ്ടതാണ്. മിക്ക കർഷകരും മരത്തിന്റെ അസ്സൽ പട്ടകളായ 'എ', 'ബി' പാനലുകൾ ടാപ്പുചെയ്തു തീർന്നശേഷം പുതുപ്പട്ടകളായ 'സി', 'ഡി' പാനലുകൾ ടാപ്പുചെയ്യുന്നു. തുടർന്ന് രണ്ടോ മൂന്നോ വർഷം 'കടുംവെട്ട്' അഥവാ 'സ്ലോട്ടർ ടാപ്പിങ്' നടത്തിയ ശേഷം മരങ്ങൾ മുറിച്ചുമാറ്റുകയാണ് ചെയ്യുന്നത്. ഇതിനുപകരം കൂടുതൽ കാലം വിളവെടുക്കത്തക്ക

രീതിയിൽ ടാപ്പിങ് രീതിയെ കാര്യക്ഷമമായി പരിഷ്കരിച്ചു കൊണ്ടാണ് റബ്ബർബോർഡ് സി.യു.റ്റി. വികസിപ്പിച്ചെടുത്തിട്ടുള്ളത്.

റബ്ബർമരങ്ങൾ സാധാരണമായി ഒട്ടുബന്ധത്തിൽ നിന്നും 125 സെന്റീമീറ്റർ ഉയരത്തിൽ മാർക്കു ചെയ്ത് താഴേക്ക് ടാപ്പുചെയ്തിറങ്ങുകയാണ് ചെയ്യുന്നത്. അസ്സൽ പട്ടകളായ 'എ', 'ബി' പാനലുകളിലെ ടാപ്പിങ്ങിനു ശേഷം പുതുപ്പട്ടയായ 'സി' പാനലിൽ ടാപ്പിങ് തുടങ്ങി ഒന്നോ രണ്ടോ വർഷമാകുമ്പോൾ 125 സെന്റീമീറ്റർ ഉയരത്തിന് മുകളിലുള്ള അസ്സൽ പട്ടയിലാണ് നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്തുന്നത്. നിയന്ത്രിതകമിഴ്ത്തിവെട്ടിൽ അസ്സൽ പട്ടയിൽ ടാപ്പുചെയ്യുന്നതുകൊണ്ട് കൂടുതൽ ഉത്പാദനം ലഭിക്കും. മരത്തിന്റെ ചുറ്റളവിന്റെ നാലിലൊന്ന് മാത്രം എടുത്ത് പരിഷ്കരിച്ച ഗൂജുകത്തി ഉപയോഗിച്ച് വെട്ടുചാലിന്റെ താഴെ നിന്ന് മുകളിലേക്ക് 45 ഡിഗ്രി ചെരിവിലാണ് ഈ രീതിയിൽ ടാപ്പുചെയ്യുന്നത്. അതോടൊപ്പം കൃത്യമായ അളവിലും ഇടവേളയിലും ഉത്തേജകൗഷധം പ്രയോഗിക്കുകയും ചെയ്യണം.

പാലായ്ക്കടുത്ത് ചക്കാമ്പുഴയിൽ താമസിക്കുന്ന പുരോഗമന റബ്ബർകർഷകനായ എടാട്ടുകണ്ടത്തിൽ ചിന്മയന്റെ കൃഷിയിടം അടുത്തിടെ സന്ദർശിക്കാനിടയായി. നിയന്ത്രിതകമിഴ്ത്തിവെട്ട് എന്ന ടാപ്പിങ് രീതി വിജയകരമായി നടപ്പാക്കുന്ന ഒരു കർഷകനാണ് ചിന്മയൻ. റബ്ബർബോർഡ് നൽകുന്ന നിർദേശങ്ങൾ പ്രാവർത്തികമാക്കി റബ്ബർകൃഷി ലാഭകരമായി നടത്തിക്കൊണ്ടുപോകുന്ന ചിന്മയൻ അവ മറ്റുള്ളവർക്ക് പ്രയോജനകരമാകുന്ന രീതിയിൽ വിവിധ നവമാധ്യമങ്ങളിലൂടെ പങ്കിടാനും താൽപര്യം കാണിക്കുന്നുണ്ട്. കൃഷിയുടെ തുടക്കം മുതൽ എല്ലാ ഘട്ടങ്ങളിലും പരമാവധി യന്ത്രവത്ക്കരണം നടപ്പാക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുന്നു. വീട്ടിലും കൃഷിയിടത്തിലും ഉള്ള എല്ലാ ജോലികളും യന്ത്രസഹായത്തോടെ ചെയ്താൽ കുറഞ്ഞ ചെലവിൽ സമയബന്ധിതമായി ജോലികൾ ചെയ്തു തീർക്കാമെന്നുള്ളതാണ് ചിന്മയനെ അതിനു പ്രേരിപ്പിക്കുന്നത്. തന്റെ യന്ത്രങ്ങളും ഉപകരണങ്ങളുമെല്ലാം അടുക്കും ചിട്ടയോടും കൂടി വീടിനോട് ചേർന്നുള്ള ഷെഡ്ഡിൽ ഒരു പ്രദർശനഹാളിലെന്നപോലെ ഭംഗിയായി അടുക്കിവെച്ചിരിക്കുന്നത് ആരുടെയും ശ്രദ്ധയാകർഷിക്കും. ഷീറ്റടിക്കുന്നതിനുള്ള റബ്ബർറോളർ വെച്ചിരിക്കുന്ന സ്ഥലം പോലും ടൈൽ വിരിച്ച് വൃത്തിയായി സൂക്ഷിച്ചിരിക്കുന്നു.

തുലാവർഷം കഴിയുന്നതോടെയാണ് ചിന്മയൻ നിയന്ത്രിതകമിഴ്ത്തിവെട്ടിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങുന്നത്. ഉയരത്തിലുള്ള വെട്ടുപട്ടയിൽ റെയിൻ



ചിന്മയൻ നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്തുന്നു

ഗാർഡു ചെയ്ത് ടാപ്പുചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകൊണ്ടാണിത്. നിലവിൽ 260 മരങ്ങളിലാണ് അദ്ദേഹം നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്തുന്നത്. 125 സെന്റീമീറ്റർ ഉയരത്തിനു മുകളിലുള്ള വെട്ടുപട്ടയെ നാല് തുല്യഭാഗങ്ങളായി തിരിച്ചാണ് ഇദ്ദേഹം നിയന്ത്രിത കമിഴ്ത്തിവെട്ട് നടത്തുന്നത്. വെട്ടുപട്ട മാർക്ക് ചെയ്ത ശേഷം നാടൻ കത്തി ഉപയോഗിച്ച് വെട്ടുചാൽ തുറക്കണം. ആദ്യത്തെ രണ്ടുമൂന്നു തവണ നാടൻ കത്തി ഉപയോഗിച്ച് ടാപ്പു ചെയ്ത ശേഷമേ പരിഷ്കരിച്ച ഗൂജ്കത്തി ഉപയോഗിക്കാൻ സാധിക്കൂ. മുകൾപട്ടയിൽ വേനൽക്കാലത്ത് മാത്രം മൂന്നുദിവസത്തിലൊരിക്കൽ സി.യു.റ്റി. നടത്തുകയാണെങ്കിൽ ഒരു പാനൽ നാലുവർഷത്തോളം ടാപ്പുചെയ്യാം. അങ്ങനെ നാലുപാനൽ ടാപ്പുചെയ്യുമ്പോൾ റബ്ബർ മരത്തിന്റെ ഉത്പാദനകാലം 16 വർഷം കൂടുതൽ കിട്ടും. ടാപ്പിങ് പാനലിന് താഴെയായി ഒരു താങ്ങുപട്ട തുറക്കുകയും അത് ആവശ്യാനുസരണം മാസത്തിലൊരിക്കൽ തെളിച്ചു കൊടുക്കുകയും ചെയ്താൽ നിരന്നൊഴുകുന്ന പാൽ താങ്ങുപട്ടയിൽ കൂടി ഒഴുകി ചിരട്ടയിൽ വീണു കിട്ടും. എല്ലാ കൃഷിപ്പണികളുടെയും വരവുചെലവ് കണക്കുകൾ തന്റെ ഡയറിയിൽ അദ്ദേഹം കുറിച്ചു



റബ്ബർപാൽ ഉറകൂട്ടാനായി ഡിഷിൽ ഒഴിച്ചുവെക്കുന്നു

## നിയന്ത്രിതകമിഴ്ത്തിവെട്ട്



### മരങ്ങൾ അടയാളപ്പെടുത്തുന്ന വിധം

നിലവിൽ 'സി' പാനലിൽ ഒന്നാം വർഷമോ രണ്ടാം വർഷമോ ടാപ്പുചെയ്യുന്ന മരങ്ങളിൽ സി.യു.റ്റി. ചെയ്യുന്നതിനായി മാർക്കുചെയ്യുന്നത് എങ്ങിനെയെന്നു നോക്കാം. ഇതിനായി 'സി' പാനലിന്റെ മുൻകാനവര നേരെ മുകളിലേക്ക് (മുകളിലെ അസ്സൽപട്ടയിലേക്ക്) രണ്ടുമീറ്റർ വരെ നീട്ടിവരയ്ക്കുക. അതിനു ശേഷം ആ ഭാഗത്തെ നാലു തുല്യപാനലുക ളായി തിരിക്കുക. ഇതിൽ 'ബി' പാനലിന്റെ മുകളിൽ വരുന്ന രണ്ടു പാനലുകളിൽ, വലതു വശത്തെ (മരത്തിന് അഭിമുഖമായി നിൽക്കു മ്പോൾ) പാനലിൽ ആദ്യം ടാപ്പിങ് തുടങ്ങണം. തുടർന്ന് പട്ട തീരുന്ന മുറയ്ക്ക് ഈ പാനലിന്റെ വലതുഭാഗത്തു വരുന്ന അടുത്ത പാനലുകൾ ഓരോന്നായി ടാപ്പു ചെയ്യണം. ആഴ്ചയിലൊരിക്കൽ ടാപ്പിങ് രീതിയിലും സി.യു.റ്റി. ചെയ്യാം. അപ്പോൾ മരത്തിന്റെ ചുറ്റളവിന്റെ മൂന്നിലൊന്ന് എടുത്താണ് ടാപ്പുചെയ്യേണ്ടത്.

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. സി.യു.റ്റി. ചെയ്യുന്നത് കമിഴ്ത്തുപട്ടയിലായതിനാൽ 45 ഡിഗ്രി ചെരിവിൽ വേണം മാർക്കു ചെയ്യാൻ.
2. ടാപ്പുചെയ്യാനായി നീണ്ട പിടിയുള്ള പരിഷ്കരിച്ച ഗൂജ് കത്തി ഉപയോഗിക്കണം. പാൽ പുറത്തേക്ക് ഒഴുകിപ്പോകാതെ ശരിയായ ആഴത്തിലും ചെരുവിലും ടാപ്പുചെയ്യാൻ ഈ കത്തിയാണ് ഉത്തമം.
3. സി.യു.റ്റി. ചെയ്യുമ്പോൾ വെട്ടുചാലിന്റെ നീളം കുറയ്ക്കുന്നതിനാൽ ശരിയായ ഉത്പാദനം കിട്ടാൻ ശുപാർശ ചെയ്യപ്പെട്ടിരിക്കുന്ന തോതിൽ എത്തഫോൺ എന്ന ഉത്തേജകമരുന്ന് ഉപയോഗിക്കണം.

കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഫോൺ – 0481–257 66 22. •

വയ്ക്കാറുണ്ട്. അതുപ്രകാരം കഴിഞ്ഞ വർഷം 260 മരങ്ങളിൽ നിന്നുമായി 1694 കിലോഗ്രാം ഷീറ്റുറബ്ബർ ലഭിച്ചതായി അദ്ദേഹം അവകാശപ്പെടുന്നു.

നിയന്ത്രിതകമിഴ്ത്തിവെട്ടിൽ മുൻകാനയിൽ തുടങ്ങി പിൻകാനയിലേക്ക് കുത്തി വെട്ടുകയാണ് ചെയ്യുന്നത്. അതുകൊണ്ട് മുൻകാനയിൽ നിന്ന് 15 സെന്റീമീറ്റർ താഴ്ത്തി വേണം ചില്ല് ഉറപ്പിക്കാൻ. ചില്ല് മുൻകാനയോട് അടുത്തിരുന്നാൽ ഗൂജുകത്തികൊണ്ട് ടാപ്പുചെയ്യാൻ അസൗകര്യമാണ്. പാലുനിറഞ്ഞ ചിരട്ട അനായാസം എടുക്കാവുന്ന രീതിയിൽ വേണം ചില്ലിനു താഴെയായി ചിരട്ടതാങ്ങി പിടിപ്പിക്കാൻ.

2023-ൽ റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ നിന്ന് ലഭിച്ച ടാപ്പിങ് പരിശീലനത്തിനിടെയാണ് നിയന്ത്രിത കമിഴ്ത്തിവെട്ട് എന്ന ആശയം ചിന്മയന് ലഭിച്ചത്. ഇത് തന്റെ തോട്ടത്തിൽ വിജയകരമായി നടപ്പാക്കി ആദായമെടുത്തു തുടങ്ങിയപ്പോഴാണ് താൻ ആറ് വർഷം മുമ്പ് സ്ലോട്ടർ ടാപ്പിങ് നടത്തി മുറിച്ചുമാറ്റിയ രണ്ടായിര ത്തോളം മരങ്ങളെക്കുറിച്ച് ഓർത്തത്. അന്ന് ആ മരങ്ങളിൽ നിയന്ത്രിതകമഴ്ത്തിവെട്ട് നടപ്പാക്കിയിരുന്നെ ങ്കിൽ ഇപ്പോഴും നല്ല ആദായം ലഭിക്കുമായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

### ഉത്തേജകൗഷധപ്രയോഗം

നിയന്ത്രിത കമിഴ്ത്തിവെട്ടിൽ വെട്ടുചാലിന്റെ നീളം കുറവായതിനാൽ ശരിയായ ഉത്പാദനം ലഭിക്കാൻ ശുപാർശ ചെയ്യപ്പെട്ടിരിക്കുന്ന തോതിൽ എത്തഫോൺ എന്ന ഉത്തേജകമരുന്ന് പ്രയോഗിക്കണം. വിപണിയിൽ ലഭിക്കുന്ന 10 ശതമാനം വീര്യമുള്ള മരുന്ന് അഞ്ചു ശതമാനം വീര്യമാക്കി (തുല്യ അളവിൽ വെളിച്ചെണ്ണ അല്ലെങ്കിൽ പാമോയിൽ ചേർത്ത്) നേർപ്പിച്ച ശേഷം വള്ളിപ്പാലിന്റെ മുകളിൽ (ലേസ് ആപ്ലിക്കേഷൻ) പുരട്ടി കൊടുക്കണം.

ആർആർഐഐ 105, ആർആർഐഐ 430 എന്നീ ഇനങ്ങളിൽ നാലിലൊന്ന് ചുറ്റളവിൽ മൂന്ന് ദിവസത്തി ലൊരിക്കൽ സി.യു.റ്റി. ചെയ്യുമ്പോൾ മാസത്തിലൊ രിക്കൽ ടാപ്പിങ്ങിന്റെ പിറ്റേന്ന് (അടുത്ത ടാപ്പിങ്ങിന് 48 മണിക്കൂർ മുൻപ്) എത്തഫോൺ പുരട്ടിക്കൊടുക്കണം ഇടവേള കൂട്ടി ആഴ്ചയിലൊരിക്കൽ എന്ന രീതിയിലും സി.യു.റ്റി. ചെയ്യാം. അപ്പോൾ മൂന്നിലൊന്ന് ചുറ്റളവിൽ വേണം വെട്ടുചാൽ തുറക്കാൻ. കൂടാതെ ഓരോ രണ്ട് ടാപ്പിങ്ങിനു ശേഷവും മൂന്നാമത്തെ ടാപ്പിങ്ങിന് മൂന്ന് ദിവസം മുൻപ് അഞ്ച് ശതമാനം വീര്യത്തിൽ ഉത്തേജ കൗഷധം പുരട്ടണം.

### പരിഷ്കരിച്ച ഗൂജുകത്തി

നിലവിൽ ഉണ്ടായിരുന്ന ഗൂജുകത്തിയിൽ പരിഷ്കാ രങ്ങൾ വരുത്തിയാണ് നിയന്ത്രിതകമിഴ്ത്തിവെട്ടിന് ഉപയോഗിക്കുന്നത്. പാത്തിയുടെ ആകൃതിയിൽ രണ്ടു വശങ്ങളും തമ്മിൽ 60 ഡിഗ്രി ചെരിവ് വരത്തക്ക രീതിയിലാണ് പരിഷ്കരിച്ച ഗൂജുകത്തി നിർമ്മിച്ചിരി ക്കുന്നത്. കത്തിയുടെ അഗ്രഭാഗം കൂർത്തതാണ്. പിടിയിൽ നിന്ന് 30 ഡിഗ്രി ചെരിച്ചാണ് കത്തി ഘടിപ്പിച്ചിരിക്കുന്നത്. ഏണിയുടെ സഹായമില്ലാതെ നിലത്തുനിന്നുകൊണ്ടു തന്നെ ടാപ്പുചെയ്യത്തക്കരീതിയിൽ 120 മുതൽ 180 വരെ സെന്റീമീറ്റർ നീളമുള്ള പിടിയിലാണ് ഗൂജുകത്തി ഉറപ്പിച്ചിരിക്കുന്നത്. ഈ കത്തി ഉപയോഗിക്കുന്നതുമൂലം പട്ടയുടെ വിനിയോഗം വളരെ കുറയ്ക്കാനും തണ്ണിപ്പട്ട യ്ക്ക് കേടുപറ്റാതെ ടാപ്പുചെയ്യാനും കഴിയും. വെട്ടു ചാലിന്റെ മദ്ധ്യഭാഗം കുഴിഞ്ഞിരിക്കുന്നതുകൊണ്ട് പാൽ

# ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിനും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിനും പുതിയ ഡയറക്ടർമാർ



*ഡോ. ദേബബ്രത റായ്*

ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രത്തിന്റെ ഡയറക്ടറായി ഡോ. ദേബബ്രത റായ് ചുമതലയേറ്റു. റബ്ബർബോർഡിന്റെ അഗർതലയിലെ റീജിയണൽ റിസേർച്ച് സ്റ്റേഷനിൽ പ്ലാന്റ് ഫിസിയോളജി വിഭാഗം ജൂനിയർ സയന്റിസ്റ്റായി 2000-ൽ സർവീസിൽ പ്രവേശിച്ച ഡോ. ദേബബ്രത റായ് നിലവിൽ സയന്റിസ്റ്റ് സി ഗ്രേഡിൽ ആയിരുന്നു. അഗർതല, ഡെങ്കനാൽ എന്നീ റീജിയണൽ റിസേർച്ച് സ്റ്റേഷനുകളുടെ ഓഫീസർ ഇൻ-ചാർജ് എന്ന നിലയിൽ പ്രവർത്തിച്ചുവരികെയാണ് പുതിയ നിയമനം ലഭിച്ചത്. ഇന്റർനാഷണൽ റബ്ബർ റിസേർച്ച് ആന്റ് ഡെവലപ്മെന്റ് ബോർഡിന്റെ പാരമ്പര്യേതര റബ്ബർകൃഷി മേഖലകൾക്കുള്ള ഒരു സ്പെഷ്യലിസ്റ്റ് ഗ്രൂപ്പിന്റെ ലെയ്സൺ ഓഫീസറായും സേവനമനുഷ്ഠിച്ചുവരുന്നു. റബ്ബർ ഗവേഷണരംഗത്ത് ദീർഘകാലത്തെ പരിചയസമ്പത്തോടെയാണ് അദ്ദേഹം ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രത്തിന്റെ തലവനായി ചുമതലയേറ്റിയിരിക്കുന്നത്.

ബെംഗളൂരുവിലെ യൂണിവേഴ്സിറ്റി ഓഫ് അഗ്രികൾച്ചറൽ സയൻസസിൽ നിന്ന് അഗ്രിക്കൾച്ചറിൽ ബിരുദാനന്തര ബിരുദമെടുത്ത ഡോ. ദേബബ്രത റായ് ഐ.ഐ.ടി. ഖരഗ്പൂരിൽ നിന്ന് ഡോക്ടറേറ്റും നേടി. അഗർതല സ്വദേശിയാണ്. ഭാര്യ ശർമിഷ്ഠ ഡേ. മകൻ ആർകിസ്മാൻ റായ്.



*എച്ച്. പ്രിയാ വർമ്മ*

റബ്ബർബോർഡിന്റെ പരിശീലന കേന്ദ്രമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിന്റെ ഡയറക്ടറായി എച്ച്. പ്രിയാ വർമ്മ ചുമതലയേറ്റു. റബ്ബർബോർഡിന്റെ റബ്ബർ പ്രൊഡക്ഷൻ വിഭാഗത്തിൽ വികസന ഉദ്യോഗസ്ഥയായി ഇരുപത്തിയേഴു വർഷത്തെ പ്രവൃത്തിപരിചയമുള്ള പ്രിയാ വർമ്മയ്ക്ക് കേരള കാർഷികസർവകലാശാലയിൽനിന്ന് കൃഷിശാസ്ത്രത്തിൽ ബിരുദവും അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷനിൽ ബിരുദാനന്തര ബിരുദവും ഉണ്ട്. റബ്ബർ മൂല്യശൃംഖലയിലെ എല്ലാ മേഖലകളിലുമുള്ള നൈപുണ്യവിടവ് പരിഹരിക്കുന്നതിനുള്ള പരിശീലനപരിപാടികളുടെ ആവിഷ്കരണം, മാനവ വിഭവശേഷി വികസനം എന്നിവ ലക്ഷ്യമാക്കിയാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് പ്രവർത്തിക്കുന്നത്.

തിരുവനന്തപുരം സ്വദേശിയാണ് പ്രിയാ വർമ്മ. ഭർത്താവ് മോഹൻകുമാർ (ഡയറക്ടർ, എം.എസ്. അഗ്രോടെക്, ബാംഗ്ലൂർ). മക്കൾ ശ്രീനിധി, സുപർണ്ണ.

---

വെട്ടുചാലിൽക്കൂടി നിരന്നൊഴുകാനുള്ള സാധ്യത കുറയുകയും ചെയ്യും. ടാപ്പർക്ക് മരത്തിനോട് ചേർന്നു നിന്ന് ടാപ്പുചെയ്യാൻ കഴിയും എന്നുള്ളതും ഈ കത്തിയുടെ മേന്മയാണ്.



*ചിന്മയന്റെ കാർഷികയന്ത്രങ്ങളും ഉപകരണങ്ങളും*

റബ്ബർമരങ്ങളുടെ അസ്സൽപട്ടയിൽ പുതുപ്പട്ടയെ അപേക്ഷിച്ച് കൂടുതൽ ഉത്പാദനം ലഭിക്കുന്നതുകൊണ്ട് നിയന്ത്രിതകമിഴ്ത്തിവെട്ടിലൂടെ കൂടുതൽ ഉത്പാദനം ലഭിക്കും. 125 സെ.മീ. ഉയരത്തിന് മുകളിലുള്ള അസ്സൽ പട്ട ഏകദേശം 16 വർഷം വരെ ടാപ്പു ചെയ്യാമെന്നതിനാൽ മരങ്ങളുടെ ഉത്പാദനകാലവും കൂടുന്നു. പട്ടമരപ്പ് ബാധിച്ച മരങ്ങളിൽ നിന്നും പരമാവധി ആദായം എടുക്കുന്നതിനും സി.യു.റ്റി. ഉപകരിക്കും. ദൈർഘ്യം കുറഞ്ഞ വെട്ടുചാൽ ആയതിനാൽ സാധാരണ ടാപ്പിങ്ങിൽ ഒരു ദിവസം ടാപ്പുചെയ്യുന്നത്ര മരങ്ങൾ തന്നെ നിയന്ത്രിതകമിഴ്ത്തിവെട്ടിലും ടാപ്പുചെയ്യാൻ സാധിക്കും. നമ്മുടെ കാലാവസ്ഥയിൽ മഴക്കാലത്ത് താഴത്തെ പട്ടയിൽ റെയിൻഗാർഡ് പിടിപ്പിച്ച് ടാപ്പിങ് നടത്തുകയും തുലാവർഷത്തിനുശേഷം മുകൾപട്ടയിൽ നിയന്ത്രിതകമിഴ്ത്തിവെട്ടു നടത്തി വിളവെടുക്കുകയും ചെയ്താൽ കൂടുതൽ കാലം നല്ല ഉത്പാദനം ലഭിക്കുകയും കൃഷിച്ചെലവ് കുറയുകയും ചെയ്യും. •



ബിനു മാത്യു കെ.
അസിസ്റ്റന്റ് ഡയറക്ടർ (ലേബർ മാനേജ്മെന്റ്)

# ടാപ്പിങ്തൊഴിലാളികൾക്ക് അഞ്ചുലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ

അസംഘടിതമേഖലയിൽ ജോലിചെയ്യുന്ന ടാപ്പിങ്തൊഴിലാളികൾക്ക് സ്വാഭാവിക മരണം, അപകടമരണം, വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന അപകടമരണം എന്നിവയിൽനിന്ന് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി റബ്ബർബോർഡും ഇൻഷ്വറൻസ് കമ്പനികളായ എൽ.ഐ.സി., എൻ.ഐ.സി. എന്നിവയും ചേർന്ന് 'ഗ്രൂപ്പ് ലൈഫ് ഇൻഷുറൻസ് കം ടെർമിനൽ ബെനഫിറ്റ് പദ്ധതി' ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

### 1. പദ്ധതിയുടെ ആനുകൂല്യങ്ങൾ

**a) റബ്ബർബോർഡ് വിഹിതം**

പദ്ധതിയിൽ അംഗമായി ഓരോ വർഷവും അംഗത്വവിഹിതം അടച്ച് പദ്ധതി പുതുക്കുന്ന ഓരോ അംഗത്തിനും റബ്ബർബോർഡ് വിഹിതമായി നിശ്ചിത തുകയായ 900 രൂപ വീതം ഇൻഷ്വറൻസ് കമ്പനിയിൽ അടയ്ക്കുന്നതാണ്. റബ്ബർബോർഡിന്റെ വിഹിതത്തിൽ കാലാനുസൃതമായി മാറ്റങ്ങൾ വരാവുന്നതാണ്.

**b) ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ**

| | |
|---|---|
| **ഇൻഷ്വറൻസ് പരിരക്ഷ - 60 വയസ്സ് വരെ*** | |
| സ്വാഭാവിക മരണം | - 1,00,000 രൂപ |
| അപകടം മൂലമോ വന്യജീവി ആക്രമണം മൂലമോ ഉള്ള മരണം | - 5,00,000 രൂപ |
| അപകടം മൂലം പരിപൂർണ്ണ അംഗവൈകല്യം സംഭവിച്ചാൽ | - 2,00,000 മുതൽ 4,00,000 വരെ രൂപ |
| **ഇൻഷ്വറൻസ് പരിരക്ഷ - 60 വയസ്സിനുമുകളിൽ *** | |
| അപകടം മൂലമോ വന്യജീവി ആക്രമണം മൂലമോ ഉള്ള മരണം | - 4,00,000 രൂപ |
| അപകടം മൂലം പരിപൂർണ്ണ അംഗവൈകല്യം സംഭവിച്ചാൽ | - 2,00,000 മുതൽ 4,00,000 വരെ രൂപ |

*'*' ഇൻഷ്വറൻസ് കമ്പനിയിൽ പ്രീമിയം അടയ്ക്കുന്ന തീയതി മുതൽ ഒരു വർഷക്കാലയളവിലേക്കാണ് ഇൻഷ്വറൻസ് പരിരക്ഷ. തുടർവർഷങ്ങളിൽ പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷയിൽ മാറ്റം വരാവുന്നതാണ്.*

**c) ടെർമിനൽ ആനുകൂല്യം**

പദ്ധതിക്കാലയളവിൽ അടച്ച തുകയ്ക്ക് ആനുപാതികമായി ഒരു തുക ടെർമിനൽ ആനുകൂല്യമായി ഇൻഷ്വറൻസ് കമ്പനിയിൽനിന്നും 70 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്കോ 60 വയസ്സിനുശേഷം അംഗങ്ങൾ സ്വന്തം ഇഷ്ടപ്രകാരം പദ്ധതിയിൽ നിന്നും പിന്മാറുന്ന സമയത്തോ തിരികെ ലഭിക്കുന്നതാണ്. പദ്ധതിക്കാലയളവിൽ അംഗം മരണപ്പെടുകയാണെങ്കിൽ ആനുകൂല്യം നോമിനിക്ക് ലഭിക്കുന്നതാണ്.

### 2. അംഗത്വവിഹിതം

ഈ പദ്ധതിയിൽ അംഗമാകാൻ ആഗ്രഹിക്കുന്ന ഓരോ തൊഴിലാളിയും കുറഞ്ഞത് 300 രൂപ വീതം ഓരോ വർഷവും റബ്ബർബോർഡിൽ അടയ്ക്കേണ്ടതാണ്. കൂടുതൽ തുക ടെർമിനൽ ആനുകൂല്യമായി ലഭിക്കാൻ ആഗ്രഹിക്കുന്ന തൊഴിലാളികൾ 100-ന്റെ ഗുണിതങ്ങളായി കൂടുതൽ തുക ഓരോ വർഷവും നൽകേണ്ടതാണ്. തൊഴിലാളിക്കുവേണ്ടി തൊഴിലുടമയ്ക്കും ഒരു വിഹിതം മേൽതുകയോടൊപ്പം ഈ പദ്ധതിയിൽ നിക്ഷേപിക്കാവുന്നതാണ്.

### 3. പ്രായപരിധി

18 വയസ്സിനും 59 വയസ്സിനും മദ്ധ്യേ പ്രായമുള്ളതും തൊഴിൽ മേഖലയിൽ വ്യാപൃതരായിരിക്കുന്നതുമായ തൊഴിലാളികൾക്ക് ഈ പദ്ധതിയിൽ പുതുതായി അംഗങ്ങളാകാവുന്നതാണ്.

### 4. പദ്ധതിയുടെ ഗുണഭോക്താക്കൾ

a) അസംഘടിതമേഖലയിലുള്ള ചെറുകിടത്തോട്ടങ്ങളിൽ ഒരു വർഷമായി കുറഞ്ഞത് 100 മരങ്ങളെങ്കിലും തുടർച്ചയായി ടാപ്പുചെയ്തുകൊണ്ടിരിക്കുന്ന ടാപ്പർമാർ.

b) റബ്ബറുത്പാദകസംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ടാപ്പർ ഗ്രൂപ്പിൽ കുറഞ്ഞത് ഒരു വർഷമായി അംഗങ്ങളായിട്ടുള്ള ടാപ്പർമാർ.

c) റബ്ബറുത്പാദകസംഘങ്ങളുടെ കീഴിലുള്ള സമൂഹസംസ്കരണശാലകളിൽ കഴിഞ്ഞ ഒരു വർഷമായി ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ.

d) ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള സ്വന്തം അല്ലെങ്കിൽ ജീവിതപങ്കാളിയുടെ റബ്ബർത്തോട്ടത്തിൽ കുറഞ്ഞത് 100 മരങ്ങളെങ്കിലും കഴിഞ്ഞ ഒരു വർഷമായി സ്വയം ടാപ്പിങ് നടത്തുന്ന ചെറുകിടകർഷകർ.

### പദ്ധതിയിൽ അംഗമാകുന്നതിനായി സമർപിക്കേണ്ട രേഖകൾ

1. നിർദിഷ്ട അപേക്ഷാഫോറം
2. പ്രായം തെളിയിക്കുന്നതിനുള്ള രേഖ (ഡ്രൈവിങ് ലൈസൻസ്, എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ). ആധാർ കാർഡ് ജനനതീയതി തെളിക്കുന്നതിനുള്ള രേഖയായി പരിഗണിക്കുന്നതല്ല.
3. അംഗമായി ചേരുന്നതിനുള്ള അപേക്ഷയിൽ പേരും ജനനതീയതിയും ഔദ്യോഗിക രേഖകളിൽ പറഞ്ഞിരിക്കുന്ന രീതിയിൽതന്നെ രേഖപ്പെടുത്തേണ്ടതാണ്. പിന്നീടുള്ള മാറ്റങ്ങൾ ഇൻഷ്വറൻസ് കമ്പനി അനുവദിക്കുന്നതല്ല. അതോടൊപ്പം നോമിനിയുടെ പേരും മറ്റുവിവരങ്ങളും ഔദ്യോഗിക രേഖകൾ പ്രകാരം തന്നെ രേഖപ്പെടുത്തേണ്ടതാണ്.

### പോളിസി പുതുക്കുന്നത് സംബന്ധിച്ച്

അംഗങ്ങളായ ഓരോ വ്യക്തിയും ഓരോ വർഷവും റബ്ബർബോർഡ് കേന്ദ്ര ഓഫീസിൽനിന്ന് അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് നിശ്ചിത അപേക്ഷയോടൊപ്പം 300 രൂപയിൽ കുറയാതെയുള്ള അംഗത്വ തുക റബ്ബർ ബോർഡിന്റെ റീജിയണൽ ഓഫീസിൽ അടയ്ക്കേണ്ടതാണ്. ഇപ്രകാരം ഓരോ വർഷവും പദ്ധതി പുതുക്കാത്ത അംഗങ്ങൾക്ക് തന്നാണ്ടിലെ പദ്ധതിപ്രകാരമുള്ള യാതൊരുവിധ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ അത്തരക്കാർക്ക് തുടർന്നുള്ള വർഷങ്ങളിൽ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് അംഗത്വ തുക അടച്ച് പദ്ധതിയുടെ ആനുകൂല്യങ്ങൾക്ക് അർഹത നേടാവുന്നതാണ്. അപേക്ഷാഫോറം തൊഴിലുടമയോ റബ്ബറുത്പാദകസംഘം പ്രസിഡന്റോ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ടാപ്പിങ്ജോലി തുടരുന്നവരോ സ്വന്തം തോട്ടത്തിൽ ടാപ്പുചെയ്യുന്നവരോ റബ്ബറുത്പാദകസംഘത്തിനു കീഴിലുള്ള സമൂഹസംസ്കരണശാലകളിൽ ജോലി ചെയ്യുന്നവരോ ആയ തൊഴിലാളികൾക്ക് 70 വയസ്സുവരെ ഈ പദ്ധതിയിൽ അംഗമായി തുടരാവുന്നതാണ്. എന്നാൽ 60 വയസ്സിനുശേഷം പ്രസ്തുത ജോലി തുടരാൻ താൽപര്യമില്ലാത്തപക്ഷമോ പ്രസ്തുത സ്കീമിൽ തുടരാൻ താല്പര്യമില്ലാത്തപക്ഷമോ റബ്ബർബോർഡിന്റെ കേന്ദ്ര ഓഫീസിൽ രേഖാമൂലം പദ്ധതിയുടെ ആനുകൂല്യത്തിന് വേണ്ടി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

### ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്നതിനായി റബ്ബർ ബോർഡിന്റെ ഓഫീസിലേക്ക് അപകട/മരണ വിവരം ഉടൻതന്നെ രേഖാമൂലം അറിയിക്കേണ്ടതാണ്. ഈ പദ്ധതിയിൽ അംഗമായപ്പോൾ സമർപ്പിച്ച ജനന തീയതി സംബന്ധിച്ച രേഖകൾ പ്രകാരം 70 വയസ്സ് ആകുന്ന മുറയ്ക്കോ 60 വയസ്സിനുശേഷം പദ്ധതിയിൽ നിന്നും പിന്മാറാൻ ആഗ്രഹിക്കുന്ന സമയത്തോ അംഗം ടി കാര്യം ബോധിപ്പിച്ചുകൊണ്ട് റബ്ബർബോർഡിന്റെ ഓഫീസിൽ അപേക്ഷ സമർപിക്കേണ്ടതാണ്. പ്രസ്തുത അപേക്ഷയിന്മേൽ മേൽനടപടികൾ സ്വീകരിക്കുന്നതിനെ തുടർന്ന് ഇൻഷ്വറൻസ് കമ്പനി അർഹമായ ആനുകൂല്യം നൽകുന്നതായിരിക്കും.

## മേൽവിവരിച്ച ഇൻഷുറൻസ് പദ്ധതിയിൽഅംഗങ്ങളാകാൻ അവസരം

ഈ പദ്ധതിയിൽ പുതുതായി അംഗങ്ങളായി ചേരാൻ ആഗ്രഹിക്കുന്ന മേൽപറഞ്ഞ വിഭാഗത്തിൽപ്പെട്ടവർക്ക് 2025 ഡിസംബർ മാസം 10-ാം തീയതി വരെ അവസരം ഉണ്ടായിരിക്കുന്നതാണ്. അപേക്ഷാ ഫോറം അടുത്തുള്ള റബ്ബർബോർഡ് ഓഫീസിൽ നിന്നോ റബ്ബർബോർഡിന്റെ വെബ്സൈറ്റിൽ (www.rubberboard.org.in) നിന്നോ ലഭിക്കുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ കേന്ദ്രഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 0481-2301231 (എക്സ്റ്റൻഷൻ -336)





**കെ. എൻ. ജി. മേനോൻ**

ആഫീസ് മുററത്ത് പതിവില്ലാത്ത ആൾക്കൂട്ടം കണ്ട് അമ്പരന്നുപോയി. പെട്ടെന്നോർത്തു. ശനിയാഴ്ച തൈ വിതരണമുണ്ടല്ലോ. തിരക്കിനിടയിൽ കൂടി ആഫീസ് മുറിയിൽ കയറിയപ്പോഴേയ്ക്കും ഫോൺ ബെൽ.

''ഗുഡ്മോർണിംഗ് റബർ ബോർഡ് റിജിയണലാഫീസ്''

''ഇല്ല ഇതുവരെ എത്തിയില്ല...സാധാരണയായി 10 മണിക്കകം വരണം... അതെ, ഡപ്യൂട്ടി ഡി.ഒ ആണ സംസാരിക്കുന്നത്. കരിക്കാട്ടൂർ നിന്നും വരണേ....മഴകൊണ്ട ചിലപ്പോൾ താമസിക്കും...ഉച്ചയ്ക്കു മുമ്പാളയച്ചാട്ടെ...ഓക്കേ''

ഫോൺ വച്ച തിരിഞ്ഞപ്പോൾ പുറത്തു നിന്നവർ പലരും കാർഡും നീട്ടിക്കൊണ്ട് അകത്തേക്ക തള്ളിക്കയറി.

''കുറച്ച ക്ഷമിക്കൂ. എൻകായറിയിൽ ആൾ വരും. കാർഡെല്ലാം അവിടെ കൊടുത്തോളൂ''

കൂട്ടത്തിൽ ഒരു ചെറുപ്പക്കാരൻ പറഞ്ഞു:—

''സാർ, ആദ്യം വന്നവർക്ക ആദ്യം തരണം.''

ഓ...ശരിയാണ്...ക്യൂവാണല്ലോ സമകാലീന ജീവിതത്തിൻെറ മുഖമുദ്ര.

പുറത്തേക്ക് ഇറങ്ങിച്ചെന്ന് എല്ലാവരോടുമായി പറഞ്ഞു:

''തൈ വന്നുകഴിഞ്ഞു. തൈ നടുന്ന രീതി പ്രദർശിപ്പിക്കുന്നുണ്ട്. അതു കണ്ടിട്ടേ എല്ലാവരും പോകാവൂ...നമ്പർ മുറയ്ക്കു വിളിച്ചേ തൈ വിതരണം നടത്തു''

ചെറിയ കുശുകുശുപ്പുകൾ കേട്ടു. ഹാഫ്ഡോർ അടച്ച മുറിയിലേക്കുപോന്നു. ചാണ്ടിയെ വിളിച്ച് തൈ നടീൽ പ്രദർശിപ്പിക്കാനുള്ള സ്ഥലം ഒരുക്കുന്നതി

**റബ്ബർബോർഡിൽ അന്ന് ഡെപ്യൂട്ടി ഡെവലപ്മെന്റ് ഓഫീസർ ആയിരുന്ന പരേതനായ കെ.എൻ.ജി. മേനോൻ 1980-കളിൽ റബ്ബർമാസികയുടെ വായനക്കാർക്ക് സുപരിചിതനായിരുന്നു. റബ്ബർകൃഷിയെക്കുറിച്ച് ചെറുകഥാരൂപത്തിൽ അദ്ദേഹം അവതരിപ്പിച്ചിട്ടുള്ള അനവധി വികസനസന്ദേശങ്ങൾ റബ്ബർമാസികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1980-ൽ സെപ്റ്റംബർ ലക്കം റബ്ബർമാസികയിൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ ഒരു ലേഖനം റബ്ബർമാസികയുടെ വജ്രജൂബിലി വർഷത്തിൽ ഇവിടെ പുനഃപ്രസിദ്ധീകരിക്കുന്നു.**



സെപ്റ്റംബർ, 1980

ന്നു നിർദ്ദേശിച്ചിട്ട് മേശയിൽ കിടന്ന ഫയലുകളിലേക്ക് ഊളിയിട്ടിറങ്ങി.

എൻ. പി–കെ. ടി. 123/79 ജോസഫ് ജോൺ മണിയങ്ങാട്ടു പറമ്പിൽ... കല്ലൂർകുളം...0.40 ഹെ. രൂപ 3000...

മറിയാമ്മ ജോസഫ് രൂപ 3000...

125/79. പി.കെ. കേളൻ രൂപ 3150...

യാന്ത്രികമായി ഒപ്പിടുകയായിരുന്നു... അതിനിടയിൽ ഹെഡ്ഢാഫീസിൽ നിന്നുള്ള ആ കത്ത്....രണ്ടു കർഷകർക്ക് പോളിത്തീൻ കൂടയിൽ വളർത്തിയ പ്രായം കൂടിയ തൈകൾ അനുവദിച്ചുകൊണ്ടുള്ളത്. അപ്പോഴാണ് ഓർത്തത്. ആഫീസിൽ പ്രദർശനത്തിനു വച്ചിരിക്കുന്ന രണ്ടു പോളിത്തീൻകൂട തൈകൾക്ക് വെള്ളമൊഴിച്ചില്ലല്ലോ.........

വാതുക്കൽ മുട്ട്—ഢും.....ഢും...ഢും... ഢും...

“വരൂ, കടന്നു വരൂ”...എന്നു പറയുമ്പോഴും ഫയലുകൾ ഒപ്പിട്ടുകൊണ്ടിരുന്നു.

മുരടനക്കി ചുമയ്ക്കുന്ന ശബ്ദം കേട്ടിട്ടും ഫയലുകളിൽ നിന്നും തല ഉയർത്തിയില്ല. ആരെങ്കിലും റബർ തൈകൾ വാങ്ങാൻ വന്നതാവും. നഴ്സറിയിൽ കൂടുതൽ തൈകളില്ലെന്ന് തലേന്നും അറിയിപ്പുലഭിച്ചതാണ്.

“എന്താ?...പറയൂ”

ഫയലുകളിൽ നോക്കി ഒപ്പിടുന്നതിനിടയിൽ പറഞ്ഞു. ലോറി വരുമ്പോഴേയ്ക്കും ഫയലുകൾ തീർക്കണമെന്നായിരുന്നു ചിന്ത.

“ഉമ്മറത്തിരിക്കുന്നതീക്കൂട്ട് 250 തൈ കിട്ട്വോ”? ആഗതന്റെ ശബ്ദം.

സമാധാനമായി. സാധാരണ ബഡ്ഡ് തൈകളല്ല ആവശ്യം. അത്തരം ഇനിയും അനുവദിക്കാനില്ല. പോളിത്തീൻ കൂട തൈകളാണ് വേണ്ടത്. അതിന്റെ അനുവാദം ഹെഡ്ഢാഫീസിൽനിന്നാണ്.

“അത് ഹെഡ്ഢാഫീസിലാ അനുവദിക്കുക. അടുത്ത റോഡിൽ ഇടത്തോട്ടു തിരിയണം. അവിടെ ചോദിയ്ക്കൂ” അപ്പോഴും ആഗതനെ ശ്രദ്ധിച്ചില്ല.

ഹാഫ്ഡോർ തുറന്നടയുന്ന ശബ്ദം കേട്ട് തലയുയർത്തി...സുമാർ അഞ്ചേകാൽ അടി ഉയരമുള്ള കറുത്തുതടിച്ച ആ മനുഷ്യൻ മുറിയിൽനിന്നും ഇറങ്ങുകയായിരുന്നു. ഒരൊറ്റമുണ്ടും ഖദർഷർട്ടുമാണ് വേഷം.

പെട്ടെന്നാണ് കുറ്റബോധം പടർന്നു കയറിയത്.

പോളിത്തീൻ കൂട തൈകൾ പ്രചരിപ്പിക്കാൻ തുടങ്ങിയിട്ട് അഞ്ചാറുമാസമേ ആയിട്ടുള്ളു...അതിനിടയിൽ അതന്വേഷിച്ചെത്തിയ ആളെ ഇങ്ങനെയായിരുന്നില്ല നേരിടേണ്ടിയിരുന്നത്. അഞ്ചാംവർഷം ആദായം എടുക്കുന്നത് നിസ്സാരമാണോ? ആ ആശയം ഉൾക്കൊണ്ട മനുഷ്യനെ അങ്ങനെയങ്ങു വിടുന്നത് ശരിയാണോ? പുത്തൻപ്രവണതകളുടെ സന്ദേശവാഹകനാണയാൾ......ആ മനുഷ്യൻ ഒരു വികസനോദ്യോഗസ്ഥനു മുതൽക്കൂട്ടായിരിക്കും.

പെട്ടെന്നുവിളിച്ചു പറഞ്ഞു.

“ഹല്ലോ...ഒന്നു നിൽക്കൂ...ഒന്നുകൂടി ചോദിച്ചുകൊള്ളട്ടെ...”

ആ മനുഷ്യൻ മുറിയിലേക്കു തിരിച്ചു കയറി...നിർവ്വികാരത മുറ്റി നിൽക്കുന്ന മുഖം......സ്വയംസൃഷ്ടിതമായ ചിരി ...ചിരി വന്നതും മറഞ്ഞതും പെട്ടെന്നായിരുന്നു. ദീപസ്തംഭങ്ങളിൽ നിന്നുള്ള മിന്നലൊളിപോലെ...

“ഇരിക്കൂ”

അദ്ദേഹം ഇരുന്നു.

“ബോർഡിൽ നിന്നും കുറെ പോളിത്തീൻ തൈകൾ കൊടുത്തതുശരിയാണ്. ഇനി ഉണ്ടോ എന്നറിയില്ല...ആട്ടെ...ഒന്നു ചോദിച്ചുകൊള്ളട്ടെ...എന്താ അതുതന്നെ വേണമെന്ന്?” ഫയൽനോട്ടത്തിനിടയിൽ വന്നുപോയ താല്പര്യമില്ലായ്മയ്ക്ക് മറ്റൊരു പരിവേഷം കൊടുക്കാനുള്ള വ്യഥാശ്രമമായിരുന്നു ശബ്ദത്തിൽ.

അദ്ദേഹം അപ്പോഴും നിർവ്വികാരനായിരുന്നു...

കപ്പലുകൾക്കു വഴികാട്ടുന്ന ദീപം ഒരിക്കൽകൂടി ഉത്തരായണം നടത്തി......

“ഞാൻ പാലായീന്നു വരുവാ...പ്രവിത്താനത്ത് ഈ തയ്യിണ്ടു....കോട്ടയത്തൂന്ന് അനുവാദം വാങ്ങിച്ചാ തരാന്നാ, അവിടത്തെ ഓഫീസർ പറഞ്ഞേക്കണെ” വന്നയാൾ വിശദീകരിച്ചു, തനി വടക്കൻ ശൈലിയിൽ.

കാര്യം ശരിയാണ്. അദ്ദേഹം ആഫീസ് തെറ്റി വന്നതാണ്. അനുവാദം ഹെഡ്ഢാഫീസിൽനിന്നാണ് വാങ്ങേണ്ടത്. പ്രായം കൂടിയ തൈകളുടെ കൃഷിയെപ്പറ്റി അദ്ദേഹം റബർ മാസികയിൽ വായിച്ചത്രേ! അഞ്ചാം വർഷം ടാപ്പു ചെയ്യാമെങ്കിൽ ഒരു നേട്ടമാണല്ലോ എന്നോർത്താണിറങ്ങിയത്. ഇത്രയ്ക്കു പാടാണെന്നറിഞ്ഞെങ്കിൽ പോരില്ലായിരുന്നു.

ആ വടക്കൻശൈലി ശ്രദ്ധേയമായിരുന്നു...മനസ്സിന്റെ കീബോർഡിൽ അതമർന്നു.

“പാലായിലെവിടാസ്ഥലം?”

“കുറച്ചുകിഴക്കാ”

“ഇടപ്പാടി?”

“ല്ല...ശ്ശി പോണം...തലനാട്—അറ്യോ?”

മുഴങ്ങുന്ന ശബ്ദമായിരുന്നു...മനസ്സിന്റെ ഭിത്തികളിൽ തട്ടി അതു പ്രതിദ്ധ്വനിച്ചു...ഇരുപതുവട്ടം...

അന്നത്തെ പത്രവാർത്ത പെട്ടെന്നോർത്തു...വിദ്യുച്ഛക്തിവകുപ്പു മന്ത്രി... .......,തലനാട്ടുപഞ്ചായത്തിലെ വൈദ്യുതീകരണം ഉദ്ഘാടനം ചെയ്തു. ഇരുട്ടിലാണ്ടു കിടന്ന ഒരു ഗ്രാമത്തിനു വെളിച്ചം കിട്ടി............പഞ്ചായത്തു പ്രസിഡണ്ട് മണിമറ്റത്തിൽ വേലപ്പൻപിള്ളയുടെ പരിശ്രമങ്ങളെ ബഹു: മന്ത്രി മുക്തകണ്ഠം പുകഴ്ത്തി. അതെ, മണിമറ്റത്തിൽ വേലപ്പൻപിള്ള ...പഴമയുടെ ചിപ്പിക്കകത്തു ഒതുങ്ങാനാഗ്രഹിക്കുന്ന വൃദ്ധയുവാവ്...സാങ്കേതികനേട്ടങ്ങൾക്ക് പുറംതിരിഞ്ഞിരിക്കുന്ന പഴമയുടെ പ്രതീകം...തീക്കോയിവരെ ബസ്സുണ്ടെങ്കിലും ഈരാറ്റുപേട്ടയിൽ നിന്നും തലനാടിന് ഒമ്പതുമൈൽ നടന്നു പോകുന്ന അരോഗദൃഢഗാത്രൻ.

X X X

എൻ. എസ്. എസ്. സ്കൂളിനടുത്ത് കണ്ട റബർ തോട്ടത്തിന്റെ ഉടമസ്ഥനെ അന്വേഷിച്ചാണ് മണിമറ്റത്തിൽ തറവാട്ടിലേക്ക് കയറിയത്. വടക്കേഭാഗത്തെ ചാവടിയിലെ ചാരുകസേരയിൽ അദ്ദേഹം കിടന്നിരുന്നു. ചരൽവിരിച്ച വിശാലമായ മുറ്റത്തു ചാടിക്കളിക്കുന്ന രണ്ടു കുഞ്ഞുങ്ങൾ. ഒത്ത നടുക്കൊരു തുളസിത്തറ...അതിനുമുമ്പിൽ സന്ധ്യാദീപം കത്തിക്കുന്നതിനുള്ള ഒരു കൽവിളക്ക്. തെക്കിനിയുടെ ഓരം ചേർത്തിട്ട പറമ്പിൽ രണ്ടു വേലക്കാർ നെല്ലുചിക്കുന്നു...തെക്കിനിക്കും അപ്പുറം എരുത്തിലിൽ നിറയെ പശുക്കൾ. പ്രശാന്തഗംഭീരമായ നിശ്ശബ്ദത....

വടക്കിനിയിലേക്കു കയറി ഒന്നു ചുമച്ചു.

“ആരാവോ. അപ്പൂട്ടാ...എന്താ ചോദിസ്സു”

അപ്പുക്കുട്ടൻ ഇറങ്ങിവന്നു...ഇരുപത് ഇരുപത്തിരണ്ടുവയസ്സ് പ്രായം...മകനായിരിക്കണം...

“റബർ തോട്ടത്തിന്റെ കടലാസൊന്നു കാണാനാ”

“എവിടുന്നാ വര്വാ?” അദ്ദേഹം ഒന്നെഴുന്നേറ്റിരുന്നു.

“റബർ തോട്ടമൊക്കെ നോക്കുന്നയാളാ”

“ഓഹോ...ഇരിയ്ക്കൂ...റബർബോർഡീന്നാ. പത്രത്തിക്കണ്ടു. പൂഞ്ഞാറ്റിലും പേട്ടേലും ആപ്പീസായി....തോട്ടം നോക്വാന്നൊക്കെ...ഇവിടെ ഒരേക്രേണ്ട്. കടലാസൊന്നുല്യ...എന്താച്ചാ ഒന്നുശരിയാക്വാ...”

“ഒരു ചുവന്ന കടലാസുണ്ട് രജിസ്ട്രേഷൻ. അതു കിട്ടിയോ?”

“ഒന്നൂല്യ...പാൽക്കുളം അര്യാ...താഴത്തെ ലൗസേപ്പ് മാപ്പിള കൊണ്ടേന്നതാ...”

ബാഗിൽനിന്നും ഫാറം എടുത്തു പൂരിപ്പിച്ചു....

“അപ്പൂട്ടാ...അമ്മോട്ട് ഒപ്പിടാൻ പറാ!...”

അറപ്പുരവാതുക്കൽ ആയമ്മ വന്നു നിന്നു......പൗർണ്ണമിച്ചന്ദ്രിക പോലെ. അപ്പുക്കുട്ടൻ ഒപ്പിടുവിച്ചുതന്ന കടലാ

സൂകരം ഒന്നുകൂടി നോക്കി...എം. കെ. ചന്ദ്രമതിയമ്മ...ശ്രീ... എന്നൊപ്പിട്ടിരിക്കുന്നു...

അതെ ശ്രീ തന്നെ...

''പിന്നെ തോട്ടം ഞാൻ കണ്ടു. വണ്ണമായല്ലോ. ടാപ്പുചെയ്യാത്തതെന്താ?''

''അച്ഛൻ കട്ടംപിടുത്തമാ ഏഴുകൊല്ലം തികയാതെ ടാപ്പുചെയ്യരുതെന്ന്.''

അപ്പുക്കുട്ടനാണ് മറുപടി പറഞ്ഞത്, ആ സ്വരത്തിൽ പ്രതിഷേധമായിരുന്നോ നിസ്സഹായതയായിരുന്നോ?

''അങ്ങനെയൊന്നുമില്ല.'' വണ്ണമായാൽ ടാപ്പുചെയ്യാം'' അദ്ദേഹത്തോടായിട്ടാണ് പറഞ്ഞത്.

''അനിയന്റെ വീടെവിടാ?'' അദ്ദേഹത്തിന്റെ ചോദ്യം.

''ആലുവാ''

''പേര്?''

''ഗോപാലകൃഷ്ണൻ''

''ങാ-അനിയാ ഞാൻ പറ്യാം. റബർ മരം 7-ാംവർഷേ വെട്ടാവൂന്നാ കാർന്നോമ്മാരുപറേന്നേ. അതിലർത്ഥല്ല്യേ?''

''വണ്ണമെത്തിയാൽ വെട്ടാം''

ക്ലോണൽമരങ്ങൾക്ക് 20'' ഉയരത്തിൽ 22'' വണ്ണമെത്തിയാൽ...''

പഠിച്ചത് കാണാപ്പാഠം പറയുന്ന വിദ്യാർത്ഥിയേപ്പോലെ തുടങ്ങിയപ്പോഴേക്കും അദ്ദേഹം ഇടയ്ക്കു പറഞ്ഞു.

''അനിയാ...എന്താ പ്രായം...?''

ഇരുപത്തിയഞ്ചായോ? എനിക്കീ മേടത്തി നാപ്പത്തെട്ടാ... 23 കൊല്ലമായി ഇവിട്യായിട്ട്. അപ്പോ...ഏഴ്, ഏഴ് എന്നാച്ചാന്താ? സപ്തമീന്നാ...അതച്ചട്ടാ... സപ്തവർണ്ണം സപ്തസ്വരം എന്നൊക്യാ. അതൊന്നും തട്ടരുത്...

''അതേയതേ...പക്ഷേ ശാസ്ത്രീയമായി, വണ്ണം തികഞ്ഞാൽ...''

മുഴുവൻ പറയാൻ അദ്ദേഹം സമ്മതിച്ചില്ല.

''എന്താ ശാസ്ത്രം?.... സപ്തസാഗരംന്നല്ലേ...സപ്തദ്വീപം......സപ്തർഷികൾന്ന് കേട്ടിരിക്കണോ? ഒന്നും വേണ്ട. ഒന്നു പറ്യാ...ഒരാഴ്ചക്കെത്ര്യാ ദിവസം?

'ഏഴ്'' അനുസരണയുള്ള കുട്ടിയെപ്പോലെ മറുപടി പറഞ്ഞുപോയി

''നക്ഷത്രംത്ര്യാ?'' അടുത്ത ചോദ്യം.

അശ്വതി...ഭരണി...കാർത്തിക...രോഹിണി...പെട്ടെന്നു മനസ്സിൽ എണ്ണിതീർത്തു...

''ഇരുപത്തെട്ട്'' ഉടൻ മറുപടി കൊടുത്തു.

''ങ്ഹാ...അതെ...ഏഴിന്റെ ഗുണിതാ...'' അദ്ദേഹം ശരിവച്ചു. ''നാലേഴുകൂട്ടമ്പോ പൗർണ്ണമി'' അദ്ദേഹം തുടർന്നു.

അറപ്പുരവാതലിൽ നിറഞ്ഞുനിന്ന പൗർണ്ണമി.

'ബേ...ബേ...' ഏതോ പശുക്കുട്ടിയുടെ കരച്ചിൽ......ഉരുവിട്ടു പഠിച്ച ശാസ്ത്രസത്യങ്ങൾ എവിടെപ്പോയി...

സെപ്റ്റംബർ, 1980

മറിച്ചൊന്നും പറയാൻ കഴിയുന്നില്ല... ആഫീസിലേക്ക് അയക്കേണ്ട റിപ്പോർട്ടിൽ എന്തെഴുതും? എരുത്തിലിലെ അയവിറക്കുന്ന പശുക്കൾ ചിരിച്ചുവോ....

''ഒന്നുംവേണ്ട ..... വിധിവിശ്വാസണ്ടോ?....എന്താ...ഏഴ്ഗ്രഹങ്ങളും. ഒക്കെ ചെയ്യാ...''

''നവഗ്രഹങ്ങളെന്നാ ഞാൻ കേട്ടിരിക്കുന്നത് ...എന്നാപ്പിന്നെ ഒമ്പതാം കൊല്ലമേ മരം വെട്ടാവൂ'' കിട്ടിയ പഴുതിൽ ഒരു ശ്രമം നടത്തിനോക്കി... ''ഛെ...ഛെ...അനിയനറീല്യ...പുണ്യഗ്രഹം ഏഴാ...രാഹു, കേതു അതിംപെടില്യാന്നാ....ഒക്കെ പോട്ടെ.... ആ മരം ഇതാറാംവർഷാ...ആറിലെന്തെങ്കിലും ചെയ്യോ....ഷഡ്ഭാവം...ദോഷങ്ങളാറ...കേട്ടിരിക്കണോ?''

അതെ.. ആറുദോഷങ്ങൾ...കാമക്രോധലോഭമോഹമദമാത്സര്യം...ആറ് അശ്രീകാരമാണെന്ന് അമ്മയെന്നും പറയും ''ശരിയാണ്..ഇപ്പോവെട്ടണ്ടാ...എന്നു പറയുമ്പോൾ ഒരു ബിന്ദുവായി ചുരുങ്ങുകയായിരുന്നുവോ! പഠിപ്പിലെന്താണുകാര്യം...ചക്രവാളത്തിനുപരിധിയില്ല...വിശാലമേത്? അഗാധമേത്?''

ഇനി ഇരുന്നിട്ട കാര്യമില്ല. പോയേക്കാം.

''ചേട്ടാ ഞാൻ പോട്ടെ!'' പരാജിതന്റെ ശബ്ദം.

''ഹേയ് വരട്ടെ...അപ്പൂട്ടാ...''

''അകത്തു പറ്യാ ഊണു വിളമ്പാൻ''

ഊണു കഴിച്ചു. നെയ്യും പരിപ്പും വലിയ പപ്പടം, എരിശ്ശേരി, കാളൻ ഭഗവതി ക്ഷേത്രത്തിലെ അറുനാഴിപ്പായസം... ചാവടിയിലേക്കു നടക്കുമ്പോൾ അദ്ദേഹം പറഞ്ഞു:–

''അപ്പൂട്ടാ...അപ്പൂട്ടാ... ഇന്നു ബുധനല്ലേ? അനിയനിപ്പോ പോണ്ടാ. രാഹുകാലാ. അതു കഴിയട്ടെ,''

പാഠം തെററിപ്പോയി...ഇനിയീ പാഠത്തിൽ കുറെ ഓടിയേ പററൂ...രാഹുകാലം കഴിയുംവരെ സംസാരിച്ചിരുന്നു... യാത്രപറഞ്ഞിറങ്ങുമ്പോൾ അപ്പുക്കുട്ടൻ കൂടെ വന്നു.

''അച്ഛൻ ഒരു പഴയ ആളാ... ഞങ്ങളാരും പറഞ്ഞാൽ കേക്കില്ല.''

ക്ഷമാപണത്തിന്റെ സ്വരമായിരുന്നോ, അപ്പുക്കുട്ടന്?...പെട്ടെന്നുതന്നെ മറുപടി പറഞ്ഞു.

''അദ്ദേഹം പറയുന്നതിലും കാര്യമില്ലേ?'' ''നമ്മളൊക്കെ എന്തു കണ്ടു?'' ആട്ടെ അച്ഛന്റെ വീടെവിടെ?'' ''വടക്കാ...അകപ്പറമ്പ്...അറിയ്യോ?''

''കേട്ടിട്ടുണ്ട്. ഞാൻ പോട്ടെ...പിന്നെ കാണാം.''

പടിഞ്ഞാററൻ ചെരുവിലെ റബർമരങ്ങളുടെ ഇടയിലൂടെ സൂര്യൻ പാളിനോക്കി...സപ്താഹം കേട്ട സമയം പോയി. മൂന്നു തോട്ടമെങ്കിലും നോക്കി റിപ്പോർട്ടയച്ചില്ലെങ്കിൽ കുഴപ്പമാണ്...

പിന്നിട്ടു പോന്ന നാട്ടുപാത തളർന്നുകിടന്നു.

x x x

''സാറൊന്നും പറേന്നില്ലേ...എന്താ കിട്ട്യോ...?''

നുണഞ്ഞിറക്കിയ സ്വപ്നത്തിൽ നിന്നും ഉണർത്താനെന്നോണംവീണ്ടും ആഗതന്റെ മുഴങ്ങുന്ന ശബ്ദം.

''ആട്ടെ ശ്രമിക്കാം...പിന്നെ ഒന്നു ചോദിച്ചോട്ടെ... അവിടെ മണിമററത്തിൽ എന്നൊരു വീടറിയാമോ?''

''ങ്ഹാ അറീം''

''ഒരു വേലപ്പൻപിള്ളയുണ്ട്...അദ്ദേഹംതന്നെയാണോ ഇപ്പോഴത്തെ പഞ്ചായത്തുപ്രസിഡൻറ്?''

''അതേ....എന്താ സാററിയ്യോ?''

''കേട്ടിട്ടുണ്ട്...ഇന്നു പേപ്പറിലുണ്ടായിരുന്നു ''

''ഞാൻ തന്നെയാ ഈ പറേന്നയാള്.''

ആഗതനെ വീണ്ടും വീണ്ടും സൂക്ഷിച്ചു നോക്കി. കാലം ആ മുഖത്തിന്റെ നിറക്കൂട്ടുകൾ മാററിയിരിക്കുന്നു...പോളിത്തീൻകൂട തൈകൾഉണ്ടാക്കുന്ന വിധവും മററും വിവരിച്ചു കൊടുത്തു. നഴ്സറികളിൽനിന്നും വാങ്ങിക്കൊണ്ടു പോകുന്നതിന്റെ ബുദ്ധിമുട്ടുകൾ പറഞ്ഞു. ഏററവും നല്ലത് കൃഷി സ്ഥലത്തിനടുത്തുതന്നെ ചെയ്യുന്നതാണെന്നും പറഞ്ഞു.

''പിന്നെ ഒന്നുണ്ട് കേട്ടോ. ഈ തൈ വച്ചാൽ ഒരു കുഴപ്പമുണ്ട്.'' ഓർമ്മകളുണർത്താനൊരു മുഖവുരയായിട്ടാണ് പറഞ്ഞത്.

അദ്ദേഹം 'എന്താ' എന്ന ഭാവത്തിൽ സൂക്ഷിച്ചു നോക്കി.

''ഏഴാം വർഷത്തിനു മുമ്പുതന്നെ വെട്ടേണ്ടിവരും...ആറാം വർഷം ടാപ്പുചെയ്യുന്നത് അശ്രീകരമാ...ഷഡ്ദോഷം എന്നില്ലേ?''

''അഞ്ചാം വർഷം ടാപ്പുചെയ്യാന്നാ മാസികേക്കണ്ടേ.'' വേലപ്പൻപിള്ള പെട്ടെന്നു തിരിച്ചടിച്ചു.

''അഞ്ചാംവർഷം ടാപ്പിംഗിനെക്കുറിച്ചെന്താ അഭിപ്രായം?''

''വളരെ നല്ലതാ....പഞ്ചേന്ദ്രിയങ്ങൾ എന്നല്ലേ? പഞ്ചഭൂതം പഞ്ചസന്ധി... പഞ്ചമി... വളരെ വിശേഷം...പഞ്ചഗവ്യം തൊട്ടാൽ ശുദ്ധായിന്നാ.''

സപ്തമീടത്രേ വരുമോ?'' ഒരു സംശയം തൊടുത്തുവിട്ടു.

''ഹെയ് ഒന്നൂല്യ...പഞ്ചഭൂതങ്ങളാ എല്ലാം സൃഷ്ടീടേം സ്ഥായി. പഞ്ചപാണ്ഡവന്മാർ എന്നു കേട്ടിട്ടില്ലേ?... എന്താ ഒരു ശക്തി...വളരെ ശുഭം...ജയം ഒറപ്പാ.''

''അതു ശരി...കേട്ടോ ചേട്ടാ...ഇനിയും പറയാം. പഞ്ചസാര, പഞ്ചവർണ്ണക്കിളി, പഞ്ചവടി...കൊള്ളാം. അഞ്ചാം വർഷംതന്നെയാകട്ടെ ടാപ്പിംഗ്.''

വേലപ്പൻപിള്ളചേട്ടൻ പുഞ്ചിരിതൂകിക്കൊണ്ട് സാകൂതം നോക്കി. എന്നെ മനസ്സിലായോ എന്തോ...? □






ടിന്റുമോൾ എം.
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ

# പ്രകൃതിയോട് ഇണങ്ങാൻ ഒരു കൂട്ടായ്മ

റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രെയിനിങ്ങും പുനലൂർ റീജിയണൽ ഓഫീസും ഇടമൺ റബ്ബറുത്പാദക സംഘവും ഒരുമിച്ച് പ്രകൃതിയെ സ്നേഹിക്കുന്നതിനും വരുംതലമുറയ്ക്കായി നല്ലൊരു ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനുമായി ഒരു കൂട്ടായ്മയ്ക്ക് തുടക്കം കുറിച്ചു. അതിന് കാരണമായതാകട്ടെ 'ഇക്കോ ഫ്രണ്ട്‌ലി ക്യാരി ബാഗ് മേക്കിങ്' (Eco friendly carry bag making) എന്ന വിഷയത്തിൽ പട്ടികജാതിയിൽപെട്ടവർക്കായി സംഘടിപ്പിച്ച ത്രിദിന പരിശീലനപരിപാടിയും.

തലമുറകൾ കൈമാറിവന്ന ഭൂമിയെ മനുഷ്യൻ മലിനപ്പെടുത്തുന്നതിനെതിരെ കാലാനുസൃതമായ ബോധവൽകരണം യഥോചിതം സംഘടിപ്പിക്കപ്പെടുന്നുണ്ടെങ്കിലും മനുഷ്യൻ അതിൽ പലപ്പോഴും പരാജയപ്പെടുന്നതായി കാണുന്നു. അനിവാര്യമായ മാറ്റത്തിന്റെ മറവിൽ പഴയ തുണിസഞ്ചി ഉപയോഗവും പത്രക്കടലാസിൽ സാധനങ്ങൾ പൊതിഞ്ഞു വാങ്ങുന്ന രീതിയുമെല്ലാം പ്ലാസ്റ്റിക് ബാഗുകൾ കീഴടക്കി. ശുചിത്വമിഷൻ ഹരിത കർമസേന വഴി പല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടെങ്കിലും ഇന്നുവരെ പൂർണമായി ഫലം കാണാൻ കഴിഞ്ഞിട്ടില്ല. കാരണം, പ്ലാസ്റ്റിക് ഉപയോഗിച്ച ശേഷം വലിച്ചെറിയുന്നത് ദൂഷ്യഫലങ്ങൾ ഉണ്ടാക്കുന്നുണ്ടെന്ന് മനസ്സിലാക്കിയാലും ഏവർക്കും ഇപ്പോഴും പ്രിയം പ്ലാസ്റ്റിക് ക്യാരി ബാഗുകൾ തന്നെ!



*പഠിതാക്കൾ നിർമ്മിച്ച ബാഗുകൾ*

# ഇന്ത്യൻ റബ്ബർ സ്റ്റാറ്റിസ്റ്റിക്സിന്റെ 46-ാം പതിപ്പ് വിൽപനയ്ക്ക്

ഇന്ത്യൻ റബ്ബർ സ്റ്റാറ്റിസ്റ്റിക്സിന്റെ 46-ാം പതിപ്പ് വിൽപനയ്ക്ക് ലഭ്യമാണ്. റബ്ബറുമായി ബന്ധപ്പെട്ട് ഇന്ത്യയിലെയും വിദേശത്തെയും 2013-14 മുതലുള്ള സ്ഥിതിവിവരക്കണക്കുകളുടെ വിപുലമായ ശേഖരം അടങ്ങുന്നതാണ് ഇന്ത്യൻ റബ്ബർ സ്റ്റാറ്റിസ്റ്റിക്സിന്റെ പുതിയ പതിപ്പ്. കോമ്പൗണ്ടഡ് റബ്ബറിന്റെ ഇറക്കുമതി, കയറ്റുമതി എന്നിവ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകളും പുസ്തകത്തിൽ ഉൾപെടുത്തിയിട്ടുണ്ട്. 1750 രൂപയാണ് പുസ്തകത്തിന്റെ വില (തപാൽ ചെലവ് പുറമെ). പുസ്തകം ആവശ്യമുള്ളവർ ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റാറ്റിസ്റ്റിക്സ് & പ്ലാനിങ് ഡിവിഷൻ, റബ്ബർ ബോർഡ്, കോട്ടയം-2 എന്ന വിലാസത്തിൽ ബന്ധപ്പെടുക.

ഇ-മെയിൽ: jdsnp@rubberboard.org.in,
dd-snp@rubberboard.org.in





*പരിശീലനത്തിന്റെ ഒരു ദൃശ്യം*

പരിസ്ഥിതി സൗഹൃദ ബാഗ് നിർമാണം പ്ലാസ്റ്റിക് ഉപയോഗത്തിന് ഒരു നിയന്ത്രണം വരുത്തുമെന്നത് മാത്രമല്ല തൊഴിൽരഹിതരായ കുറച്ചുപേർക്ക് ഒരു വഴികാട്ടിയായി കൂടി മാറുകയാണ്. കുഞ്ഞുങ്ങളുമായി വന്ന രണ്ട് അമ്മമാരും പ്രശോഭൻ എന്ന ഏക പുരുഷനും അടങ്ങുന്ന 25 പേരിൽ പലരും ഈ മൂന്നു ദിവസവും വാഹന സൗകര്യം പോലുമില്ലാത്ത ഇടമണ്ണിന്റെ ഉൾഗ്രാമങ്ങളിൽ നിന്ന് കൃത്യസമയത്തുതന്നെ വന്ന് പരിശീലനം നേടി.

പരിപാടിയുടെ പ്രാരംഭ ചടങ്ങിൽ മുൻ പഞ്ചായത്ത് പ്രസിഡന്റ് എ. ജോസഫ്, ഇടമൺ റബ്ബറുത്പാദക സംഘം പ്രസിഡന്റ് എ.റ്റി. ഫിലിപ്പ്, പഞ്ചായത്ത് മെമ്പർ അമ്പിളി, ജനശിക്ഷൺ സൻസ്ഥാനിലെ പരിശീലക വി. സരസ്വതി, പുനലൂർ റബ്ബർബോർഡ് റീജിയണൽ ഓഫീസിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ടിന്റുമോൾ എം. എന്നിവർ പങ്കെടുത്തു.

ആദ്യദിനം മുതൽ തന്നെ പരിശീലക നൽകുന്ന നിർദേശങ്ങളെ വളരെ കൃത്യതയോടെ നിരീക്ഷിച്ച് സശ്രദ്ധം മനസ്സിലാക്കി. ഓരോ ദിവസത്തെയും പരിശീലനത്തിനൊപ്പം ഒരു സൗഹൃദ കൂട്ടായ്മ കൂടി അവിടെ രൂപപ്പെട്ടു. മാത്രമല്ല സ്വയം തൊഴിൽ ചെയ്യാനായി പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന സാമ്പത്തിക സഹായ പദ്ധതികളെക്കുറിച്ച് അറിയാനും അവർക്ക് സാധിച്ചു. നിത്യേന ഉപയോഗിക്കുന്ന അഥവാ കാണുന്ന ബാഗുകൾ സ്വന്തം കയ്യിലൂടെ ജനിക്കുന്നു എന്നതും ഈ ഒരു പഠനം സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനും ഭദ്രതയ്ക്കും സഹായകരമാകും എന്നതും അവർക്ക് സന്തോഷം നൽകി.

സ്വയം നിർമിച്ച ബാഗുകളിൽ പേരെഴുതി അതിൽ ബാഗുനിർമിക്കാൻ ആവശ്യമായ വസ്തുക്കൾ സമ്മാനമായി ലഭിച്ചപ്പോൾ അവർ പൂർണമായും സംതൃപ്തരായി. മൂന്നുദിവസം നീണ്ടുനിന്ന പരിശീലനപരിപാടിയുടെ സമാപനയോഗത്തിൽ എ.റ്റി. ഫിലിപ്പ് (ആർ.പി.എസ്. പ്രസിഡന്റ്), എ. ജോസഫ് (മുൻ പഞ്ചായത്ത് പ്രസിഡന്റ്), വി. സരസ്വതി (പരിശീലക), ജെ. ദയാബായി, (ഡെവലപ്മെന്റ് ഓഫീസർ, റബ്ബർബോർഡ്), ടിന്റുമോൾ എം. (അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ, റബ്ബർ ബോർഡ്) എന്നിവർ സന്നിഹിതരായിരുന്നു. •




# റബ്ബർമാസികയുടെ വജ്രജൂബിലിയാഘോഷം- മത്സരഫലങ്ങൾ

റബ്ബർ മാസിക പ്രസാധനത്തിന്റെ 60 വർഷങ്ങൾ പൂർത്തിയാക്കിയതിനോടനുബന്ധിച്ച് നടത്തിയ വജ്രജൂബിലി യാഘോഷങ്ങളുടെ ഭാഗമായി വിദ്യാർഥികൾ, പൊതുജനങ്ങൾ, റബ്ബർബോർഡ് ഉദ്യോഗസ്ഥർ എന്നിവർക്കായി വിവിധ മത്സരങ്ങൾ നടത്തിയിരുന്നു. ആ മത്സരങ്ങളുടെ ഫലങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| **I.** | **ഉപന്യാസ മത്സരം**<br>**വിഭാഗം 1 – ഹൈസ്കൂൾ/ഹയർ സെക്കൻഡറി വിദ്യാർത്ഥികൾ** | | |
| | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം | മൂന്നാം സ്ഥാനം |
| | ട്രീസാ മരിയ ജിയോ,<br>സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂൾ<br>കലയന്താനി, തൊടുപുഴ | ആഷിക് അമൻ ഇ.പി.<br>ബ്രൈറ്റ് ലൈൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ,<br>കാലടി | അനഘ് എൻ.<br>സെന്റ് സ്റ്റീഫൻസ് ഹൈസ്കൂൾ,<br>പത്തനാപുരം |
| | **വിഭാഗം 2 – പൊതുജനങ്ങൾ** | | |
| | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം | മൂന്നാം സ്ഥാനം |
| | ദീപ കെ.എൻ.<br>തൃക്കാക്കര, കൊച്ചി | എം.എ. ഗഫൂർ,<br>അരൂർ | 1. ജിഫു മേലാറ്റൂർ, മലപ്പുറം<br>2. ലതാ ബാലകൃഷ്ണൻ, കോട്ടയം |
| | **വിഭാഗം 3 – റബ്ബർബോർഡ് ഉദ്യോഗസ്ഥർ (വിരമിച്ചവർ ഉൾപ്പെടെ)** | | |
| | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം | മൂന്നാം സ്ഥാനം |
| | പി.ജി. സലിംകുമാർ<br>ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ (റിട്ട.) | ഏബ്രഹാം ജോൺ<br>ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ (റിട്ട.) | ഷാജി പി.പി.<br>ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ (റിട്ട.) |
| **II.** | **ഫോട്ടോഗ്രഫി മത്സരം** | | |
| | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം | മൂന്നാം സ്ഥാനം |
| | രാഹുൽ രാജു,<br>കോട്ടയം | ഗോപാൽ മസന്ത<br>ഫീൽഡ് ഓഫീസർ<br>റബ്ബർബോർഡ്<br>നാഗോൺ | നിമിൽ എസ്.<br>സീനിയർ റബ്ബർ ടാപ്പിങ് ഡെമോൺസ്ട്രേറ്റർ,<br>റബ്ബർബോർഡ് |
| **III.** | **കാർട്ടൂൺ രചനമത്സരം (മലയാളം)** | | |
| | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം | മൂന്നാം സ്ഥാനം |
| | ഷാജി പി. ഏബ്രഹാം<br>പത്തനംതിട്ട | നവാസ് കോണോംപാറ<br>മലപ്പുറം | ഡോ. വിൻസെന്റ് കെ.എ.<br>ഡെവലപ്മെന്റ് ഓഫീസർ,<br>റബ്ബർബോർഡ് |
| **IV.** | **ലോഗോ രൂപകൽപന**<br>ബിപ്ലബ് റോയ്<br>ഫീൽഡ് ഓഫീസർ, റബ്ബർബോർഡ്, ദിമാപൂർ | | |

മത്സരവിജയികൾക്കുള്ള സമ്മാനം പിന്നീട് റബ്ബർബോർഡ് സംഘടിപ്പിക്കുന്ന ഒരു ചടങ്ങിൽവെച്ച് നൽകുന്നതായിരിക്കും. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ സമ്മാനാർഹരെ നേരിട്ട് അറിയിക്കുന്നതായിരിക്കും.




റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'റബ്ബറിന്റെ വളപ്രയോഗം' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ദിലീപ് സി.എൽ., 'തേനീച്ചക്കോളനികളുടെ പരിപാലനം' എന്ന വിഷയത്തിൽ തേനീച്ചവളർത്തൽ വിദഗ്ധൻ ബിജു ജോസഫ് എന്നിവർ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

## റബ്ബറിന്റെ വളപ്രയോഗം

1. ***റബ്ബർതോട്ടങ്ങളിൽ വളപ്രയോഗം നടത്തേണ്ട രീതികളെക്കുറിച്ച് വിശദീകരിക്കാമോ?***

   റബ്ബർതോട്ടങ്ങളിൽ വർഷത്തിൽ രണ്ടു പ്രാവശ്യമാണ് വളപ്രയോഗം നടത്തേണ്ടത് - ഏപ്രിൽ/മെയ് മാസത്തിലും സെപ്റ്റംബർ/ഒക്ടോബർ മാസത്തിലും. നാല് വർഷം വരെ പ്രായമായ മരങ്ങൾക്ക് ചുറ്റും വൃത്താകൃതിയിൽ വളമിട്ടുകൊടുക്കാം. എന്നാൽ, അഞ്ചാം വർഷം മുതൽ റബ്ബർനിരകൾക്കിടയിൽ വളം വിതറിക്കൊടുത്താൽ മതിയാകും. കുഴികളെടുത്തോ ആഴമുള്ള ചാലുകൾ കീറിയോ വളമിടരുത്. അതുപോലെ മരങ്ങളുടെ ചുവടിനോട് ചേർത്തും വളമിടരുത്.

2. ***വളമിശ്രിതം ഉപയോഗിക്കുന്നതാണോ നേർവളങ്ങൾ ഉപയോഗിക്കുന്നതാണോ കൂടുതൽ നല്ലത്?***

   വളപ്രയോഗത്തിന് വളമിശ്രിതങ്ങളും നേർവളങ്ങളും ഉപയോഗിക്കാം. തൈകൾക്കാവശ്യമായ മൂലകങ്ങൾ രണ്ടു രീതിയിൽ കൊടുക്കുന്നുവെന്ന് മാത്രമേ വ്യത്യാസമുള്ളൂ. വളമിശ്രിതങ്ങളാണ് ഉപയോഗിക്കാനെളുപ്പമെങ്കിലും നേർവളങ്ങൾ ഉപയോഗിച്ചാൽ ചെലവ് കുറയ്ക്കാൻ സാധിക്കും. നേർവളങ്ങൾ വാങ്ങി കൂട്ടിയോജിപ്പിച്ച് ഉപയോഗിച്ചാൽ മതി. വളങ്ങൾ കൂട്ടിയോജിപ്പിച്ചാൽ കഴിവതും അതത് ദിവസം തന്നെ ഉപയോഗിക്കണം.

3. ***റബ്ബർതോട്ടത്തിൽ സൂക്ഷ്മ മൂലകങ്ങൾ ചേർക്കേണ്ടതുണ്ടോ?***

   സൂക്ഷ്മമൂലകങ്ങൾ ചേർക്കുന്നതിന് മുൻപ് തീർച്ചയായും മണ്ണ് പരിശോധിക്കേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സിങ്ക്, ബോറോൺ വളങ്ങൾ ആവശ്യമുണ്ടെങ്കിൽ ശുപാർശ ചെയ്തിരിക്കുന്ന അളവിൽ മാത്രം ചേർക്കുക. ഇത് പ്രധാനവളങ്ങൾ ചേർത്ത് രണ്ടാഴ്ച്ചയ്ക്ക് ശേഷം നൽകാവുന്നതാണ്.

4. ***വളപ്രയോഗം നടത്തുന്നതിനുമുമ്പ് കളകൾ നീക്കം ചെയ്യേണ്ട ആവശ്യമുണ്ടോ?***

   തോട്ടത്തിൽ കളകൾ വളരെയധികം ഉണ്ടെങ്കിൽ അവയൊന്ന് വെട്ടിയൊതുക്കിയശേഷം വളമിടാവുന്നതാണ്. കളകൾ മുഴുവനായും പറിച്ചുനീക്കേണ്ട ആവശ്യമില്ല.

5. ***ടാപ്പുചെയ്യുന്ന മരങ്ങൾക്ക് മഗ്നീഷ്യം ചേർക്കേണ്ടതുണ്ടോ?***

   അഞ്ചാം വർഷം മുതൽ റബ്ബർമരങ്ങൾക്ക് മഗ്നീഷ്യം ആവശ്യമില്ല. മഗ്നീഷ്യത്തിന്റെ ഉപയോഗം റബ്ബർ




*ദിലീപ് സി.എൽ. ചോദ്യങ്ങൾക്ക് മറുപടി പറയുന്നു*

പാലിന്റെ ഗുണമേന്മയെ ബാധിക്കുമെന്നതിനാൽ അഞ്ചാം വർഷം മുതൽ മഗ്നീഷ്യം ചേർക്കരുത്.

6. ***റബ്ബർതോട്ടങ്ങളിൽ ജൈവവളപ്രയോഗം നടത്തേണ്ട തുണ്ടോ?***

   റബ്ബർതോട്ടങ്ങളിൽ ജൈവവളങ്ങൾ/ചാണകപ്പൊടി ചേർക്കുന്നത് മണ്ണിന്റെ ഘടന മെച്ചപ്പെടുന്നതിന് നല്ലതാണ്. എന്നാൽ, രാസവളങ്ങളിലേതിന് തുല്യ മായ അളവിൽ മൂലകങ്ങൾ ലഭ്യമാകണമെങ്കിൽ വളരെ കൂടുതൽ അളവിൽ ജൈവവളങ്ങൾ ചേർക്കേണ്ടി വരും. ഇത് കൃഷിച്ചെലവ് കൂടുന്നതിന് ഇടയാക്കും.

7. ***റബ്ബർതോട്ടങ്ങളിൽ കുമ്മായം ചേർക്കേണ്ട ആവശ്യ മുണ്ടോ?***

   എല്ലാ തോട്ടങ്ങളിലും കുമ്മായം ചേർക്കേണ്ട ആവശ്യ മില്ല. മണ്ണുപരിശോധനയിൽ മണ്ണിന്റെ പിഎച്ച് മൂല്യം അഞ്ചിൽ താഴെയും മണ്ണിലെ കാൽസ്യത്തിന്റെ അളവ് 100 മി.ഗ്രാം/കിലോഗ്രാമിൽ താഴെയും ആണെങ്കിൽ മാത്രം കുമ്മായം ചേർത്താൽ മതി. കുമ്മായം അഥവാ പൊടിച്ച നീറ്റുകക്ക 250 ഗ്രാം അല്ലെങ്കിൽ ഡോളോ മൈറ്റ് 500 ഗ്രാം തൈ നടുന്നതിനുള്ള കുഴിയിൽ തൈ നടുന്നതിന് രണ്ടുമൂന്ന് ആഴ്ചമുമ്പ് ഇട്ടുകൊടുത്ത് മണ്ണുമായി നന്നായി കൂട്ടിക്കലർത്തണം. തുടർന്ന് ഒന്നുരണ്ട് മഴ ലഭിച്ചതിനുശേഷം മാത്രം തൈകൾ നടാവുന്നതാണ്. അഞ്ചാം വർഷം അല്ലെങ്കിൽ അതിൽ കൂടുതൽ പ്രായമുള്ള മരങ്ങൾക്ക് ആവശ്യ മെങ്കിൽ മൂന്നുവർഷത്തിലൊരിക്കൽ കുമ്മായം അഥവാ പൊടിച്ച നീറ്റുകക്ക മരം ഒന്നിന് ഒന്നു മുതൽ ഒന്നര വരെ കി.ഗ്രാം എന്ന തോതിൽ ചേർക്കാവുന്ന താണ്. ഇത് പ്രധാനവളങ്ങൾ (നൈട്രജൻ, ഫോസ് ഫറസ്, പൊട്ടാസ്യം എന്നിവയടങ്ങിയ വളങ്ങൾ) ഇടുന്നതിന് രണ്ടാഴ്ച മുൻപ് ചേർക്കണം. ഇതിനു ശേഷം മഴ ലഭിച്ചുകഴിഞ്ഞുമാത്രമേ പ്രധാനവളങ്ങൾ ഇട്ടുകൊടുക്കാവൂ.

## തേനീച്ചക്കോളനികളുടെ പരിപാലനം

1. ***തേനീച്ചക്കോളനിയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ ഏതെല്ലാമാണ് ?***

   വൻതേനീച്ചക്കോളനികളുടെ വളർച്ചയിൽ ക്ഷാമ കാലം, വളർച്ചാകാലം, തേനുൽപാദനകാലം എന്നീ മൂന്ന് കാലഘട്ടങ്ങൾ ഉണ്ട്. പൊതുവെ പറഞ്ഞാൽ ക്ഷാമകാലം മെയ് മാസത്തിൽ തുടങ്ങി ഓഗസ്റ്റ് മാസത്തിൽ അവസാനിക്കുന്നു. വളർച്ചാകാലം സെപ്റ്റംബറിൽ തുടങ്ങി ഡിസംബർ മാസം വരെയാണ്. ഡിസംബർ മുതൽ മെയ് മാസം വരെയാണ് തേനുത്പാദനകാലം.

2. ***തേനീച്ചക്ക് എത്ര ദിവസം ആയുസ്സുണ്ട് ?***

   ഒരു തേനീച്ചക്ക് 45 മുതൽ 90 വരെ ദിവസം മാത്രമേ ആയുസ്സ് ഉണ്ടാകുകയുള്ളൂ.

3. ***ക്ഷാമകാലം എന്നാൽ എന്താണ്?***

   തേനീച്ചക്കോളനിയിൽ പൂമ്പൊടിയോ തേനുത്പാ ദനമോ ഇല്ലാത്ത കാലമാണ് ക്ഷാമകാലം. അതിനാൽ തന്നെ ഈസമയത്ത് കോളനിക്ക് വളർച്ചയില്ല. തേനീച്ചക്കോളനി നിലനിർത്തി കൊണ്ടുപോകുക മാത്രമാണ് ക്ഷാമകാലത്ത് ചെയ്യുന്നത്.

4. ***വളർച്ചാകാലത്ത് ചെയ്യേണ്ട ജോലികൾ എന്തൊക്കെയാണ്?***

   തേനീച്ചക്കോളനിയുടെ വളർച്ചാകാലത്തിലാണ് കോളനികൾ വിഭജിക്കുന്നത്. ഓരോ പ്രാവശ്യം കോളനി വിഭജിക്കുമ്പോഴും കറുത്ത, മോശമായ പഴയ തേനടകൾ നീക്കം ചെയ്യുകയും പകരം പുതിയ ഫ്രെയിമുകൾ വെച്ചു കൊടുക്കുകയും വേണം. ക്ഷാമകാലത്ത് സമയബന്ധിതമായി റാണിയെ പുതുക്കുകയും തേനീച്ചകൾക്ക് പഞ്ചസാരലായനി നൽകുകയും ചെയ്യണം.

5. ***ഒരു തേനട എത്രനാൾ തേനീച്ചക്കൂട്ടിൽ നിലനിർത്താൻ സാധിക്കും?***

   ഒരു തേനട തേനീച്ചക്കൂട്ടിൽ ഒന്നര മുതൽ രണ്ടു വരെ വർഷം നിലനിർത്താൻ സാധിക്കും. എന്നാൽ തേനീച്ചവളർത്തലിൽ ഒരു തേനട ആറ് മുതൽ എട്ടു വരെ മാസം മാത്രമേ നിലനിർത്താറുള്ളൂ. കോളനി വളർച്ചയ്ക്കും പരമാവധി തേനുത്പാദനത്തിനും ഇതാണ് നല്ലത്. തേനീച്ചക്കൂടിന്റെ ഇരുവശങ്ങളിലു മുള്ള അറകൾ കാലപ്പഴക്കം കൊണ്ട് തേനീച്ചകൾ ഉപേക്ഷിക്കും. വിഭജനസമയത്ത് അവ നീക്കം ചെയ്യണം.

6. ***പുതുതായി വെച്ച ഒരു തേനീച്ചക്കോളനി വീണ്ടും എത്ര ദിവസം കഴിഞ്ഞാണ് വിഭജിക്കാൻ കഴിയുന്നത്?***

   യോജിച്ച കാലാവസ്ഥയിൽ പൂമ്പൊടിയുടെയും നെകൂറിന്റെയും ലഭ്യതയ്ക്കനുസരിച്ച് നല്ല വളർച്ച യുള്ള ഒരു തേനീച്ചക്കോളനി രണ്ട് മുതൽ രണ്ടര വരെ മാസം കൊണ്ട് വിഭജിക്കാൻ കഴിയും.

7. ***മഴക്കാലത്ത് തേനീച്ചക്കൂടുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?***

   മഴക്കാലത്ത് തേനീച്ചക്കൂടുകൾ നനയാതെ സൂക്ഷി ക്കണം. ഈർപമുള്ള കൂടുകളിൽനിന്ന് ഈച്ചകൾ ഒഴിഞ്ഞുപോകാൻ സാധ്യതയുണ്ട്. അതുപോലെ ഉറുമ്പുകളിൽ നിന്ന് സംരക്ഷണം നൽകണം.

നാഗോൺ

GOLDEN TOUCH®

FORMIC ACID

GOLDEN TOUCH®

RUBBER SHEET FUNGICIDE (PNP)

GOLDEN TOUCH®

FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

GOLDEN TOUCH® - ALUMINIUM DISH

GOLDEN TOUCH® - FORMIC ACID 85%

Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Manufactured & Marketed by*

Since 1991

Geo Thomas & Co.

II[nd] Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com




*ബിജു ജോസഫ് ചോദ്യങ്ങൾക്ക് മറുപടി പറയുന്നു*

കൂടാതെ പൂമ്പൊടി, നെക്ടർ എന്നിവയുടെ ലഭ്യതയുള്ള സ്ഥലങ്ങളിലേക്ക് കോളനി മാറ്റി സ്ഥാപിക്കുകയും ചെയ്യണം.

**8. *തേനീച്ചകൾക്കുള്ള മറ്റു പ്രധാന മഴക്കാലപരിചരണങ്ങൾ എന്തെല്ലാമാണ്?***

മഴക്കാലത്ത് തേനീച്ചകൾ കൂടിന്റെ അടിത്തട്ടിൽ മാത്രമായി ഒതുങ്ങിക്കൂടും. ഈ കാലയളവിൽ തേനീച്ചകളുടെ സ്ഥിതിയെന്താണെന്നറിയുന്നതിന് ആഴ്ചയിലൊരിക്കൽ കൂടുകൾ തുറന്ന് പരിശോധിക്കണം. തേനുത്പാദനകാലം കഴിയുമ്പോൾ തന്നെ കോളനിയുടെ അംഗബലം കുറയാൻ അനുവദിക്കാതെ ഉടനെ പഞ്ചസാരലായനി നൽകാൻ തുടങ്ങണം. മെഴുകുപുഴുവിനെ നിയന്ത്രിക്കുകയും ചെയ്യണം.

**9. *തേനീച്ചകൾക്ക് നൽകാനുള്ള പഞ്ചസാരലായനി എങ്ങനെ തയ്യാറാക്കാം?***

മഴക്കാലത്ത് കോളനിയുടെ അംഗബലം അനുസരിച്ച് 250 മുതൽ 300 വരെ ഗ്രാം പഞ്ചസാര 150 മുതൽ 180 വരെ മില്ലി ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് കട്ടിയായിതന്നെ നൽകേണ്ടതാണ്. മഴക്കാലം മാറുന്നതോടുകൂടി 250 ഗ്രാം പഞ്ചസാരയ്ക്ക് 250 മില്ലി ലിറ്റർ വെള്ളം എന്ന അനുപാതത്തിലേക്ക് മാറ്റാം.

**10. *തേനീച്ചകൾക്ക് പഞ്ചസാരലായനി നൽകാൻ യോജിച്ച സമയം ഏതാണ്?***

നല്ല തെളിഞ്ഞ അന്തരീക്ഷമുള്ളപ്പോഴാണ് തേനീച്ചകൾക്ക് പഞ്ചസാരലായനി കൊടുക്കേണ്ടത്. ഒരേ സ്ഥലത്തുള്ള എല്ലാ കോളനികൾക്കും ഒരേസമയം ആഹാരം നൽകാൻ ശ്രദ്ധിക്കണം. ആഴ്ചയിൽ ഒരുതവണ ആഹാരം കൊടുത്താൽ മതിയാകും. കൂടുതൽ പെട്ടികളുള്ളവർക്ക് രാവിലെ മുതൽ പഞ്ചസാരലായനി നൽകാൻ തുടങ്ങാവുന്നതാണ്.

തയ്യാറാക്കിയത്:
**സ്ലീബ വി. പോൾ**
ഫാം ഓഫീസർ

## റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി



**റബ്ബർബോർഡിന്റെ കേന്ദ്ര പരിശോധനാശാല നൽകുന്ന സേവനങ്ങൾ**

റബ്ബർപാലിലെ റബ്ബറിന്റെ ഉണക്കത്തൂക്കനിർണയം, കുടിവെള്ളത്തിന്റെ ഗുണമേന്മാപരിശോധന, ഫാക്ടറികളിൽ നിന്ന് പുറന്തള്ളുന്ന വെള്ളത്തിന്റെ പരിശോധന, റബ്ബർകൃഷിക്ക് ഉപയോഗിക്കുന്ന വിവിധ രാസവസ്തുക്കളുടെ ഗുണമേന്മാനിർണയം തുടങ്ങി റബ്ബർബോർഡിന്റെ കേന്ദ്ര പരിശോധനാശാല നൽകുന്ന സേവനങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് 2025 നവംബർ 26 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ കേന്ദ്ര പരിശോധനാശാലയിലെ ജൂനിയർ സയന്റിഫിക് ഓഫീസർ മിനി എം. മറുപടി പറയും.

**വേനൽകാലസംരക്ഷണം**

റബ്ബർതൈകൾക്ക് വേനൽകാലത്ത് സംരക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് 2025 ഡിസംബർ 05 വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഫേബ ജോസഫ് മറുപടി പറയും.

***കോൾസെന്റർ ഫോൺ നമ്പർ 0481 2576622***

## വേമ്പനാട് റബ്ബേഴ്സിന് പുതിയ മേൽവിലാസം

റബ്ബർബോർഡിന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്തസംരംഭമായ വേമ്പനാട് റബ്ബേഴ്സ്, കമ്പനി സ്വന്തമായി പണിതീർത്ത കെട്ടിടത്തിലേക്ക് മാറി പ്രവർത്തനമാരംഭിച്ചു. കമ്പനിയുടെ പുതിയ മേൽവിലാസം ചുവടെ ചേർക്കുന്നു.

വേമ്പനാട് റബ്ബേഴ്സ് പ്രവറ്റ് ലിമിറ്റഡ്
ചോയിക്കരമുകൾ - ആശ്രമം റോഡ്,
മുക്കോട് കുരിശ് കവല, വടവുകോട് പി.ഒ.
പുത്തൻകുരിശ്, എറണാകുളം, പിൻ - 682 310
ഫോൺ -9567867880, 9567867882
e-mail - vembanadurubbers@gmail.com

# Guard Against the Monsoon! Secure Your Latex Tapping Channels with

# ANNA RAINPROOF

(Rain Guarding Compound)



**WITH 23 YEARS OF EXPERTISE, OUR EASY-TO-APPLY PASTE REQUIRES NO HEATING AND EFFECTIVELY KEEPS RAINWATER OUT THIS SEASON**



## OUR PRODUCT RANGE

- Rain Guarding Compound
- Rain Guarding Plastic / Ribbon
- Rain Guard Tapping Shade
- Kissan Guard Shade
- Stapler Machine / Pin
- Suthali
- Scrapper
- Cup Hanger
- Spout (Chill)
- Latex Collection Cup
- Tapping Knife - Ordinary
- Nadan Tapping Knife
- Jabong Knife
- Gouge Knife
- Sharpening Stone
- Template & Marker
- Rubber Coat - Black
- Rubber Coat - White
- Aluminium Dish
- Aluminium Mug
- Aluminium Bucket
- Tapping Light
- Pathavetty
- Ounce Glass
- Arival
- Pine Apple Knife
- Arippa
- Ammonia
- Lauric Acid
- Copper Oxy Chloride
- COC Fytran
- Motex
- Formic Acid - White
- Formic Acid with PNP
- PNP Powder
- Agrowin Gel
- Ethipone
- Copper Sulphate
- China Clay
- Dolomite
- Chalk Powder
- Lime Shell Powder
- Sodium Sulphate
- Sodium Bi Sulfite
- Sulphur - Dusting / Smoking
- TMTD
- DAHP
- Wetex

IAF — Member of Multilateral Recognition Arrangement

ISO 9001:2015 VEXIL BPS MS Q9133755

NABCB QM022

Rubber Board Approved

**Best & Highest Quality Rubber Tapping Equipments & Materials**

ANNA INDUSTRIES™ SINCE 1991

**Anna Industries**

**(An ISO 9001:2015 Certified Company)**

Kolenchery, Cochin, Kerala, Pin: 682 311

**Phone:**
**93 88 60 1632**
**94 95 00 3366**
**0484 2764590**
**0484 2760216**

E-mail: sales@annabusiness.com
annaindustries@ymail.com
annatradersklcy@gmail.com
**www.annabusiness.com**
**Toll Free : 1800 1230 366**

# ഡിസംബർ മാസത്തെ
# കൃഷിപ്പണികൾ

### ശാഖകൾ മുറിക്കൽ

ബഡ്ഡുമരങ്ങളിൽ ടാപ്പിങ് ആരംഭിക്കുന്നത് 125 സെ.മീ. ഉയരത്തിൽ ആയതിനായിൽ അത്രയും ഉയരം വരെ ശിഖരങ്ങൾ നിലനിർത്തുന്നത് ടാപ്പിങിന് ബുദ്ധിമുട്ടുണ്ടാക്കും. അതിനാൽ ബഡ്ഡുതൈകളിൽ നിലനിരപ്പിൽ നിന്ന് 2.4 മീറ്ററിനു താഴെ വളരുന്ന എല്ലാ ശിഖരങ്ങളും മുറിച്ചുകളയണം. എന്നാൽ ആവശ്യമായ ഇലച്ചിൽ ഇല്ലാതാകരുത്. നല്ല മൂർച്ചയുള്ള കത്തിയുപയോഗിച്ച് തായ്ത്തണ്ടിനോടു ചേർത്തുവേണം ശാഖകൾ മുറിക്കാൻ. സാധാരണഗതിയിൽ ആദ്യഘട്ടത്തിൽ ശാഖകൾ മുറിച്ചുകളയുമ്പോൾ മുറിവുണങ്ങാൻ മരുന്നു പുരട്ടേണ്ടതില്ല.

**കൃഷിയിടത്തിൽ നട്ടിരിക്കുന്ന റബ്ബർതൈകൾക്ക് വേനൽകാലസംരക്ഷണം നൽകണം. കൂടത്തൈകളും കപ്പുതൈകളും നട്ടിരിക്കുന്ന തോട്ടങ്ങളിലെ തൈകളെ വേനലിൽനിന്ന് രക്ഷിക്കുന്നതിന് മെടഞ്ഞ തെങ്ങോലകളോ ഈന്തിന്റെ ഇലകളോ ചാക്കുകളോ ഉപയോഗിച്ച് മറ നൽകാവുന്നതാണ്.**



### നഴ്സറി

നഴ്സറിത്തടത്തിലെ കളകൾ നീക്കി വൃത്തിയാക്കണം. നഴ്സറിത്തടങ്ങളിൽ പുതയിട്ടു സംരക്ഷിക്കുന്നത് വേനൽ തുടങ്ങുന്നതിനുമുമ്പായി ചെയ്യേണ്ട പ്രധാന കൃഷിപ്പണികളിലൊന്നാണ്. മരച്ചില്ലകൾ, കരിയില, അടിക്കാടുവെട്ടിയ ചവർ, പുല്ല്, മുറിച്ചെടുത്ത ആവരണവിളകൾ ഉണക്കിയത് എന്നിവയാണ് പുതയിടാനായി സാധാരണമായി ഉപയോഗിക്കുന്നത്. മണ്ണിലെ ഈർപം നിലനിർത്തുന്നതിന് പുതയിടൽ സഹായിക്കുന്നു. രണ്ടുമൂന്നു ദിവസത്തിലൊന്ന് എന്ന തോതിൽ നഴ്സറികൾ നനയ്ക്കണം. വിസ്തൃതമായ നഴ്സറികളിൽ സ്പ്രിങ്ളർ ഉപയോഗിച്ചുള്ള തുള്ളിനനയാണ് നല്ലത്. കാലാവസ്ഥ, ചെടികളുടെ പ്രായം എന്നിവയ്ക്കനുസരിച്ച് നനയ്ക്കാൻ ആവശ്യമായ വെള്ളത്തിന്റെ അളവ് വ്യത്യാസപ്പെട്ടിരിക്കുന്നു.

### കൂടത്തൈനഴ്സറി

റബ്ബർത്തൈകൾ കൂടകളിൽ വളർത്തിയെടുക്കുന്നതിന് യോജിച്ച സമയം ഇതാണ്. ആറു മുതൽ ഏഴു വരെ മാസം കൂടകളിൽ വളർത്തിയ റബ്ബർതൈകൾ തോട്ടത്തിലേക്ക് മാറ്റിനട്ടാൽ മറ്റുതൈകളേക്കാൾ ഒരു വർഷം മുമ്പ് ടാപ്പുചെയ്യുന്നതിനുള്ള വണ്ണമെത്തും. ഒരേ വളർച്ചയെത്തിയ തൈകൾ മാത്രം തോട്ടത്തിലേക്ക് നടാനായി തിരഞ്ഞെടുക്കാനും കുഴിക്കേട് പരമാവധി ഒഴിവാക്കാനും ഈ രീതി ഉത്തമമാണ്. റബ്ബറിന്റെ അപക്വകാലം കുറച്ചുകൊണ്ടുവരുന്നത് ഈ സമയത്തെ കൃഷിച്ചെലവ് ആനുപാതികമായി കുറയ്ക്കാൻ സഹായിക്കും. തൈകളുടെ മികച്ച വളർച്ചയും വേരുകളുടെ വികാസവും ഉറപ്പുവരുത്താൻ സാധിക്കുന്നത് കറുത്ത നിറമുള്ള കൂടകൾ ഉപയോഗിക്കുമ്പോഴാണ്. നനയ്ക്കുമ്പോൾ അധികജലം ഒഴുകിപ്പോകുന്നതിനായി കൂടകളുടെ പകുതിക്കുതാഴെയായി ഏതാനും ദ്വാരങ്ങളിടണം. കൂടകളിൽ ഒട്ടുതൈക്കുറ്റികൾ നടുന്നതിനുമുമ്പായി മുകൾഭാഗത്തെ 20 സെന്റിമീറ്റർ മണ്ണിൽ അമ്പത് ഗ്രാം റോക്ക് ഫോസ്ഫേറ്റ് കൂടി ചേർത്തിളക്കിക്കൊടുക്കണം. തുറന്ന സ്ഥലത്താണ് കൂടകൾ വെച്ചിരിക്കുന്നതെങ്കിൽ കിളിർത്തുവരുന്ന നാമ്പുകൾക്ക് സൂര്യപ്രകാശത്തിൽ നിന്ന്

# റബ്ബർബോർഡ്
(കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം)

## വിവിധ പദ്ധതികൾക്കായി അപേക്ഷകൾ ക്ഷണിക്കുന്നു

- റബ്ബർകൃഷി വ്യാപനത്തിന്
- തൊഴിലാളിക്ഷേമപദ്ധതികൾക്ക്
- സമൂഹ റബ്ബർപാൽ സംസ്കരണ ശാലകളുടെ നിർമാണത്തിനും നവീകരണത്തിനും

## റബ്ബർഗവേഷണത്തിനും മാനവ വിഭവശേഷി വികസനത്തിനും വിവിധ പദ്ധതികൾ

https://rubberboard.gov.in

റബ്ബർ കയറ്റുമതിക്കായി യൂറോപ്യൻ യൂണിയൻ വനനാശന നിയന്ത്രണ ചട്ടങ്ങൾ പാലിക്കുന്നതിന് വേണ്ട നടപടികൾ റബ്ബർബോർഡിന്റെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു.

https://isnr.rubberboard.org.in

## കേര പദ്ധതി

കേരള സർക്കാരുമായി സഹകരിച്ച് തെരഞ്ഞെടുത്ത മേഖലകളിൽ ലോകബാങ്കിന്റെ ധനസഹായത്തോടെ റബ്ബർകൃഷി വികസനപദ്ധതികൾ നടപ്പാക്കുന്നു.




### DRONE SPRAYING

Advanced stage of research to replace conventional spraying



### CROWN BUDDING

To prevent leaf diseases of rubber. SOP for crown budded root trainer plants is in the final stage




### NIRT

Visit NIRT for various training programmes in rubber
**https://training.rubberboard.org.in**





സംരക്ഷണം കിട്ടുന്നതിന് ആവശ്യമായ ഉയരത്തിൽ പന്തൽ നിർമിക്കണം. തൈകൾ ഇടയ്ക്കിടെ നനച്ചു കൊടുക്കണം. വൈകുന്നേരമാണ് അതിനു പറ്റിയ സമയം. തൈകൾക്ക് *കൊറിനിസ്പോറ,* പൊടിക്കുമിൾ തുടങ്ങിയ രോഗങ്ങൾ കണ്ടുവരാറുണ്ട്. ബോർഡോമിശ്രം (ഒരു ശതമാനം), മാങ്കോസെബ് (0.2 ശതമാനം), കാർബെൻഡാസിം (0.05 ശതമാനം) എന്നിവയിൽ ഏതെങ്കിലുമൊന്ന് ആവർത്തിച്ച് തളിച്ച് *കൊറിനിസ്പോറ* രോഗത്തെ നിയന്ത്രിക്കാം.

ഇലകൾ കൊഴിഞ്ഞശേഷം തളിർത്തുവരുന്ന കൂമ്പിലകളുടെയും പൂങ്കുലകളുടെയും സ്വാഭാവിക വളർച്ചയ്ക്കും മിക്കപ്പോഴും നാശത്തിനുതന്നെയും കാരണമാകുന്ന ഒരു കുമിൾരോഗമാണ് പൊടിക്കുമിൾ. ഈ രോഗംമൂലം പല ഇനങ്ങളുടെയും ടാപ്പുചെയ്യുന്ന മരങ്ങളിൽ ഏകദേശം 14 മുതൽ 32 വരെ ശതമാനം വിളവ് കുറയുന്നതായി കണ്ടിട്ടുണ്ട്. ഈ രോഗം ബാധിച്ച് ഇലകൾ കൊഴിയുന്നത് മരങ്ങളുടെ വളർച്ചയെയും റബ്ബറുത്പാദനത്തെയും ബാധിക്കുന്നതിനിടയാക്കും

അതുപോലെ റബ്ബറിന്റെ വിത്തുത്പാദനം, തേനുത്പാദനം എന്നിവയ്ക്കും ദോഷകരമാണ്. പൊടിക്കുമിൾ രോഗം ബാധിച്ച തൈകളുടെ ഇലകൾ സാവകാശം ഉണങ്ങി ചുരുളുകയും കൊഴിയുകയും ചെയ്യുന്നു. കുമിളിന്റെ രേണുക്കൾ ഇലപ്പരപ്പിൽ വെളുത്ത പൊടി പോലെ പാടുകളായി പറ്റിപ്പിടിച്ചിരിക്കുന്നതാണ് പ്രധാന രോഗലക്ഷണം. രോഗം ബാധിച്ച ഇലകൾ കരിഞ്ഞ് ചുരുളുകയും പിന്നീട് കൊഴിഞ്ഞുപോകുകയും ചെയ്യും. ഇലത്തണ്ടുകൾ മഞ്ഞനിറത്തോടെ കൊഴിയാതെ കുറ്റിച്ചൂലുപോലെ കുറെദിവസം മരങ്ങളിൽ നിൽക്കുന്നതായി കാണാം. മൂപ്പെത്തിയ ഇലകൾ കൊഴിയാറില്ല. എങ്കിലും, ഇലപ്പരപ്പിൽ പല ആകൃതിയിലും വലുപ്പത്തിലുമുള്ള വെളുത്ത പാടുകൾ ഉണ്ടാകുകയും പിന്നീട് ഈ പാടുകൾ തവിട്ടുനിറമാകുകയും ചെയ്യുന്നു. വെള്ളത്തിൽ കലർത്താവുന്ന ഗന്ധകപ്പൊടി രണ്ടര ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തിയത് ഏഴോ എട്ടോ ദിവസത്തിലൊരിക്കൽ തളിച്ച് ഈ രോഗത്തെ നിയന്ത്രിക്കാം. കാർബെൻഡാസിം (0.05 ശതമാനം) ഉപയോഗിച്ചും രോഗം നിയന്ത്രിക്കാം. ഗന്ധകപ്പൊടിയും കാർബെൻഡാസിമും മാറിമാറി പ്രയോഗിക്കുന്നതാണ് കൂടുതൽ ഫലപ്രദം. പൊടിക്കുമിൾ രോഗബാധയ്ക്ക് സാധ്യതയുള്ള സ്ഥലങ്ങളിൽ ശീതകാലം തുടങ്ങുന്നതിനു മുമ്പേതന്നെ സൾഫറും തൂളൽ ഉപകരണങ്ങളും ശേഖരിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

### വേനൽകാലസംരക്ഷണം

വേനൽചൂടിൽ റബ്ബർതൈകൾ ഉണങ്ങിപ്പോകാനുള്ള സാധ്യത കൂടുതലാണ്. നഴ്സറിയിലെ തൈകളെയും തോട്ടത്തിൽ നട്ടിരിക്കുന്ന ചെറുതൈകളെയും വളരെ



വേഗം ഉണക്ക് ബാധിക്കും. തൈകൾ വളർന്ന് ഇലപ്പടർപ്പുകൾ തമ്മിൽ കൂട്ടിമുട്ടി തോട്ടത്തിലാകെ തണൽ ലഭിച്ചു തുടങ്ങുന്നതുവരെയാണ് ഉണക്ക് കൂടുതലായി ബാധിക്കുന്നത്. ടാപ്പുചെയ്തുകൊണ്ടിരിക്കുന്ന മരങ്ങൾക്ക് വേനൽകാലത്ത് വിളവു കുറയും. കൃഷിയിടത്തിൽ നട്ടിരിക്കുന്ന റബ്ബർതൈകൾക്കും വേനൽകാലസംരക്ഷണം നൽകണം. ഈ വർഷം നട്ട തൈകൾ ഈറയോ മെടഞ്ഞ ഓലയോ കൊണ്ട് മറയ്ക്കാം. കൂടത്തൈകളും കപ്പുതൈകളും നട്ടിരിക്കുന്ന തോട്ടങ്ങളിലെ തൈകളെ വേനലിൽനിന്ന് രക്ഷിക്കുന്നതിന് മെടഞ്ഞ തെങ്ങോലകളോ ഈന്തിന്റെ ഇലകളോ ചാക്കുകളോ ഉപയോഗിച്ച് മറ നൽകാവുന്നതാണ്. ഒട്ടുതൈക്കുറ്റികളാണു നടുന്നതെങ്കിൽ അപ്പോൾ തന്നെ മുളയോ ഈറയോകൊണ്ടുള്ള കൂടകൾ ഉപയോഗിച്ച് തണൽ നൽകണം. ശക്തമായ വെയിൽ ഏൽക്കുന്ന സ്ഥലങ്ങളിൽ രണ്ടു മുതൽ നാലുവരെ വർഷം പ്രായമായ തൈകൾക്ക് ഒട്ടുബന്ധം മുതൽ കവരഭാഗം വരെ വെള്ള പൂശുന്നത് ഫലപ്രദമാണ്. ഇതിനുള്ള ചുണ്ണാമ്പുലായനിയിൽ തുരിശ് ചേർക്കേണ്ടതില്ല. തൈകളുടെ തവിട്ടു നിറമുള്ള കരിന്തൊലിക്കു പുറത്താണ് ചുണ്ണാമ്പ് പൂശേണ്ടത്.

തൈകളുടെ ചുവടുഭാഗത്ത് പുല്ലോ ചവറോ കരിയിലയോ ആവരണവിളയോ കൊണ്ട് പുതയിടുന്നതും നല്ലതാണ്. ചെടിയുടെ ചുവട്ടിൽ നിന്ന് കുറച്ച് അകലെ മാറ്റി വേണം പുതയിടാൻ. വേനലിലെ കടുത്ത ചൂടിൽ ചെടിയുടെ ചുവടുഭാഗം വീണ്ടുകീറുന്നതു തടയാൻ പുതയിടൽ സഹായിക്കും. പുതവെയ്ക്കുന്നത് ജൈവാംശം വർദ്ധിപ്പിക്കുകയും മണ്ണിന്റെ വളക്കൂറ് കൂട്ടുകയും ഘടന മെച്ചപ്പെടുത്തുകയും ചെയ്യും. കളകളുടെ വളർച്ച തടയാനും ഇതിലൂടെ കഴിയും. തോട്ടപ്പയർ നട്ടുവളർത്തിയും വേനലിനെ ചെറുക്കാം.

### ഫയർബെൽറ്റ്

വേനൽകാലത്ത് റബ്ബർതോട്ടങ്ങളിൽ തീ പടർന്നു പിടിക്കാതിരിക്കാൻ വേണ്ട മുൻകരുതലുകൾ സ്വീകരിക്കണം. തോട്ടത്തിനു ചുറ്റും വേണ്ട ഫയർബെൽറ്റ് നിർമിക്കുകയാണ് ഇതിനുള്ള വഴി. തോട്ടത്തിനു ചുറ്റിലും മൂന്നു മുതൽ അഞ്ച് വരെ മീറ്റർ വീതിയിൽ കുറ്റിച്ചെടികളും ചപ്പുചവറുകളും നീക്കി വൃത്തിയാക്കിയിടണം. •

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് പരിശീലനപരിപാടികൾ

## 2025 ഡിസംബർ മാസത്തെ പരിശീലനപരിപാടികൾ

**1. തേനീച്ചവളർത്തൽ**

റബ്ബർകൃഷിയോടൊപ്പം അനുബന്ധവരുമാനമാർഗമായി റബ്ബർതോട്ടങ്ങളിൽ തേനീച്ച വളർത്തുന്നതിൽ ഏകദിനപരിശീലനം (ഓൺലൈൻ) ഡിസംബർ 01-ന് നടക്കും. റബ്ബർകർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**2. ഷീറ്റുറബ്ബർ സംസ്കരണം, തരംതിരിക്കൽ**

ഷീറ്റുറബ്ബർ സംസ്കരണം, തരംതിരിക്കൽ എന്നിവയിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽ സംഭരണം, ഷീറ്റുറബ്ബർ നിർമാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച ഗ്രീൻബുക്ക് നിബന്ധനകൾ എന്നിവയുൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ഡിസംബർ 08, 09 തീയതികളിൽ നടക്കും. കർഷകർ, വ്യാപാരികൾ, റബ്ബർപാൽ സംസ്കരണത്തിലേർപ്പെട്ടിരിക്കുന്നവർ, ഷീറ്റുനിർമാ



താക്കൾ, ഉത്പന്നനിർമാതാക്കൾ തുടങ്ങിയവർക്ക് പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 1500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

3. **ഇടവിളക്കൃഷി**

റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്നതിൽ ഏകദിനപരിശീലനം (ഓൺലൈൻ) ഡിസംബർ 10-ന് നടക്കും. റബ്ബറിനോടൊപ്പം കൃഷിചെയ്യാവുന്ന ഇടവിളകൾ, അവയുടെ നടീൽരീതികൾ, പരിപാലനം എന്നിവ ഉൾപെടുത്തിക്കൊണ്ടുള്ളതാണ് പരിശീലനം. കർഷകർ, തോട്ടം മാനേജർമാർ, നഴ്സറിയുടമകൾ, തോട്ടംമേഖലയിൽ നിന്നുള്ളവർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

4. **ഉണക്കറബ്ബർ നിർണയം**

റബ്ബർപാലിലെ ഉണക്കറബ്ബർ തിട്ടപ്പെടുത്തുന്നത് സംബന്ധിച്ചുള്ള പരിശീലനം ഡിസംബർ 17 മുതൽ 19 വരെയുള്ള തീയതികളിൽ നടക്കും. പരിശീലന മാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 3500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 100 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ തെരഞ്ഞെടുക്കപ്പെട്ട പരിശീലനങ്ങൾക്ക് ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ (04812353201), 9497487209 (വ്യവസായം), 9495928077 (കൃഷി), 9495928077 (വിജ്ഞാനവ്യാപനം) ബന്ധപ്പെടുക.



172 മായുന്ന ഗ്രാമക്കാഴ്ചകൾ, മറയുന്ന ഗ്രാമനന്മകൾ



മുരളീധരൻ തഴക്കര

# 'വിദ്യപോലെ പ്രധാനമാണ് വൃത്തിയും'

ഇക്കുറി ഒക്ടോബർ രണ്ട് ഗാന്ധിജയന്തിയും വിദ്യാരംഭവും ഒരേ ദിവസമായിരുന്നു. യാദൃശ്ചികമെങ്കിലും ഇങ്ങനെയൊരു സമന്വയത്തിന് വർത്തമാനകാല പശ്ചാത്തലത്തിൽ അർത്ഥതലങ്ങളേറെയാണ്. അരിമണിയിൽ കുരുന്നുകൾ ആദ്യാക്ഷരം കുറിയ്ക്കുന്ന പവിത്രമായ ചടങ്ങാണ് വിദ്യാരംഭം. മാതാപിതാക്കളും ബന്ധുമിത്രാദികളും ചേർന്ന് പ്രാർത്ഥനാപൂർവ്വം ആചാരനിഷ്ഠയോടെ നടത്തുന്ന ഈ ചടങ്ങിനു പിന്നിൽ, തന്റെ കുഞ്ഞിന്റെ ശ്രേയസ്കരവും ഭാസുരവുമായ ഭാവിയെക്കുറിച്ചുള്ള വലിയ പ്രതീക്ഷയാണുള്ളത്. അരിമണിയിൽ ചൂണ്ടുവിരൽകൊണ്ട് കോറിയിടുന്ന ആദ്യാക്ഷരങ്ങൾ ജീവിതവിജയത്തിലേക്കുള്ള ചവിട്ടുപടിയാകണമേ എന്ന പ്രതീക്ഷാനിർഭരമായ പ്രാർത്ഥന!

അക്ഷരം അപൂർവ്വമായ വരമാണ്, അതിനു ക്ഷരമില്ല. അതായത് നാശമില്ല എന്ന് ഭാരതീയ പാരമ്പര്യം അടിവരയിട്ട് ഉദ്‌ഘോഷിക്കുന്നു. അക്ഷരം രൂപപ്പെട്ടത് ജീവിതത്തിൽ നിന്നാണ്. മനുഷ്യൻ മണ്ണിൽ രണ്ട് കാലിൽ നിവർന്ന് നിന്നതുമുതലാണ് സംസ്കാരത്തിന്റെ ഉദയം. വിത്ത് വീണ് കിളിർത്തത് താനെ എടുത്തും പിന്നെ വിത്തിട്ട് കിളിർപ്പിച്ചും മനുഷ്യനും സംസ്കാരവും വളർന്നു. ആ മണ്ണിൽ നിന്നുതന്നെയാണ് അക്ഷരത്തിന്റെയും പിറവി. അതിന്റെ വിശുദ്ധിയിലാണ് നമ്മൾ പിഞ്ചുവിരൽ കൊണ്ട് ആദ്യാക്ഷരം കുറിക്കുന്നത്.

എന്നാൽ നാം ചവിട്ടിനിൽക്കുന്ന മണ്ണിന്റെയും ഈ ഭൂമിയുടെയും മഹാപ്രകൃതിയുടെയും സുസ്ഥിര നന്മയ്ക്കായി കുരുന്നുമനസ്സുകളിൽ ആദ്യാക്ഷരങ്ങളോടൊപ്പം വൃത്തിബോധത്തിന്റെ പരമമായ പ്രാധാന്യം കൂടി കോറിയിടേണ്ടതുണ്ട്. അതായത് കുഞ്ഞു മനസ്സിൽ അക്ഷരത്തിന്റെ പ്രകാശം പതിയുന്നതോടൊപ്പം വൃത്തിബോധത്തിന്റെ പ്രാധാന്യവും മുദ്രണം ചെയ്യണം. മഹാത്മജി ശുചിത്വബോധത്തിന്റെ പ്രതീകവും സന്ദേശവാഹകനുമായിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ ജന്മദിനത്തോടനുബന്ധിച്ച് ഒക്ടോബർ രണ്ട് മുതൽ ഒരാഴ്ചക്കാലം കേന്ദ്ര-സംസ്ഥാന സർക്കാരുകളും പൊതുസമൂഹവും ശുചിത്വവാരാചരണമായി രാജ്യമാകെ ആചരിക്കുന്നത്. എന്നാൽ നമ്മുടെ കുഞ്ഞുങ്ങളിൽ ഹരിശ്രീയോടൊപ്പം പാഠം ഒന്ന് 'ശുചിത്വം' എന്ന ആത്മബോധം കൂടി പഠിപ്പിക്കയാണ് വേണ്ടതെന്നാണ് മഹാത്മജിയുടെ ദർശനം. അതുകൊണ്ടാണ് വിദ്യപോലെ പ്രധാനമാണ് വൃത്തിയും എന്ന ഉദ്ബോധനത്തെ നാം ജീവിതചര്യയായി പാലിക്കേണ്ടത്.

കേരളം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയെക്കുറിച്ച് നമുക്കോരോരുത്തർക്കും വ്യത്യസ്തമായ അഭിപ്രായമുണ്ടാകാം. പക്ഷേ, കാതലായ ആരോഗ്യപ്രശ്നങ്ങളടക്കം ഒട്ടുമിക്ക ദുരന്തപൂർണമായ പ്രശ്നങ്ങൾക്കും കാരണം മാലിന്യങ്ങളാലുണ്ടാകുന്ന മലീമസമായ അവസ്ഥാവിശേഷം തന്നെയാണ്. മണ്ണും ജലവും പ്രാണവായുവും മാലിന്യസമ്പൂർണമായാൽ നാടും വീടും സർവ്വോപരി നമ്മൾ മനുഷ്യരും രോഗാതുരമായ അവസ്ഥയിലാകും. അതിനാൽ വിദ്യപോലെ പ്രധാനമാണ് വൃത്തിയും എന്ന ചിന്ത ഇളം തലമുറയിലേക്ക് പകരേണ്ടതുണ്ട്. 'കതിരിൽ വളം വെച്ചിട്ട് കാര്യമില്ല', 'ചൊട്ടയിലെ ശീലം ചുടലവരെ' എന്നീ ചൊല്ലുകളാണ് ഇവിടെ കരണീയം. നമ്മൾ കാരണമുണ്ടാകുന്ന മാലിന്യം അതെന്തുതന്നെയായിരുന്നാലും അവ മണ്ണിനും പ്രകൃതിക്കും ഭാരമാകാതെ സംസ്കരിക്കേണ്ടത് നമ്മുടെ സ്വന്തം ഉത്തരവാദിത്തമാണെന്ന അവബോധം കുഞ്ഞുമനസ്സുകളിൽ രൂഢമൂലമാക്കുക എന്നത് ഒരു ദൗത്യമായി കേരളം ഏറ്റെടുക്കണം. അതിന് പ്രഥമവും പ്രധാനവുമായി വേണ്ടത് കാർഷിക സംസ്കാരവും ശുചിത്വപാഠങ്ങളും പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുകയാണ്. പുസ്തകത്തിൽ പഠിച്ചാൽ മാത്രം പോരാ, അതിന് പ്രയോഗപാഠങ്ങൾ കൂടിയുണ്ടാകണം. മുമ്പ് ഗാന്ധിജയന്തി ആഘോഷങ്ങളുടെ ഭാഗമായി നടന്നിരുന്ന സേവനവാരം പുനർജനിക്കണം. മാസത്തിൽ ഒരിക്കലെങ്കിലും പൊതുഇടങ്ങളും സ്കൂളടക്കം പൊതുസ്ഥാപനങ്ങളുടെ പരിസരങ്ങളും മറ്റും ശുചീകരിക്കുന്ന പ്രവൃത്തിയിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കണം.

മാലിന്യം വലിച്ചെറിഞ്ഞതിന് പിഴയായി കോടിക്കണക്കിന് രൂപയാണ് സംസ്ഥാനസർക്കാർ കുറ്റക്കാരിൽ നിന്നും വസൂലാക്കിയിരിക്കുന്നത്. എത്രകണ്ട് അലക്ഷ്യമായിട്ടാണ് മാലിന്യങ്ങൾ നാം വലിച്ചെറിയുന്നതെന്നതിന് ഇതിനേക്കാൾ വലിയൊരു സാക്ഷ്യം ആവശ്യമുണ്ടോ? മാത്രമല്ല, മാലിന്യങ്ങൾ പൊതു ഇടങ്ങളിൽ വലിച്ചെറിഞ്ഞാൽ കുറേക്കൂടി കർശനമായ ശിക്ഷയും പിഴയും ഏർപ്പെടുത്തേണ്ടിവരുമെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാരിന്റെ നിയമപരമായ നടപടികളെയോ പഴിയേയോ ഭയന്നല്ല മാലിന്യങ്ങൾ നാം ജലാശയങ്ങ

ളിലും പൊതുസ്ഥലങ്ങളിലും വലിച്ചെറിയാതിരിക്കേണ്ടത്, മറിച്ച് നമ്മുടെ അമ്മയായ ഭൂമിയേയും ജീവന്റെ ആധാരമായ ജലത്തേയും ഒരു കാരണവശാലും മലിനമാക്കില്ലയെന്ന മനസ്സിൽതൊട്ട വീണ്ടുവിചാരത്തോടെയും വിവേകചിന്തയോടെയുമാകണം. ഈ ശുചിത്വബോധമാണ് കുരുന്നുകളിലേക്ക് ആദ്യാക്ഷരങ്ങളോടൊപ്പം അതേ പവിത്രതയോടെ പകർന്നുനൽകേണ്ടത്.

ഇവിടെ മഹാത്മജിയാണ് നമുക്ക് നേരടയാളമായി മാറേണ്ടത്. കഴിയ്ക്കുന്ന പാത്രങ്ങൾ കുട്ടികൾ തന്നെ കഴുകി വൃത്തിയാക്കണം. ഒരു പ്രായമെത്തിയാൽ ധരിക്കുന്ന വസ്ത്രങ്ങൾ കുട്ടികൾ തന്നെ കഴുകി വെടിപ്പാക്കണം. കിടക്കുന്ന പായും തലയണയും പുതപ്പുമെല്ലാം കൃത്യമായി മടക്കിവെയ്ക്കാൻ കുട്ടികളെ പ്രേരിപ്പിക്കണം. ഒരു മിഠായി തിന്നാൽ അത് പൊതിഞ്ഞിരിക്കുന്ന കടലാസ്സ് തോന്നിയയിടത്ത് വലിച്ചെറിയാതെ മാലിന്യക്കൂടയിൽ തന്നെ ഇടാൻ ശീലിപ്പിക്കണം. ഭക്ഷണം കഴിക്കുമ്പോൾ തെല്ലും ഭക്ഷണം തീൻമേശയിൽ വീഴാതെയും തെല്ലും പാഴാക്കാതെയിരിക്കാനും പഠിപ്പിക്കണം. ഇത്തിരിനേരം നഗ്നപാദരായി കുഞ്ഞുങ്ങൾ മുറ്റത്തോ തറയിലോ നടക്കട്ടെ. മുറ്റത്തൊരു പുല്ല് വളർന്നു നിൽക്കുന്നത് കണ്ടാൽ അത് പറിച്ചെടുത്ത് തെങ്ങിൻ ചുവട്ടിലിടാനും മുറ്റത്ത് വീണുകിടക്കുന്ന കരിയില പെറുക്കിയെടുത്ത് ചെടിയുടെ ചുവട്ടിലിടാനും കുഞ്ഞുങ്ങളെ പ്രാപ്തരാക്കണം. രാവിലെയും വൈകുന്നേരവും കുളിച്ച് ദേഹശുദ്ധി വരുത്തുന്നതുപോലെ പ്രധാനമാണ് മുൻപറഞ്ഞ വൃത്തിബോധശീലങ്ങളെന്നത് കുട്ടികൾ സ്വായത്തമാക്കുകയും അത് മനസ്സിൽ മനഃപാഠമായി ജീവിതപാഠമായി പതിയുകയുംവേണം. അതുപോലെതന്നെ കൈകൾ സോപ്പുപയോഗിച്ച് വൃത്തിയായി കഴുകിയശേഷമേ ആഹാരം കഴിക്കാവൂ എന്ന ഉൾബോധവും കുഞ്ഞുന്നാളിലെ മനസ്സിലുറപ്പിക്കണം.

ഈ ശീലവൽക്കരണത്തോടെ, വിദ്യപോലെ പ്രധാനമാണ് വൃത്തിയും എന്ന തിരിച്ചറിവോടെ വളർന്നുവരുന്ന കുട്ടികൾ എത്ര പ്രായമെത്തിയാലും വീട്ടിലെ മാലിന്യങ്ങൾ പ്ലാസ്റ്റിക്ക് കവറിലാക്കി വഴിയോരങ്ങളിൽ വലിച്ചെറിയില്ല. 'ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷനുള്ളകാലം' എന്ന പഴമക്കാരുടെ ചൊല്ല് ഇവിടെ ജീവിതഗന്ധിയായ നന്മപാഠമായി മാറും.

'കൊടുക്കുന്തോറും ഏറിടും വിദ്യതന്നെ മഹാധനം' എന്നതാണ് സർവ്വധനപ്രധാനമായ വിദ്യയെങ്കിൽ, പിഞ്ചുമനസ്സിൽ പതിയുന്ന നല്ല ശീലങ്ങളിലൂടെ പ്രകൃതിക്ക് സുകൃതമേകുന്ന നന്മയായി ഭവിക്കും വൃത്തിബോധം! •

## കവണാർ ലാറ്റക്സ് കമ്പനിക്ക് മൂലമറ്റത്ത് സെയിൽസ് ഡിപ്പോ



റബ്ബർബോർഡു കമ്പനിയായ കവണാർ ലാറ്റക്സ് ലിമിറ്റഡിന്റെ ആറാമത് സെയിൽസ് ഡിപ്പോയുടെയും റബ്ബർഷീറ്റ്-ഒട്ടുപാൽ സംഭരണകേന്ദ്രത്തിന്റെയും ഉദ്ഘാടനം മൂലമറ്റത്ത് ഇടുക്കി ജില്ലാപ്പഞ്ചായത്ത് പ്രസിഡന്റ് രാരിച്ചൻ നീറനാക്കുന്നേൽ നിർവഹിച്ചു. അറക്കുളം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് കെ.എസ്. വിനോദ് ആദ്യ വിൽപനയും റബ്ബർബോർഡിന്റെ തൊടുപുഴ റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ മേരിക്കുട്ടി ബേബി ഡിസ്കൗണ്ട് കാർഡുകളുടെ വിതരണോദ്ഘാടനവും നിർവഹിച്ചു. ഗ്രാമപ്പഞ്ചായത്ത് അംഗം സിനി തോമസ്, മർച്ചന്റ്സ് അസ്സോസിയേഷൻ പ്രസിഡന്റ് അജി ഏബ്രഹാം കുന്നത്ത്, കവണാർ ലാറ്റക്സ് കമ്പനി മാനേജിങ് ഡയറക്ടർ ഡി. രഞ്ജിത്, ഡയറക്ടർമാർ ആയ ദേവസ്യ സെബാസ്റ്റ്യൻ, കെ.എസ് മാത്യു, ഫ്രാൻസിസ് ജേക്കബ്, മൂലമറ്റം ഈസ്റ്റ് റബറുത്പാദകസംഘം പ്രസിഡന്റ് വിക്ടർ തുടങ്ങിയവരും നിരവധി റബ്ബർകർഷകരും യോഗത്തിൽ സംബന്ധിച്ചു. രണ്ടായിരത്തിൽപരം കാർഷിക-ഗാർഹിക ഉത്പന്നങ്ങൾ മിതമായ നിരക്കിൽ ഈ വിപണനകേന്ദ്രത്തിൽ ലഭ്യമാണ്.

## കുറിയന്നൂർ റബ്ബറുത്പാദകസംഘത്തിൽ ഒട്ടുപാൽ സംഭരണം



റബ്ബർബോർഡ് ചങ്ങനാശ്ശേരി റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള കുറിയന്നൂർ റബ്ബറുത്പാദകസംഘം കവണാർ ലാറ്റക്സ് കമ്പനിയുമായി ചേർന്ന് നടത്തുന്ന ഒട്ടുപാൽ സംഭരണത്തിന്റെ ഉദ്ഘാടനം ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മിഷണർ സി.ആർ. ഓമന നിർവ്വഹിച്ചു. കുറിയന്നൂർ റബ്ബറുത്പാദകസംഘം പ്രസിഡന്റ് ബാബു കെ. ഏബ്രഹാമിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കവണാർ ലാറ്റക്സ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ഡി. രഞ്ജിത്, അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ റോസമ്മ ഏബ്രഹാം, ഫീൽഡ് ഓഫീസർ എം. മഞ്ജുനാഥ, കവണാർ ലാറ്റക്സ് മാർക്കറ്റിങ് അസിസ്റ്റന്റ് പി.റ്റി. സോജൻ, ഭരണസമിതി അംഗങ്ങൾ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

## റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2025 ഒക്ടോബർ 1 | അവധി | അവധി | അവധി | അവധി | അവധി | 18773 | 18691 |
| 2025 ഒക്ടോബർ 2 | അവധി | അവധി | അവധി | അവധി | അവധി | 18119 | 18037 |
| 2025 ഒക്ടോബർ 3 | 18700 | 18350 | 12575 | 18700 | 18350 | 18040 | 17958 |
| 2025 ഒക്ടോബർ 4 | 18600 | 18250 | അവധി | 18600 | 18250 | അവധി | അവധി |
| 2025 ഒക്ടോബർ 5 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ഒക്ടോബർ 6 | 18600 | 18250 | 12520 | 18600 | 18250 | 18031 | 17949 |
| 2025 ഒക്ടോബർ 7 | 18600 | 18250 | 12415 | 18600 | 18250 | 18104 | 18022 |
| 2025 ഒക്ടോബർ 8 | 18600 | 18300 | 12415 | 18600 | 18300 | 18050 | 17968 |
| 2025 ഒക്ടോബർ 9 | 18650 | 18350 | 12470 | 18650 | 18350 | 18199 | 18117 |
| 2025 ഒക്ടോബർ 10 | 18700 | 18400 | 12575 | 18700 | 18400 | 18279 | 18198 |
| 2025 ഒക്ടോബർ 11 | 18750 | 18400 | അവധി | 18750 | 18400 | അവധി | അവധി |
| 2025 ഒക്ടോബർ 12 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ഒക്ടോബർ 13 | 18700 | 18350 | 12680 | 18700 | 18350 | അവധി | അവധി |
| 2025 ഒക്ടോബർ 14 | 18650 | 18300 | 12680 | 18650 | 18300 | 17797 | 17716 |
| 2025 ഒക്ടോബർ 15 | 18600 | 18250 | 12680 | 18600 | 18250 | 17725 | 17643 |
| 2025 ഒക്ടോബർ 16 | 18650 | 18300 | 12680 | 18650 | 18300 | 17740 | 17659 |
| 2025 ഒക്ടോബർ 17 | 18650 | 18300 | 12630 | 18650 | 18300 | 17606 | 17525 |
| 2025 ഒക്ടോബർ 18 | 18650 | 18300 | അവധി | 18650 | 18300 | അവധി | അവധി |
| 2025 ഒക്ടോബർ 19 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ഒക്ടോബർ 20 | അവധി | അവധി | അവധി | അവധി | അവധി | 17633 | 17552 |
| 2025 ഒക്ടോബർ 21 | 18700 | 18300 | 12630 | 18700 | 18300 | 17685 | 17605 |
| 2025 ഒക്ടോബർ 22 | 18750 | 18350 | 12630 | 18750 | 18350 | 17762 | 17681 |
| 2025 ഒക്ടോബർ 23 | 18750 | 18350 | 12630 | 18750 | 18350 | അവധി | അവധി |
| 2025 ഒക്ടോബർ 24 | 18850 | 18450 | 12680 | 18850 | 18450 | 17955 | 17875 |
| 2025 ഒക്ടോബർ 25 | 18900 | 18500 | അവധി | 18900 | 18500 | അവധി | അവധി |
| 2025 ഒക്ടോബർ 26 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ഒക്ടോബർ 27 | 18900 | 18500 | 12785 | 18900 | 18500 | 18207 | 18127 |
| 2025 ഒക്ടോബർ 28 | 18950 | 18550 | 12785 | 18950 | 18550 | 18352 | 18271 |
| 2025 ഒക്ടോബർ 29 | 18950 | 18550 | 12785 | 18950 | 18550 | 18376 | 18294 |
| 2025 ഒക്ടോബർ 30 | 18850 | 18450 | 12680 | 18850 | 18450 | 18307 | 18225 |
| 2025 ഒക്ടോബർ 31 | 18700 | 18350 | 12575 | 18700 | 18350 | 18604 | 18523 |
| ശരാശരി | **18725** | **18363** | **12625** | **18725** | **18363** | **18064** | **17983** |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്*

# പ്രകൃതിദത്തറബ്ബർമേഖല – പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | ജൂലൈ 2025 | ജൂലൈ 2024 | ഏപ്രിൽ 2025 മുതൽ ജൂലൈ 2025 വരെ | ഏപ്രിൽ 2024 മുതൽ ജൂലൈ 2024 വരെ | ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം (+)/-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം** (ടൺ) | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 42800 | 41700 | 121550 | 115300 | 550875 | |
| ബ്ലോക്കുറബ്ബർ | 14000 | 13625 | 59650 | 54735 | 197500 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 7900 | 8050 | 29500 | 30750 | 107350 | |
| മറ്റുള്ളവ | 1300 | 1625 | 4300 | 5215 | 19275 | |
| **ആകെ** | **66000** | **65000** | **215000** | **206000** | **875000** | **4.4** |
| **ഉപഭോഗം*** (ടൺ) | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 49000 | 49250 | 207200 | 201700 | 584950 | |
| ബ്ലോക്കുറബ്ബർ | 60500 | 63000 | 224900 | 234350 | 680700 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 9400 | 8100 | 38400 | 32600 | 108700 | |
| മറ്റുള്ളവ | 4100 | 2650 | 15500 | 10350 | 35650 | |
| **ആകെ** | **123000** | **123000** | **486000** | **479000** | **1410000** | **1.5** |
| **ടയർനിർമ്മാണത്തിനുപയോഗിച്ചത്** | **76127** | **86928** | **303706** | **332769** | **946230** | **-8.7** |
| **ഇറക്കുമതി/കയറ്റുമതി** (ടൺ) | | | | | | |
| **ഇറക്കുമതി (p)** | 42482 | 52758 | 161079 | 173919 | 550918 | |
| **കയറ്റുമതി (p)** | 640 | 51 | 1242 | 1299 | 4839 | |

**2025 ജൂലൈ അവസാനത്തെ സ്റ്റോക്ക്** (ടൺ)

| | | | |
|---|---|---|---|
| കർഷകർ | 40000 | ഷീറ്റുറബ്ബർ | 170000 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | 86000 | ബ്ലോക്കുറബ്ബർ | 61000 |
| ടയർനിർമ്മാതാക്കൾ (C) | 99000 | റബ്ബർപാൽ (ഡി. ആർ. സി.) | 23000 |
| മറ്റു വ്യവസായികൾ | 46000 | മറ്റുള്ളവ | 17000 |
| **ആകെ** | **271000** | **ആകെ** | **271000** |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്
C- ട്രാൻസിറ്റ് ഉൾപ്പെടെ.
*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്*

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്





Alleppey Latex P Ltd
Maniyamkulam, Chennadu P.O, Kottayam- 686581
37 വർഷത്തെ സേവന പാരമ്പര്യം
കർഷകന് പരമാവധി വില
നൽകി റബ്ബർപാൽ സംഭരിക്കുന്നു.
Hazzle Free Transaction.
സുതാര്യമായ ബാങ്ക്
ഇടപാടുകൾ,
കൃത്യമായ അളവ്,
തൂക്കം DRC
Assured Market.
കേരളത്തിലെ
വിപണി വിലയ്ക്കു
വിൽക്കുവാൻ
കൃഷിക്കാർക്ക് എല്ലാ
ദിവസവും അവസരം.
94953 61444
89431 51444
GroRight Rubber
Nitte, Karkala Thaluk, Udupi dist, Karnataka, S-India-574 110.
+91 76249 70524, 94491 22424
grorightrubber@gmail.com

RUBBER MONTHLY (MALAYALAM)
Published on 11 November 2025
RNI. 7842

Registered KL / KTM / 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment


# റബ്ബർകർഷകർക്ക് ഒരു സമ്പൂർണ പ്രസിദ്ധീകരണം




റബ്ബർ മാസിക

റബ്ബർബോർഡ് പ്രസിദ്ധീകരണം

വാർഷിക വരിസംഖ്യ 100 രൂപ
10 വർഷത്തേക്ക് 750 രൂപ

കൂടുതൽ വിവരങ്ങൾക്ക്
റബ്ബർബോർഡ് കോൾസെന്റർ
ഫോൺ: 0481 2576622


Printed and Published by B. Sreekumar, Deputy Director (I/C), Publicity and Public Relations Division, Rubber Board, Kottayam-686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam-686 002. Editor: B. Sreekumar